# ഹരിതകേരളം മിഷൻ - ശുചിത്വ - മാലിന്യ സംസ്കരണ കാമ്പയിൻ - നിർവ്വഹണ മാർഗ നിർദ്ദേശങ്ങൾ

## 1. ആമുഖം

സംസ്ഥാനത്തിന്റെ സമഗ്രമായ വികസനം ലക്ഷ്യമിട്ടുകൊണ്ട് നാലു വികസന മിഷനുകൾ ഉൾപ്പെടുന്ന നവകേരള പദ്ധതിക്ക് തുടക്കമായി. ശുചിത്വ-മാലിന്യ സംസ്ക്കരണം, കൃഷി വികസനം, ജലവിഭവ സംരക്ഷണം, എന്നിവ ഉൾക്കൊള്ളുന്ന ''ഹരിത കേരളം'' മിഷൻ, പൊതു ആരോഗ്യ മേഖലയിൽ രോഗീ സൗഹൃദവും ഗുണമേന്മയുള്ളതുമായ ആരോഗ്യ സേവനങ്ങൾ ഉറപ്പാകുന്ന ''ആർദ്രം'' മിഷൻ, ഭൂരഹിതർക്കും, ഭവന രഹിതർക്കും സുരക്ഷിത പാർപ്പിടവും ജീവനോപാധിയും ഉറപ്പാക്കുന്ന ''ലൈഫ്'' മിഷൻ, പൊതു വിദ്യാഭ്യാസ മേഖലയെ ശാക്തീകരിക്കുന്നതിനുള്ള ''പൊതു വിദ്യാഭ്യാസ സംരക്ഷണ'' മിഷൻ എന്നിവയാണ് നവ കേരള പദ്ധതിയിൽ ഉൾപ്പെടുന്ന വികസന മിഷനുകൾ.

ശുചിത്വ - മാലിന്യ സംസ്ക്കരണം, ജല വിഭവ സംരക്ഷണം, കൃഷി വികസനം എന്നിവ ''ഹരിത കേരളം'' മിഷന്റെ മൂന്ന് ഉപ മിഷനുകളായിരിക്കും. ഈ ഉപ മിഷനുകളുടെ പ്രവർത്തനങ്ങളെ സംസ്ഥാന - ജില്ലാ തലങ്ങളിൽ ഏകോപിപ്പിക്കുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപന തല മിഷനിലൂടെ പ്രാവർത്തികമാക്കുകയെന്നതും ഹരിത കേരളം മിഷന്റെ ചുമതലയായിരിക്കും.

കേരള സംസ്ഥാനം പരിപൂർണ്ണമായും മാലിന്യ രഹിതമാക്കുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള പരിപാടികൾ ശുചിത്വ - മാലിന്യ സംസ്ക്കരണ യജ്ഞത്തിലൂടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുകയാണ് ശുചിത്വ മാലിന്യ സംസ്കരണ മിഷന്റെ ചുമതല. ലഭ്യമായ പഠനങ്ങളുടെയടിസ്ഥാനത്തിൽ, സംസ്ഥാനത്തെ 6 മുനിസിപ്പൽ കോർപ്പറേഷൻ (414 വാർഡുകൾ), 87 നഗരസഭകൾ ( 3122 വാർഡുകൾ) 941 ഗ്രാമ പഞ്ചായത്തുകൾ (15962 വാർഡുകൾ) എന്നീ പ്രദേശത്തു നിന്നും പ്രതിവർഷം 27 ലക്ഷം മെട്രിക് ടൺ മാലിന്യമാണ് ഉണ്ടാകുന്നത്. ഇതിന്റെ 70% ( 18.9 ലക്ഷം മെട്രിക്ടൺ) ജൈവ മാലിന്യവും ബാക്കി 30% (8.1 ലക്ഷം മെട്രിക് ടൺ) അജൈവ മാലിന്യവുമാണ്. അജൈവ മാലിന്യത്തിൽ 48600 മെട്രിക് ടൺ പ്ളാസ്റ്റിക്, 56700 മെട്രിക് ടൺ പേപ്പർ, 9720 മെട്രിക് ടൺ മെറ്റൽ, 12150 മെട്രിക് ടൺ ഗ്ളാസ്സ്, 115830 മെട്രിക് ടൺ കൺസ്ട്രക്ഷൻ & ഡിമോളിഷൻ മാലിന്യമടക്കമുള്ളവ വരും.

അതുപോലെ ദ്രവ മാലിന്യത്തിന്റെ കാര്യമെടുത്താൽ നഗര പ്രദേശങ്ങളിൽ മാത്രം പ്രതി വർഷം 931480 മില്യൻ ലിറ്റർ ദ്രവ മാലിന്യമാണ് ഉണ്ടാകുന്നത്. ഇത്തരം ഖരദ്രവ മാലിന്യം പ്രകൃതിയുടെ സന്തുലിതാവസ്ഥക്ക് കോട്ടമില്ലാതെയും മനുഷ്യന്റെ ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്ന തരത്തിലും ശാസ്ത്രീയമായി സംസ്കരിക്കുകയെന്നതാണ് നമ്മുടെ മുന്നിലുള്ള വെല്ലുവിളി. സംസ്ഥാനത്തുണ്ടാകുന്ന ജൈവ മാലിന്യത്തിന്റെ 75% ഫലപ്രദമായി സംസ്കരിച്ചാൽ പ്രതിവർഷം ഏകദേശം 2.15 ലക്ഷം മെട്രിക് ടൺ

കമ്പോസ്റ്റ് ലഭ്യമാക്കാം. ഇത് ഹരിതകേരളം മിഷന്റെ ഭാഗമായ ജൈവ പച്ചക്കറി കൃഷിക്ക് പ്രയോജനപ്പെടുത്തുവാൻ കഴിയും.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഇതിനാവശ്യമായ സാങ്കേതിക ജ്ഞാനം ലഭ്യമാക്കുക, ആധുനിക സങ്കേതങ്ങൾ പരിചയപ്പെടു ത്തുക, ശുചിത്വ- മാലിന്യ സംസ്കരണ മേഖലയിൽ കേന്ദ്ര- സംസ്ഥാന ഗവൺമെന്റുകൾ പുറപ്പെടുവിച്ചി ട്ടുള്ള നിയമങ്ങൾ നടപ്പാക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ പ്രേരിപ്പിക്കുകയും സഹായിക്കുകയും ചെയ്യുക, ജന സമൂഹത്തിനിടയിൽ ശാസ്ത്രീയ ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കനുരോധമായ സംസ്ക്കാരം രൂപപ്പെടുത്തുന്നതിനാവശ്യമായ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ഏറ്റെടുക്കുക എന്നിവ ശുചിത്വ മാലിന്യ സംസ്കരണ മിഷന്റെ ഉത്തരവാദിത്വമായിരിക്കും.

### 1.1. ആത്യന്തിക ലക്ഷ്യം - മാലിന്യ രഹിത കേരളം

കേരള സംസ്ഥാനം പരിപൂർണ്ണമായും മാലിന്യ മുക്തമാകണം. ഈ ലക്ഷ്യം കൈവരിക്കുന്നതിന് ''സീറോവേസ്റ്റ്'' മാതൃക അനുവർത്തിക്കാൻ കഴിയണം. ''സീറോവേസ്റ്റ്'' എന്നാൽ ഭൂമിയിൽ നിന്നും ഉത്പാദിപ്പിക്കുന്ന എല്ലാ വസ്തുക്കളും സുരക്ഷിതമായി ഭൂമിയിലേക്ക് തിരികെ പോകുന്ന അവസ്ഥ സംജാത മാക്കുകയാണ്. ഇതിലേക്കായി ആദ്യഘട്ടത്തിൽ മാലിന്യത്തിന്റെ ഉല്പാദനത്തിൽ കുറവു വരുത്തുക (Reduce), ഉല്പാദനം കുറക്കുന്നതിനുവേണ്ടി വസ്തു വകകളുടെ പുനരുപയോഗം വർദ്ധിപ്പിക്കുക (Reuse), പൂർണ്ണമായും ഉപയോഗ ശൂന്യമായവയെ രൂപ ഭേദം വരുത്തി പുന:ചംക്രമണത്തിലൂടെ മറ്റുൽപ്പന്നങ്ങളാക്കി മാറ്റുക (Recycle), മാലിന്യത്തെ പൂർണ്ണമായും ഇല്ലായ്മ ചെയ്യുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള ധാർമികവും മിതവ്യയസാധ്യവും കാര്യക്ഷമവും ദീർഘ വീഷണത്തോടു കൂടിയതുമായ ദർശനമാണ് ''സീറോ വേസ്റ്റ്''

## 2. ശുചിത്വ മാലിന്യ സംസ്കരണ കാമ്പയിൻ കാഴ്ചപ്പാട്

കേരള സംസ്ഥാനത്തെ മാലിന്യമുക്തമാക്കുന്നതിലൂടെ ജനങ്ങളുടെ ജീവിത നില വാരം ഉയർത്തുകയും രോഗാതുരതയിൽ ഗണ്യമായി കുറവു വരുത്തി പൊതു ജനാരോഗ്യം മെച്ചപ്പെടുത്തുകയും പരിസ്ഥിതി സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് മിഷന്റെ കാഴ്ചപ്പാട്.

## 3. ശുചിത്വ മാലിന്യ സംസ്കരണ കാമ്പയിൻ - മിഷൻ സ്റ്റേറ്റ്മെന്റ്

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജന പങ്കാളിത്തം ഉറപ്പു വരുത്തി ജൈവ മാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും അജൈവ മാലിന്യത്തിന്റെ ശേഖരണം, സംഭരണം, റീസൈക്ളിംഗ് മേഖലക്ക് കൈമാറ്റം ചെയ്യലും പൊതു

ജന സൗഹൃദ ആസ്തികളുടെ നിർമ്മാണവും നടത്തുക വഴി അടുത്ത അഞ്ചു വർഷത്തിനുള്ളിൽ കേരളം രാജ്യത്തിനു മാതൃകയാകത്തക്കവിധത്തിൽ മാലിന്യ മുക്തമാകും.

## 4. പൊതു സമീപനം

ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റേയും പരിധിയിൽ വരുന്ന ഭൂപ്രദേശം മാലിന്യ രഹിതമാകണം. തദ്ദേശ സ്വയം ഭരണ സ്ഥാപന പരിധിയിൽ വ്യക്തി, കുടുംബം, സ്വകാര്യ വീടുകൾ, ഗേറ്റഡ് (കോളനികൾ, ഫ്ളാറ്റ് സമുച്ചയങ്ങൾ) പൊതു - സ്ഥാപനങ്ങൾ, കച്ചവട സ്ഥാപനങ്ങൾ കമ്പോളങ്ങൾ, വ്യവസായ ശാലകൾ മുതലായവ ഉല്പാദിപ്പിക്കുന്ന മാലിന്യം, അതുൽപ്പാദിപ്പിക്കുന്നവരുടെ പങ്കാളിത്തത്തോടെ സംസ്കരിക്കുക എന്നതാണ് പൊതു സമീപനം. ഇതിലേക്കായി സൂക്ഷതലം മുതൽ ബഹുജന പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടുള്ള സംഘടനാ സംവിധാനവും, മാലിന്യ സംസ്ക്കരണത്തിനുള്ള നൂതന മാർഗ്ഗങ്ങളും രൂപപ്പെടുത്തണം. കുടുംബശ്രീ ഉൾപ്പെടെ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് സ്വീകാര്യമായ സമൂഹാധിഷ്ഠിത സംഘടനാ സംവിധാനങ്ങളെയോ സർക്കാരിതര സംഘടനകളുടെയോ സേവനം ലഭ്യമാക്കി ശുചിത്വ മാലിന്യ സംസ്കരണ കാമ്പയിൻ നടത്താവുന്നതാണ്. കാമ്പയിന്റെ ഭാഗമായി രൂപപ്പെട്ടുവരുന്ന സംരംഭ സാധ്യതകൾ കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ നിന്നും സ്വയം സഹായ സംഘങ്ങളിൽ നിന്നും താല്പര്യത്തോടെ മുന്നോട്ടു വരുന്നവർക്ക് മുൻഗണന നൽകുകയും ശുചിത്വ മിഷനും കുടുംബശ്രീയും സംയുക്തമായി നടത്തുന്ന പരിശീലനത്തിലൂടെ സംരംഭങ്ങൾ ആരംഭിക്കുന്നതാണ്.

## 5. ക്യാമ്പയിന്റെ മുൻഗണനകളും രീതിശാസ്ത്രവും

5.1. തദ്ദേശ സ്വയം ഭരണ സ്ഥാപന പരിധിയിലെ ഓരോ വീടും, ഗേറ്റഡ് കോളനിയും, ഫ്ളാറ്റ് സമുച്ചയങ്ങളും, വ്യാപാര സ്ഥാപനങ്ങളും, പൊതു സ്ഥാപനങ്ങളും, വാർഡുകളും ഉൾപ്പെടെ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന മുഴുവൻ ഭൂ പ്രദേശവും മാലിന്യ രഹിതമായി തീരണം.

5.2. മാലിന്യ രഹിതമായി തീരുന്നതിന് അവശ്യ ഘടകങ്ങളായ ഉറവിട മാലിന്യ സംസ്ക്കരണം, വികേന്ദ്രീകൃത കമ്പോസ്റ്റിങ്ങ് സംവിധാനം, ബയോഗ്യാസ് പ്ളാന്റുകൾ സ്ഥാപിക്കൽ, 100% വീട് വീടാന്തരം അജൈവ മാലിന്യ ശേഖരണം, മെറ്റീരിയൽ /റിസോഴ്സ് റിക്കവറി ഫസിലിറ്റി (അജൈവമാലിന്യ സംഭരണ കേന്ദ്രങ്ങൾ) സ്ഥാപിക്കൽ എന്നിവ പ്രാവർത്തികമാകണം.

5.3. മുകളിൽ സൂചിപ്പിച്ച സംവിധാനങ്ങളെല്ലാം തന്നെ അഭംഗുരം നടത്തികൊണ്ടു പോകുന്നതിനാവശ്യമായ ആവർത്തന ചെലവുകൾ ഏറ്റവും കുറഞ്ഞ തോതിൽ മാത്രമേ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നും ചെലവഴിക്കാവൂ എന്ന സമീപനം സ്വീകരിക്കണം. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ജനങ്ങൾ ഉല്പാദിപ്പിക്കുന്ന മാലിന്യം സംസ്കരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ഇതിലേക്കായി പൊതു ജനങ്ങളിൽ നിന്നും സേവനത്തിനുള്ള ഫീസ് പരിസ്ഥിതി മലിനപ്പെടുത്തുന്നവരിൽ നിന്നും പരിഹാര

തുക ഈടാക്കുക എന്ന തത്വം പാലിച്ചുകൊണ്ടുള്ള ധനസമാഹരണം, വ്യാപാര സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും അവർ ഉല്പാദിപ്പിക്കുന്ന മാലിന്യത്തിന്റെ തോത് അനുസരിച്ച് തുക നിശ്ചയിച്ച് ഈടാക്കുക തുടങ്ങിയ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിന് ഗ്രാമ പഞ്ചായത്ത്, നഗരസഭാ/ കോർപ്പറേഷൻ നടപടി സ്വീകരിക്കണം.

5.4. ശുചിത്വ - മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട പൊതു അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുക, സാങ്കേതിക സഹായം ലഭ്യമാക്കുക, നിർമ്മാണ പ്രവർത്തനങ്ങൾക്ക് മൂലധന നിക്ഷേപം നടത്തുക, കാമ്പയിൻ പ്രവർത്തനങ്ങൾക്ക് വേണ്ട നേതൃത്വം നൽകുക, കർശനമായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുക, മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും കർശനമായി നടപ്പാക്കുക നിയമ ലംഘകർക്കെതിരെ നടപടികൾ സ്വീകരിക്കുക, എന്നിവയായിരിക്കും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രധാന ഉത്തരവാദിത്വം.

ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സംരംഭകത്വ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതായിരിക്കും ഉചിതം. ഇതിലൂടെ സ്വയം സഹായത്തിലധിഷ്ഠിതമായ സൂഷ്മ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും പ്രാദേശിക സാമ്പത്തിക വികസനത്തെ പ്രോത്സാഹിപ്പിക്കുന്നതിനും കഴിയും. മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങളിൽ സംരംഭകത്വ സമീപനം സ്വീകരിക്കുമ്പോൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സംരംഭങ്ങളുടെ ദൈനംദിന പ്രവർത്തനത്തിൽ ഇടപെടേണ്ടതില്ല മറിച്ച് ശക്തമായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നതായിരിക്കും ഉചിതം.

ഈ ലക്ഷ്യങ്ങൾ കൈവരിക്കാൻ ആവശ്യമായ പ്രവർത്തനം ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി/ മുനിസിപ്പൽ കോർപ്പറേഷൻ നേരിട്ട് തന്നെ നിർവ്വഹിക്കണം. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമെങ്കിൽ കുടുംബശ്രീ സംഘടനാ സംവിധാനത്തെ ഉപയോഗപ്പെടുത്താം. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നേരിട്ടും കുടുംബശ്രീ സംഘടനാ സംവിധാനത്തിലൂടെയും ഈ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കഴിയില്ലെന്ന് ബോധ്യപ്പെടുകയാണെങ്കിൽ ഒരു പ്രവർത്തന പങ്കാളിയെ (Operating Partner) കണ്ടെത്താവുന്നതാണ്. ഇപ്രകാരം കണ്ടെത്തുന്ന പ്രവർത്തന പങ്കാളിക്ക് ശുചിത്വ- മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പാക്കുന്നതിനാവശ്യമായ അനുകൂല സാഹചര്യം ഒരുക്കി കൊടുക്കേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനം ഏറ്റെടുക്കണം. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വം താഴെപ്പറയുന്ന ആറു ഘടകങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കും.

1. നിക്ഷേപകൻ : പൊതു അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനാവശ്യമായ മൂലധന നിക്ഷേപം നടത്തുക
2. പ്രേരണ ചെലുത്തുക : ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനാവശ്യമായ പ്രേരണ വിവിധ വിഭാഗങ്ങൾക്കിടയിൽ ചെലുത്തുന്നതിന് ശക്തമായ കാമ്പയിൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക

3. പദ്ധതി ആവിഷ്ക്കാര നിർവ്വഹണം : സംസ്ഥാന ഗവൺമെന്റ് പുറപ്പെടുവിക്കുന്ന പ്ളാൻ ഗൈഡ് ലൈൻ അനുസരിച്ച് ശുചിത്വ- മാലിന്യ സംസ്ക്കരണ മേഖലയിൽ പദ്ധതി ആവിഷ്ക്കാര നിർവ്വഹണ പ്രവർത്തനങ്ങൾ നടത്തുക
4. സാങ്കേതിക വിദ്യ ലഭ്യമാക്കൽ : ജനങ്ങൾ ആഗ്രഹിക്കുന്ന സാങ്കേതിക വിദ്യയും ഉപകരണങ്ങളും ശുചിത്വ മാലിന്യ സംസ്കരണത്തിനായി ലഭ്യമാകുകയും അതിന്റെ തുടർ പ്രവർത്തനത്തിനും അറ്റകുറ്റപ്പണികൾക്കും വേണ്ട സഹായം നൽകുകയും ചെയ്യുക.
5. നിയമങ്ങൾ നടപ്പാക്കൽ ( regulator) : കേന്ദ്ര സംസ്ഥാനഗവൺമെന്റുകൾ പുറപ്പെടുവിച്ചിട്ടുള്ള നിയമങ്ങൾ കർശനമായി നടപ്പാക്കുക. ഇതിനാവശ്യമായ ഉപചട്ടങ്ങൾ പുറപ്പെടുവിക്കുകയും നിയമങ്ങൾ പാലിക്കപ്പെടുന്നു എന്നുറപ്പാക്കുകയും ചെയ്യുക. ഇതിനാവശ്യമായ പ്രചാരണം കൊടുത്തു കൊണ്ട് ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുക.
6. നിരീക്ഷണം : ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനത്തിലേർപ്പെടുന്ന പ്രവർത്തന പങ്കാളി ഉൾപ്പെടെ ഏവരുടേയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും എല്ലാ പ്രവർത്തന ഘടകങ്ങളും ലക്ഷ്യം കണ്ടെത്തുന്നുവെന്ന് ഉറപ്പാക്കുക.

## 6. ശുചിത്വ - മാലിന്യ സംസ്കരണ കാമ്പയിൻ സ്വീകരിക്കുന്ന തന്ത്രങ്ങളും മുൻഗണനകളും

മാലിന്യത്തിന്റെ ഉല്പാദനത്തിൽ കുറവു വരുത്തുന്നതിലേക്കായി അജൈവ വസ്തുക്കളുടെ ഉപയോഗം കുറക്കുക (Reduce) ഉല്പാദനം കുറക്കുന്നതിലേക്കായി പുനരുപയോഗം (Reuse) വർദ്ധിപ്പിക്കുക, പുനഃചംക്രമണം (Recycle) പ്രോത്സാഹിപ്പിക്കുക എന്നിവ ജന ജീവിതത്തിന്റെ ഭാഗമായും സംസ്കാരമായും മാറണം. ഇതിനു വേണ്ടി പദ്ധതി ആസൂത്രണത്തിൽ സഹായിക്കാനുള്ള സന്നദ്ധ പ്രവർത്തനം പ്രോത്സാഹിപ്പിക്കൽ, ജന പിന്തുണയും പങ്കാളിത്തവും ഉറപ്പാക്കൽ, ഇതര വിഭവ സമാഹരണത്തിന് അന്തരീക്ഷം സൃഷ്ടിക്കൽ, ഉത്തരവാദിത്വം ഏറ്റെടുക്കൽ, ജീവിതശൈലിയിലും ജീവിത രീതിയിലും മാറ്റം വരുത്തൽ, എന്നിവ കൈവരിക്കുന്നതിന് പര്യാപ്തമായ തന്ത്രങ്ങളാണ് കാമ്പയിൻ സ്വീകരിക്കേണ്ടത്.

6.1. സമൂഹത്തിൽ മാലിന്യത്തിന്റെ അളവ് കുറക്കുന്നതിന് ഓരോ പൗരനും വ്യക്തിപരമായി ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടതാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപന പരിധിയിൽ വരുന്ന ഭൂ പ്രദേശം മാലിന്യ വിമുക്തമാക്കുന്നതിന് ഓരോ വ്യക്തിയും അവരവർ ഉല്പാദിപ്പിക്കുന്ന ജൈവ മാലിന്യം അവരുടെ വാസ സ്ഥലം (ഉല്പാദന കേന്ദ്രം) വിട്ട് പുറത്ത് പോകാൻ പാടില്ലെന്ന് തീരുമാനിക്കണം. ജൈവ മാലിന്യം ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്നതിന് കൃഷി സ്ഥലത്തെ കമ്പോസ്റ്റിംഗ്, കിച്ചൺ ബിൻ, ബയോഗ്യാസ് യൂണിറ്റുകൾ, കുഴി കമ്പോസ്റ്റിംഗ്, മോസ്പിറ്റ് കമ്പോസ്റ്റിംഗ്, മൺകല കമ്പോസ്റ്റിംഗ് തുടങ്ങിയവയിൽ അനുയോജ്യ

മായത് ഉപയോഗിച്ച് വീടിന് ഉള്ളിലും വീടിനോട് ചേർന്നും നടത്താവുന്ന കമ്പോസ്റ്റിംഗ് രീതികളും, ഫ്ളാറ്റ് സമുച്ചയങ്ങൾ, ഗേറ്റഡ് കോളനികൾ, ഹോട്ടലുകൾ, മാർക്കറ്റ്, കല്യാണമണ്ഡപങ്ങൾ മുതലായവക്ക് അനുയോജ്യമായ സമൂഹതല കമ്പോസ്റ്റിങ്ങ് / ബയോമെതനേഷൻ എന്നീ മാർഗ്ഗങ്ങളും ഉപയോഗപ്പെടുത്തേണ്ടതാണ്. ഇതിനാവശ്യമായ ശീലമാറ്റം ജനങ്ങളിലുണ്ടാക്കേണ്ടത് അനിവാര്യമാണ്.

6.2. അജൈവ മാലന്യങ്ങൾ വിശേഷിച്ചും പ്ളാസ്റ്റിക് കവറുകൾ (പാൽ, എണ്ണ, ഭക്ഷണ പദാർത്ഥങ്ങൾ തുടങ്ങിയവയുടെ) കഴുകി ഉണക്കിയും പ്രത്യേകമായി തരം തിരിച്ച് സൂക്ഷിക്കേണ്ടതും സമയാസമയം അജൈവ മാലിന്യം ശേഖരിക്കാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനം നിയോഗിച്ചിട്ടുള്ളവർക്ക് അല്ലെങ്കിൽ ഖരമാലിന്യം പാഴ്‌വസ്തുക്കൾ ശേഖരിക്കുന്നവർക്ക് കൈമാറേണ്ടതാണ്.

6.3. അജൈവ മാലിന്യം അലക്ഷ്യമായി വലിച്ചെറിയുകയോ, പൊതു സ്ഥലങ്ങളിൽ കൂട്ടിയിടുകയോ കത്തിക്കുകയോ ചെയ്യരുത്.

6.4. ഓരോ വാസസ്ഥലത്തും ശൗചാലയത്തോട് ചേർന്ന് ശാസ്ത്രീയമായി നിർമ്മിക്കപ്പെട്ട ഇരട്ടക്കുഴി സംവിധാനവും സെപ്റ്റിക് ടാങ്കും സോക്ക് പിറ്റും ഉണ്ടായിരിക്കണം. ഫ്ളാറ്റ് സമുച്ചയങ്ങളിലും ഷോപ്പിംഗ് മാളുകളിലം വലിയ കെട്ടിടങ്ങളിലും മലിനജല സംസ്ക്കരണ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

6.5. ശൗചാലയങ്ങളിലും വീടിനുള്ളിലും പരിസരത്തും രാസ അണുനാശിനികൾക്ക് പകരം ജൈവ അണുനാശിനികൾ ഉപയോഗിക്കേണ്ടതാണ്.

6.6. വ്യക്തികൾ ഉത്പാദിപ്പിക്കുന്ന മാലിന്യത്തിന്റെ അളവ് കുറക്കുന്നതിന് ഓരോരത്തരുടേയും ജീവിത ശൈലിയിൽ മാറ്റം വരുത്തുന്നതിനും സമൂഹത്തോടുള്ള പ്രതിബന്ധതയും ഉത്തരവാദിത്വവും ദൃഢീകരിക്കുന്നതിനുമാണ് കാമ്പയിൻ ലക്ഷ്യമിടുന്നത്.

6.7. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഉറവിട മാലിന്യ സംസ്ക്കരണത്തിനും (ജൈവ മാലിന്യം) അജൈവമാലിന്യ സംസ്കരണത്തിനും മുൻഗണന നൽകുന്നതോടൊപ്പം ജനോപകാര പ്രദമായതും ശുചിത്വ സന്ദേശം നൽകുന്നതുമായ പൊതു ആസ്തികൾ സൃഷ്ടിക്കുകയും നവീകരിക്കുകയും വേണം. അതിനുവേണ്ടി താഴെപ്പറയുന്ന ശുചിത്വ സംവിധാനങ്ങൾ ഒരുക്കുന്നതിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

1. നഗരസഭകളിലും കോർപ്പറേഷനുകളിലും പ്രധാന നിരത്തുകളിൽ പൊതു സ്ഥലം ലഭ്യമായിടത്ത് പൊതു ടോയിലറ്റുകൾ നിർമ്മിക്കുന്നത് പരിഗണിക്കണം.
2. നഗരസഭകളിലും, കോർപ്പറേഷനുകളിലും ബ്ളോക്ക് പഞ്ചായത്തു തലത്തിലും ആധുനിക അറവുശാല (സീറോ വേസ്റ്റ് മാതൃക) കൾ നിർമ്മിക്കണം. ശുചിത്വ മിഷൻ എംപാനൽ ചെയ്യുന്ന സേവന ദാതാക്കളിൽ നിന്നും ഒരു ഏജൻസിയെ തെരഞ്ഞെടുത്ത് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാവുന്നതാണ്.

3. നഗരസഭകളിലും കോർപ്പറേഷനുകളിലും മലിനജല സംസ്ക്കരണ ത്തിന് ആധുനിക സെപ്റ്റേജ് മാനേജ്മെന്റ് സംവിധാനം നിർമ്മിക്കേണ്ടതുണ്ട്. ഇതിനായി പരിചയസമ്പന്നരായ സേവന ദാതാക്കളുടെ പട്ടിക ശുചിത്വ മിഷനിൽ നിന്നും ലഭിക്കുന്നതാണ്.

4. നഗരസഭകളിലും കോർപ്പറേഷനുകളിലും ബ്ളോക്ക് പഞ്ചായത്തു തലത്തിലും ആധുനിക ശ്മശാനങ്ങൾ നിർമ്മിക്കേണ്ടതുണ്ട്. ജനസംഖ്യാനുപാതികമായും ഭൂമിയുടെ ലഭ്യത കണക്കാക്കിയും ഒന്നോ അതിലധികമോ ശ്മശാനങ്ങൾ പരിഗണിക്കാവുന്നതാണ്. വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് എംപാനൽ ചെയ്യപ്പെട്ട സേവന ദാതാക്കളുടെ വിശദാംശം ശുചിത്വ മിഷനിൽ നിന്നും ലഭിക്കുന്നതാണ്.

5. നഗരസഭ, കോർപ്പറേഷൻ, ഗ്രാമ പഞ്ചായത്ത് തലങ്ങളിൽ വൃത്തിയും ശുചിത്വവും പാലിക്കുന്ന മത്സ്യ/മാംസ വ്യാപാര കേന്ദ്രങ്ങൾ അനിവാര്യമാണ്. നിലവിലുള്ള മാർക്കറ്റുകളെ നവീകരിക്കുന്നതിനും ശുചിത്വ - മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കണം. പൊതുജനോപകാര പ്രദമായ ഇത്തരം വൻകിട പദ്ധതികൾക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ടു (DPR) തയ്യാറാക്കി ''കിഫ്ബി'' ഉൾപ്പെടെയുള്ള സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും ഫണ്ട് ലഭ്യമാക്കി പദ്ധതി നടപ്പാക്കാവുന്നതാണ്.

6. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ, സി.എച്ച്.സി., പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ എന്നിവ യഥാക്രമം ജില്ലാ പഞ്ചായത്തിനും നഗരസഭകൾ/ ബ്ളോക്ക് പഞ്ചായത്തുകൾ, ഗ്രാമ പഞ്ചായത്തുകൾ എന്നിവക്ക് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളാണ്. ഈ സ്ഥാപനങ്ങളെ രോഗീ സൗഹൃദമാക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും ''ആർദ്രം'' മിഷൻ ലക്ഷ്യമിടുന്നുണ്ട്. എന്നാൽ ആശുപത്രികളുടെ ശുചിത്വ മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നിർവ്വഹിക്കേണ്ടതുണ്ട്. ഓരോ ആശുപത്രിയുടെ ശുചിത്വ മാലിന്യ സംസ്ക്കരണ ആവശ്യങ്ങൾ ആശുപത്രി അധികൃതരും, രോഗികളുമായും മറ്റ് സ്റ്റേക്ക് ഹോൾഡേഴ്സുമായും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും കൂട്ടായി ചർച്ച ചെയ്ത് സമഗ്രമായ പദ്ധതി തയ്യാറാക്കണം.

ആശുപത്രികളുടെ ശുചിത്വ - മാലിന്യ സംസ്കരണ പദ്ധതി തയ്യാറാക്കുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം

   1. ആശുപത്രിയും പരിസരവും വൃത്തിയും ശുചിത്വമുള്ളതുമായി നിലനിർത്തുന്നതിന് സമഗ്രമായ പരിസ്ഥിതി പരിപാലന പദ്ധതി (Environemnt Management Plan) തയ്യാറാക്കണം.
   2. പരിസ്ഥിതി പരിപാലന പദ്ധതിയിൽ ശുചിത്വ-മാലിന്യ സംസ്കരണവും പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തണം.

3. ശുചിത്വ - മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

a. ഖര-മാലിന്യം തരം തിരിക്കൽ - ജൈവ - അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വെവ്വേറെ തരംതിരിച്ചു സൂക്ഷിക്കണം. ബയോമെഡിക്കൽ വേസ്റ്റ് വേർതിരിച്ച് സൂക്ഷിക്കുന്നതിനും സംസ്കരണത്തിനായി കൈമാറുന്നതിനും ആശുപത്രി അധികൃതർ പ്രത്യേക സംവിധാനം ഏർപ്പെടുത്തും. (നിലവിൽ ''ഇമേജ്'' എന്ന സ്ഥാപനം മുഖേന സംസ്കരിക്കപ്പെടുന്നുണ്ട്)

b. ജൈവമാലിന്യങ്ങളുടെ സംസ്കരണത്തിന് കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ (ബയോഗ്യാസ് പ്ളാന്റ്) രീതികൾ സ്വീകരിക്കാവുന്നതാണ്.

c. അജൈവമാലിന്യങ്ങൾ വൃത്തിയാക്കി സംഭരിക്കുന്നതിന് ഒരു മിനിമെറ്റീരിയൽ റിക്കവറി ഫെസിലിറ്റി ആശുപത്രി കോമ്പൗണ്ടിൽ സ്ഥാപിക്കുന്നത് ഉചിതമായിരിക്കും. ഇവിടെ നിന്നും റീസൈക്ളിംഗിനായി നേരിട്ട് കൈമാറ്റം ചെയ്യാവുന്നതാണ്.

d. നിലവിലുള്ള ശൗചാലയങ്ങൾ വൃത്തിയും വെടിപ്പുമുള്ളതുമാക്കിത്തീർക്കുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തണം. രോഗികളുടേയും ആശുപത്രി ജീവനക്കാരുടെയും എണ്ണത്തിനാനുപാതികമായി ആവശ്യത്തിനുള്ള ടോയ്‌ലറ്റുകളില്ലെങ്കിൽ പുതിയ ശൗചാലയങ്ങൾ നിർമ്മിക്കണം.

e. ശൗചാലയങ്ങളിലെ സെപ്റ്റിക് ടാങ്കുകളിൽ ശേഖരിക്കപ്പെടുന്ന മാലിന്യം സംസ്കരിക്കുന്നതിന് പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ളാന്റുപോലുള്ള പ്രത്യേക സംവിധാനം ഏർപ്പെടുത്തണം.

4. ആശുപത്രികളിലെ ശുചിത്വ മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾ എല്ലാം തന്നെ ആരോഗ്യ വകുപ്പ് നിശ്ചയിച്ചിട്ടുള്ള ഗുണനിലവാരം ഉറപ്പുവരുത്തുന്നതായിരിക്കണം. കൂടാതെ എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും സ്ത്രീ സൗഹൃദവും, ഭിന്നശേഷിക്കാർക്കും മുതിർന്ന പൗരന്മാർക്കും ഉപയോഗ പ്രദവുമായിരിക്കണം.

5. പരിസ്ഥിതി സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ആശുപത്രി പരിസരത്ത് പൂന്തോട്ടം ഒരുക്കുകയും ഫലവൃക്ഷങ്ങളും തണൽ മരങ്ങളും നട്ടു പിടിപ്പിക്കുകയും ചെയ്യുന്നത് ഗുണകരമായിരിക്കും. രോഗീ സൗഹൃദ ആശുപത്രി എന്ന ''ആർദ്രം'' മിഷന്റെ കാഴ്ചപ്പാട് എല്ലാ പ്രവർത്തികളിലും പ്രതിഫലിക്കണം.

6.8. ആശുപത്രികളിലെ ശുചിത്വ മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് അനുവർത്തിക്കേണ്ട പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

a. നിലവിലുള്ള സൗകര്യങ്ങളും കൂടുതലായി ആവശ്യമുള്ളതും കണ്ടെത്തി പട്ടിക തയ്യാറാക്കുക

b. ആശുപത്രിയിലെ ഡോക്ടർമാർ, മറ്റു ജീവനക്കാർ, രോഗികൾ, ബന്ധുക്കൾ, എന്നിവരടങ്ങുന്ന സ്റ്റേക്ക് ഹോൾഡർ ഗ്രൂപ്പുമായി ജന പ്രതിനിധികളും ഉദ്യോഗസ്ഥന്മാരും ചർച്ച നടത്തുകയും ആവശ്യകതാ നിർണ്ണയം നടത്തുകയും ചെയ്യാവുന്നതാണ്.

c. ആവശ്യകതാ നിർണ്ണയത്തിലൂടെ ലഭിച്ച വിവരങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിൽ ആരോഗ്യ എഞ്ചിനീയറിംഗ് വിദഗ്ദ്ധരുടേയും സാമൂഹ്യ പ്രവർത്തകരുടേയും സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്ത് പദ്ധതി ആശയങ്ങൾ രൂപപ്പെടുത്തണം. ഇപ്രകാരം നടത്തുന്ന ആശയ രൂപീകരണത്തിലൂടെ ആശുപത്രിയുടെ സമഗ്ര പരിസ്ഥിതി പരിപാലനവും ശുചിത്വ - മാലിന്യ സംസ്കരണവും ഉൾപ്പെടുന്ന പദ്ധതി തയ്യാറാക്കാവുന്നതാണ്.

6.9 വീടുകളിലേയും കച്ചവട സ്ഥാപനങ്ങളിലേയും അറവുശാലകളിലേയും മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിഞ്ഞ് നമ്മുടെ ജല സ്രോതസുകളും അരുവികളും പുഴകളും കനാലുകളും മലിനമായിത്തീർന്നിരിക്കുന്നു. പുഴകളും, കനാലുകളും ഒന്നിലധികം പഞ്ചായത്ത് നഗരസഭകളിലൂടെ ഒഴുകുന്നതാണ്. ഇത്തരം ജല സ്രോതസുകൾ മാലിന്യ മുക്തമാക്കുന്നതിന് ബ്ളോക്ക്/ജില്ലാ പഞ്ചായത്തുകൾ ഗ്രാമ പഞ്ചായത്തുകളും നഗരസഭകളുമായി കൂടിയാലോചിച്ച് സംയുക്ത പ്രോജക്ടുകൾ ആവിഷ്കരിക്കുന്നത് ഉചിതമായിരിക്കും.

6.10. വെള്ളക്കെട്ടുകളുള്ള നഗരങ്ങളിലും ചെറിയ പട്ടണങ്ങളായി രൂപപ്പെട്ടുവരുന്ന ഗ്രാമ പഞ്ചായത്തുകളിലും അവശ്യം വേണ്ട ഓടകളുടെ ശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനം അനിവാര്യമാണ്. ഇതിന് സഹായകരമായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കേണ്ടതുണ്ട്.

## 7. ശുചിത്വ മാലിന്യ സംസ്കരണ കാമ്പയിൻ - ആവശ്യകതാ നിർണ്ണയം - ആസൂത്രണം, നിർവ്വഹണം

### 7.1. ജൈവമാലിന്യ സംസ്ക്കരണം

ജൈവമാലിന്യത്തെ സംബന്ധിച്ചിടത്തോളം ഉറവിടത്തിൽത്തന്നെ സംസ്കരിക്കുക എന്നതാണ് അനുവർത്തിക്കേണ്ട നയം. ''ഉറവിടം'' എന്നത് സംശയലേശമെന്യേ എവിടെയാണോ മാലിന്യം ഉത്പാദിപ്പിക്കപ്പെടുന്നത് അവിടമാണ് എന്ന് തിരിച്ചറിയണം. അത് വീടാകാം, കടകമ്പോളങ്ങളാകാം, സ്ഥാപനമാകാം, സ്കൂളോ, ആശുപത്രിയോ പൊതു സ്ഥലമോ ആകാവുന്നതാണ്. എവിടെയായാലും മാലിന്യം ഉല്പാദിപ്പിക്കപ്പെടുന്ന ഇടത്തെ മാലിന്യ സംസ്കരണത്തിന് ഉറവിടം എന്നറിയപ്പെടും. ഉറവിട മാലിന്യ സംസ്കരണത്തിനുള്ള ഉത്തരവാദിത്വം വ്യക്തിയിലും വീടുകളിൽ ഗൃഹനാഥനിലും കട കമ്പോളങ്ങളിൽ കടയുടമയിലും സ്ഥാപനങ്ങളിൽ

സ്ഥാപന മേധാവിയിലും അഥവാ നിയോഗിക്കപ്പെടുന്നയാളിലും നിക്ഷിപ്തമായി രിക്കും. ജൈവ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതിന്റെ വിശദാം ശങ്ങൾ ചുവടെ ചേർക്കുന്നു.

1. ആവശ്യകതാ നിർണ്ണയം :- വാർഡ് സാനിട്ടേഷൻ സമിതിയിലെ അംഗങ്ങൾ വീട് വീടാന്തിരം സന്ദർശനം നടത്തുകയും ഓരോ വീട്ടിലും ഉല്പാദിപ്പിക്കപ്പെടുന്ന ജൈവ മാലിന്യത്തിന്റെ അളവ് ശേഖരിക്കുകയും നിലവിൽ അനുവർത്തിച്ചു വരുന്ന മാലിന്യ സംസ്കരണ രീതി കണ്ടെത്തുകയും വേണം. അതോടൊപ്പം മാലിന്യത്തെ ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്നതിനുള്ള ലളിതമായ മാർഗ്ഗ ങ്ങൾ മനസിലാക്കിക്കൊടുക്കുകയും അജൈവ മാലിന്യത്തിന്റെ ശേഖരണ, സംഭ രണ, സംസ്ക്കരണ, കൈമാറ്റ രീതികൾ വിശദീകരിച്ചു കൊടുക്കുകയും വേണം. സംസ്ഥാന ശുചിത്വ മിഷൻ അംഗീകാരം നൽകിയിട്ടുള്ള വിവിധ ഉറവിടമാലിന്യ സംസ്കരണ ഉപകരണങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ ഓരോ വീട്ടിലും ലഭ്യ മാക്കുകയും അവർക്ക് അനുയോജ്യമായത് തെരഞ്ഞെടുക്കാൻ അവസരം നൽകുകയും വേണം.
2. ഗ്രാമ പ്രദേശങ്ങളിലും നഗരങ്ങളിലും വീടുകളോട് ചേർന്ന് ഭൂമി ലഭ്യമാണെങ്കിൽ വളക്കുഴികൾ നിർമ്മിച്ചാൽ മതിയാകും. കൃഷിയിടങ്ങളിൽ നിക്ഷേപിക്കുക വഴിയും ജൈവ മാലിന്യം സംസ്കരിക്കാവുന്നതാണ്.
3. വളക്കുഴികൾ നിർമ്മിക്കുന്നതിന് മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി/ അയ്യൻകാളി തൊഴിലുറപ്പ്പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്.
4. ഭൂമിലഭ്യമല്ലാത്ത സാഹചര്യത്തിൽ വീടിനുള്ളിൽത്തന്നെ 1-2 ചതുരശ്ര അടിയിൽ താഴെ സ്ഥലം ഉപയോഗിച്ച് കലം കമ്പോസ്റ്റിങ്ങോ, കിച്ചൺബിൻ കമ്പോസ്റ്റിങ്ങോ നടത്താവുന്നതാണ്. സ്ഥല ലഭ്യത ഉറവിട മാലിന്യ സംസ്കരണത്തിന് തടസമാ വില്ല. സ്ഥല പരിമിതി മൂലവും കമ്പോസ്റ്റിംഗ് സംവിധാനങ്ങൾ വാങ്ങുന്നതിന് ശേഷിയില്ലാത്തതുകൊണ്ടും ഉറവിട മാലിന്യ സംസ്കരണത്തിന് വിമുഖത കാണി ക്കുന്നവർ വളരെ കുറവായിരിക്കും. അത്തരത്തിൽപ്പെടുന്നവർക്കുവേണ്ടി പൊതു വികേന്ദ്രികൃത ജൈവ മാലിന്യ സംസക്കരണ രീതികൾ ഉപയോഗപ്പെടു ത്തണം. പൊതു വികേന്ദ്രീകൃത സംവിധാനം ഏർപ്പെടുത്തിയാലും ജൈവ മാലിന്യം പ്രസ്തുത കേന്ദ്രത്തിൽ എത്തിക്കേണ്ടത് മാലിന്യം ഉല്പാദിപ്പിച്ചയാളിന്റെ ഉത്തരവാദിത്വം ആയിരിക്കും.
5. കട-കമ്പോളങ്ങളിലും സ്ഥാപനങ്ങളിലും നിർബന്ധമായും ഉറവിട മാലിന്യ സംസ്കരണ രീതി അനുവർത്തിക്കേണ്ടതാണ്.
6. വീടുകളിൽ 5 മുതൽ 10 ശതമാനം വരെയും കച്ചവട സ്ഥാപനങ്ങളിൽ 10 മുതൽ 20 ശതമാനം വരെയും സ്ഥല പരിമിതി മൂലം ഉറവിട മാലിന്യ സംസ്കരണം സാധ്യ മല്ലാതെ വരാം. ഇത്തരം വീടുകളും കച്ചവട സ്ഥാപനങ്ങളും പൊതു മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തണം. ഇത് അവരവരുടെ ഉത്ത രവാദിത്വത്തിലായിരിക്കണം.

7. ജൈവ മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് ഉചിതമായ മാർഗ്ഗങ്ങൾ സ്വീകരിക്കാൻ സാധ്യമല്ലാത്ത വീടുകളെ കണ്ടെത്തുകയും അങ്ങനെയുള്ള 4-5 വീടുകളെ ഒരു ഗ്രൂപ്പാക്കി ഒരു പൊതു സംവിധാനം ഏർപ്പെടുത്താൻ കഴിയുമോ എന്ന സാധ്യത പരിശോധിക്കണം. പ്രസ്തുത സംവിധാനത്തിന്റെ നടത്തിപ്പു ചുമതല അതത് ഗ്രൂപ്പുകൾക്കായിരിക്കും.

8. ഗൃഹതല /പൊതു സ്ഥല സർവ്വേയിലൂടെ സന്ദർശനത്തിലൂടെ ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ജൈവ മാലിന്യങ്ങളുടെ സംസ്ക്കരണത്തിനു വേണ്ട വിവിധ അളവിലും വലിപ്പത്തിലുമുള്ള വ്യത്യസ്ത സംവിധാനങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുന്നതിന് വേണ്ട ആസൂത്രണം നടത്താവുന്നതാണ്. ആലപ്പുഴ നഗരസഭയിൽ നടപ്പാക്കിയിട്ടുള്ള വിവിധ മാതൃകകൾ സ്വീകരിക്കാവുന്നതാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് സ്വീകാര്യമായ മാതൃകകൾ സാങ്കേതിക കൈപുസ്തകത്തിൽ നിന്നും കണ്ടെത്താവുന്നതുമാണ്.

9. പാതയോരങ്ങളിലും പൊതു സ്ഥലങ്ങളിലും (റോഡുകൾ തൂത്തു വൃത്തിയാക്കുന്നതിലൂടെ) ലഭ്യമാകുന്ന ഉണങ്ങിയ ഇലകൾ യാതൊരു കാരണവശാലും കത്തിക്കാൻ പാടില്ല. ഇത് കമ്പോസ്റ്റിംഗിന് വിധേയമാക്കണം. ഇതിനുവേണ്ട മാർഗ്ഗ നിർദ്ദേശം സാനിട്ടറി ജീവനക്കാർക്ക് നൽകണം.

10. തദ്ദേശ സ്വയം ഭരണ സ്ഥാപന പരിധിയിൽ നിന്നും അനധികൃതമായി ജൈവ മാലിന്യം ശേഖരിച്ച് സംസ്ഥാനത്തിന് ഉള്ളിലോ പുറത്തോ പൊതു സ്ഥലങ്ങളിലും ജല സ്രോതസുകളിലും മറ്റും ഉപേക്ഷിക്കുന്ന രീതി യാതൊരു കാരണവശാലും അനുവദിക്കാൻ പാടില്ല.

11. സാധാരണ ജനങ്ങൾക്കിടയിൽ കമ്പോസ്റ്റിംഗ് സംവിധാനങ്ങളുടെ (ഉപകരണങ്ങളുടെ) പ്രചാരണത്തിനും വില്പനക്കും വേണ്ടി തദ്ദേശ സ്വയം ഭരണ സ്ഥാപന പരിധിയിൽ വിപണന കേന്ദ്രങ്ങൾ (കിയോസ്ക്കുകൾ) സ്ഥാപിക്കാവുന്നതാണ്. സംസ്ഥാന ശുചിത്വ മിഷനിൽ നിന്നും അംഗീകാരം നേടിയിട്ടുള്ള സേവന ദാതാക്കൾ അവരുടെ ഉപകരണങ്ങളും ഇനോക്കുലവും വില്പനക്കായി ലഭ്യമാക്കും. ജൈവ മാലിന്യം ഉപയോഗപ്പെടുത്തി കോഴി, താറാവ് വളർത്തൽ, മത്സ്യകൃഷി, പന്നി വളർത്തൽ എന്നിത്യാതി പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

12. ഗൃഹതല ഉറവിട മാലിന്യ സംസ്ക്കരണം, വികേന്ദ്രീകൃതമായ ചെറിയ പൊതു കമ്പോസ്റ്റിംഗ് സംവിധാനം ബയോമെതനേഷൻ തുടങ്ങിയവയ്ക്കും സാധ്യത ഇല്ലായെങ്കിൽ മാത്രം പൊതുവായ ജൈവ മാലിന്യ ശേഖരണവും പൊതു കമ്പോസ്റ്റിംഗ് സംവിധാനവും ആലോചിക്കാവുന്നതാണ്.

13. എല്ലാ ഫ്ളാറ്റ് സമുച്ചയങ്ങളിലും അവരുടേതായ കമ്പോസ്റ്റിംഗ് സംവിധാനം ഏർപ്പെടുത്തണമെന്ന് കേരള പഞ്ചായത്തീ രാജ് ആക്ടും മുനിസിപ്പാലിറ്റി ആക്ടും നിഷ്ക്കർഷിക്കുന്നു. ഫ്ളാറ്റ് സമുച്ചയങ്ങളും ജൈവ മാലിന്യ സംസ്ക്കരണ രീതിയും സർവ്വേയിലൂടെ/ സന്ദർശനത്തിലൂടെ കണ്ടെത്തണം.

14. 50 ൽ കൂടുതൽ പേർക്ക് ഒരേ സമയം ഇരിക്കാൻ സൗകര്യമുള്ള എല്ലാ ഹോട്ടൽ/റസ്റ്റോറന്റുകളിൽ ഉറവിട മാലിന്യ സംസ്ക്കരണ സംവിധാനമുണ്ടാക്കണമെന്ന് കേരള പഞ്ചായത്ത് രാജ് നിയമവും കേരള മുനിസിപ്പാലിറ്റി നിയമവും അനുശാസിക്കുന്നു. അതിനു താഴെ സീറ്റിംഗ് കപ്പാസിറ്റിയുള്ള ഹോട്ടലുകളേയും ഉറവിട മാലിന്യ സംസ്ക്കരണ സംവിധാനം ഏർപ്പെടുത്തുന്നതിന് പ്രേരിപ്പിക്കണം. ഇതു സംബന്ധിച്ച വിവരങ്ങൾ സർവ്വേയിലൂടെ ലഭ്യമാക്കണം.

ഉറവിട മാലിന്യ സംസ്ക്കരണം സാധ്യമല്ലാത്ത വീടുകളിൽ നിന്നും ഹോട്ടൽ, മാർക്കറ്റുകൾ, കൃഷി സ്ഥലങ്ങൾ, മറ്റു പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ നിന്നും ഉല്പാദിപ്പിക്കുന്ന മാലിന്യത്തിന്റെ അളവ് സർവ്വേയിലൂടെ കണ്ടെത്തുകയും അതിന്റെ അടിസ്ഥാനത്തിൽ വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതുമാണ്. ഇതിനാവശ്യമായ സാങ്കേതിക വിവരങ്ങൾ സംസ്ഥാന ശുചിത്വ മിഷൻ തയ്യാറാക്കിയിട്ടുള്ള സാങ്കേതിക കൈപ്പുസ്തകത്തിൽ ലഭ്യമാണ്. വീടുകളിലും കച്ചവട സ്ഥാപനങ്ങളിലും ഉല്പാദിപ്പിക്കുന്ന മാലിന്യത്തിന്റെ തോത് അറിയുന്നതിനും നിലവിലുള്ള മാലിന്യ സംസ്കരണ രീതികൾ മനസിലാക്കുന്നതിനുമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തെരഞ്ഞെടുത്ത പ്രവർത്തന പങ്കാളിയുടെ സഹായത്തോടെ സർവ്വേ നടത്തേണ്ടതാണ്. ഇതിന്റെ വിശദാംശങ്ങൾ പ്രത്യേകം അറിയിക്കുന്നതാണ്.

#### 7.1.1. കിയോസ്ക്കുകൾ

ഉറവിടമാലിന്യ സംസ്കരണം സാർവത്രികമായി പ്രോത്സാഹിപ്പിക്കുന്നതിനാൽ വിവിധ കമ്പോസ്റ്റിങ്ങ്/ബയോമെതനേഷൻ സംവിധാനങ്ങളുടെയും ഇനോക്കുലത്തിന്റെയും ലഭ്യത പ്രാദേശിക തലത്തിൽ ഉറപ്പാക്കേണ്ടതുണ്ട്. അതിനാൽ ഇത്തരം സാധനങ്ങൾ വിപണനം ചെയ്യുന്ന കിയോസ്ക്കുകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിൽ ആരംഭിക്കണം. നിലവിൽ ശുചിത്വ മിഷൻ അംഗീകരിച്ചിട്ടുള്ള എല്ലാ സർവീസ് പ്രൊവൈഡർമാർക്കും തങ്ങളുടെ ഉത്പന്നങ്ങൾ ഈ കിയോസ്കിൽ പ്രദർശിപ്പിക്കാനും വിപണനം നടത്തുവാനും കഴിയും. ഉപഭോക്താക്കൾക്ക് വിവിധ തരം സംവിധാനങ്ങൾ കണ്ടു മനസ്സിലാക്കാനും തങ്ങൾക്ക് ഏറ്റവും അനുയോജ്യമായത് വാങ്ങി ഉപയോഗിക്കുവാനും ഇതിലൂടെ അവസരമുണ്ടാകും. പ്രസ്തുത കിയോസ്ക്കുകൾ ലാഭകരമായ സംരംഭമായി നടത്താവുന്ന രീതി പിന്നാലെ ഖണ്ഡിക 7.2.5. ൽ വിശദമാക്കുന്നുണ്ട്.

### 7.2. അജൈവ മാലിന്യ സംസ്ക്കരണം

അജൈവ മാലിന്യ സംസ്ക്കരണത്തിന് മാലിന്യത്തിന്റെ ഉല്പാദനം കുറക്കുക, പുനരുപയോഗിക്കുക, പുനഃചംക്രമണത്തിന് വിധേയമാക്കുക എന്നീ തത്വങ്ങളുടെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയിട്ടുള്ള സീറോ വേയ്സ്റ്റ് എന്ന ദർശനം സ്വീകരിക്കുകയും നടപ്പാക്കുകയും വേണം. ഇതിലേക്കായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

### 7.2.1. അജൈവ മാലിന്യങ്ങളുടെ വീട് വീടാന്തിരം നടത്തുന്ന ശേഖരണം

1. തദ്ദേശ സ്വയം ഭരണ സ്ഥാപന പരിധിയിൽ 100% വീടുകളിൽ നിന്നും (ഫ്ളാറ്റ് സമുച്ചയങ്ങളും ഗേറ്റഡ് കോളനികളും ഉൾപ്പെടെ) കച്ചവട സ്ഥാപനങ്ങളിൽ നിന്നും, ഇതര സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യം ശേഖരിക്കണം.
2. എല്ലാ കെട്ടിടങ്ങൾക്കും അജൈവ മാലിന്യ ശേഖരണത്തിന് സേവനത്തിനുള്ള ഫീസ് നിർബന്ധമായും ഈടാക്കണം. വീടുകൾക്ക് കുറഞ്ഞത് ഗ്രാമ പഞ്ചായത്തുകളിൽ 50 രൂപയും നഗരസഭകളിൽ 100 രൂപയും കച്ചവട സ്ഥാപനങ്ങളിൽ നിന്നും 200 രൂപയും ഈടാക്കാവുന്നതാണ്. കൂടുതൽ അജൈവ മാലിന്യം ഉല്പാദിപ്പിക്കുന്ന കച്ചവട സ്ഥാപനങ്ങളിൽ നിന്നും ഉല്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവിനനുസൃതമായി തുക നിശ്ചയിക്കാവുന്നതാണ്. ദരിദ്ര കുടുംബങ്ങളിൽ നിന്നും (ബി.പി.എൽ) സേവനത്തിനുള്ള ഫീസ് വാങ്ങുന്നത് ഒഴിവാക്കാവുന്നതാണ് ഉചിതമായ തീരുമാനം തദ്ദേശ സ്വയം ഭരണ സ്ഥാപനം കൈക്കൊള്ളേണ്ടതാണ്.
3. വീടുകളിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററിൽ സംഭരിച്ച ശേഷം റീസൈക്ളിംഗ് വ്യവസായങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെടുന്നു. വിവിധ മാലിന്യങ്ങളെ രണ്ടാം ഘട്ട തരം തിരിവിന് വിധേയമാക്കി ഓരോ തരം മാലിന്യത്തിന്റെയും ആവശ്യക്കാരായ റീസൈക്ളിംഗ് വ്യവസായികളെ കണ്ടെത്തി വേണം കൈ കാര്യം ചെയ്യേണ്ടത്. ഇപ്രകാരം ഓരോ മാസവും ഏതെല്ലാം തീയതികളിൽ ഏതെല്ലാം തരം മാലിന്യങ്ങളാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും പുറത്തേക്ക് കൊണ്ടു പോകുന്നതെന്ന് വ്യക്തമാക്കുന്ന ഒരു **വേസ്റ്റ് കലണ്ടർ** തദ്ദേശ സ്വയം ഭരണ സ്ഥാപനം കാലേക്കൂട്ടി തയ്യാറാക്കി പൊതു ജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കേണ്ടതാണ്.
4. അജൈവ മാലിന്യ ശേഖരണം ഒരു സ്ഥിര സംവിധാനമായി മാറുന്നതിന് ഈ പ്രവർത്തനം സംരംഭക അടിസ്ഥാനത്തിൽ നിർവ്വഹിക്കുന്നതായിരിക്കും ഉചിതം. സേവനത്തിനുള്ള ഫീസിലൂടെ ലഭിക്കുന്ന തുക പ്രവർത്തന പങ്കാളിക്ക് ലഭിക്കുകയും അത് അവരുടെ വരുമാനമായി മാറുകയും അതിലൂടെ അജൈവ മാലിന്യ ശേഖരണം ഒരു സുസ്ഥിരബിസിനസ് മാതൃകയായിത്തീരുകയും ചെയ്യും.
5. സംസ്ഥാനത്ത് പ്ളാസ്റ്റിക് ഇ-വേസ്റ്റ് എന്നീ മാലിന്യങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ നിശ്ചയിച്ചിട്ടുള്ള വില നൽകി ശേഖരിക്കുന്നതിന് ക്ളീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മെറ്റീരിയൽ റിക്കവറി ഫസിലിറ്റിയിൽ നിന്നും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വത്തിൽ പ്രസ്തുത കമ്പനി മുഖേനയും പുന:ചംക്രമണം ഉറപ്പാക്കുന്നതിനായി കൈമാറാം. ഇതിലൂടെ ലഭിക്കുന്ന തുക തദ്ദേശ സ്വയം ഭരണ സ്ഥാപാ

നങ്ങളെ സഹായിക്കുവാനായി ചുമതലപ്പെടുത്തിയിട്ടുള്ള പ്രവർത്തന പങ്കാളിക്ക് (ഖണ്ഡിക 8.3. കാണുക) നൽകുവാൻ കഴിയും

### 7.2.2. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ (MRF)

1. നഗരസഭകളിലെ എല്ലാ വാർഡുകളിലും അജൈവ മാലിന്യത്തിന്റെ താല്ക്കാലിക സംഭരണത്തിനും രണ്ടാം ഘട്ട തരംതിരിവിനും വേണ്ടി മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി (എം.ആർ.എഫ്) സ്ഥാപിക്കുന്നത് ഉചിതമായിരിക്കും. എല്ലാവാർഡിലും സാധ്യമല്ലെങ്കിൽ ഉല്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവ്കണക്കാക്കി ഉചിതമായ സ്ഥലങ്ങളിൽ ആവശ്യ മുള്ളത്ര എണ്ണം എം.ആർ.എഫ് സ്ഥാപിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തു കളിൽ കുറഞ്ഞത് ഒരെണ്ണമെങ്കിലും സ്ഥാപിക്കണം.
2. എം.ആർ.എഫിനു വേണ്ടി കെട്ടിടം കണ്ടെത്തുമ്പോൾ അഥവാ നിർമ്മിക്കു മ്പോൾ ജനസംഖ്യാടിസ്ഥാനത്തിൽ 10000 പേർക്ക് 1000 Sq.ft എന്ന തോതിൽ വിസ്തീർണ്ണമുള്ളതായിരിക്കണം
3. റോഡുകളും തെരുവുകളും വൃത്തിയാക്കുന്നതിലൂടെ ലഭിക്കുന്ന മാലിന്യം (Sweeping Waste) തരംതിരിക്കുന്നതിനും, പ്ളാസ്റ്റിക് അടക്കമുള്ള മാലിന്യങ്ങൾ കഴുകുന്നതിനും, ഷ്രെഡിങിനും ബെയിലിംഗിനും ഉപയോഗി ക്കാവുന്ന ആധുനിക യന്ത്ര സംവിധാനങ്ങൾ നിലവിലുണ്ട്. ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റേയും ആവശ്യത്തിനനുസരിച്ച് യന്ത്രവത്കൃത എം.ആർ. എഫ് സ്ഥാപിക്കാവുന്നതാണ്. വിശദാംശങ്ങൾ സംസ്ഥാന ശുചിത്വ മിഷൻ തയ്യാറാക്കിയിട്ടുള്ള സാങ്കേതിക കൈപ്പുസ്തകത്തിൽ ലഭ്യമാണ്.

   സ്ഥാപിക്കപ്പെടുന്ന എം.ആർ.എഫുകളിൽ റീസൈക്ളിംഗിന് വിധേയ മാക്കുവാൻ കഴിയാത്ത എല്ലാതരം പ്ളാസ്റ്റിക് ഇനങ്ങളും ഷ്രെഡു ചെയ്താൽ അവ റോഡ് ടാറിങ്ങിനായി പ്രയോജനപ്പെടുത്താം. ഇക്കാര്യത്തി ലുള്ള സർക്കാർ ഉത്തരവ് ഇതിനകം പുറപ്പെടുവിച്ചിട്ടുണ്ട്. (സർക്കാർ ഉത്ത രവ് (സാധാ) നം.3119/2016/ത.സ്വ.ഭ.വ തീയതി 17.01.2016) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് എം.ആർ.എഫിൽ സ്ഥാപിക്കേണ്ട പ്ളാസ്റ്റിക് ഷ്രെഡിങ്, ബെയ്ലിംഗ് യൂണിറ്റുകൾ ടെന്റർ നടപടികൾ ഒഴിവാക്കി വാങ്ങി സ്ഥാപിച്ചു നൽകുന്നതിലേക്കും സാങ്കേതിക സഹായം നൽകുന്നതിനും ക്ളീൻ കേരള കമ്പനിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. (സർക്കാർ ഉത്തരവ് (സാധാ) നം.1641/2017/ത.സ്വ.ഭ.വ തീയതി 19.05.2017)

4. എം.ആർ.എഫിന്റെ ഫലപ്രദമായ നടത്തിപ്പിന് കാര്യക്ഷമമായ മുൻപിൻ ബന്ധങ്ങളുടെ (Backward & Forward Linkage) ആസൂത്രണം അനിവാര്യമാണ്. വീട് വീടാന്തിരം നടക്കുന്ന അജൈവ മാലിന്യ ശേഖരണത്തിലൂടെ എം.ആർ.എഫിൽ എത്തിച്ചേരുന്ന മാലിന്യം യഥോചിതം തരം തിരിക്കപ്പെടുകയും വൃത്തിയാക്കി സൂക്ഷിക്കുകയും വേണം. ഇപ്രകാരം

സംഭരിക്കപ്പെടുന്ന മാലിന്യം (പേപ്പർ, ഗ്ലാസ്, മെറ്റൽ, പ്ലാസ്റ്റിക്, ഇലക്ട്രോണിക്ക് വേസ്റ്റ്, മറ്റ് പുനഃചംക്രമണ സാധ്യതയുളളവ) പുനഃചംക്രമണത്തിനായി ബന്ധപ്പെട്ട സംരംഭകർക്ക് നൽകേണ്ടതാണ്. ഇത്തരം മാലിന്യം കൈകാര്യം ചെയ്യുന്ന''സ്ക്രാപ്പ് ഡീലർ'' മാരുടെ ലിസ്റ്റ് ശുചിത്വ മിഷന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

5. ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപന പരിധിയിലും അനൗപചാരികമായി പാഴ് വസ്തു ശേഖരിക്കുകയും വ്യാപാരം നടത്തുകയും ചെയ്യുന്നവരെ തങ്ങളുടെ അജൈവ മാലിന്യ ശേഖരണ, സംഭരണ പ്രവർത്തനങ്ങളിൽ ഔപചാരികമായി സഹായിക്കുന്ന കണ്ണികളായി മാറ്റാൻ കഴിയണം.
6. തദ്ദേശീയരായ ''സ്ക്രാപ്പ് ഡീലർമാർ'' അജൈവ മാലിന്യ ത്തിന്റെ രണ്ടാം ഘട്ട തരം തിരിവ് നടത്തുന്നതിൽ പ്രാവീണ്യമുളളവരായതിനാൽ അവരെ എം.ആർ. എഫിന്റെ നടത്തിപ്പ് ചുമതലയിൽ ഉൾപ്പെടുത്തണം. സ്ക്രാപ്പ് ഡീലർമാരുടെ നിലവിലുള്ള പരിമിതമായ സൗകര്യങ്ങൾ വിപുലീകരിച്ച് എം.ആർ.എഫ് സ്ഥാപിക്കു ന്നതും പരിഗണിക്കാവുന്നതാണ്.
7. രജിസ്റ്റർ ചെയ്തിട്ടുള്ള ''സ്ക്രാപ്പ് ഡീലർ'' മാരുടെ നിലവിലുള്ള സ്ഥലസൗകര്യം എം.ആർ.എഫിനുവേണ്ടി വാടകയ്ക്കെടുക്കുന്നതും പരിഗണിക്കാവുന്നതാണ്.
8. അപകടകരമായ മാലിന്യങ്ങളും ശാസ്ത്രീയമായി സംസ്കരിക്കാൻ സാധിക്കാത്തവയും പ്രത്യേകമായി സംഭരിക്കപ്പെടേണ്ടതാണ്.

**7.2.3. സ്വാപ് ഷോപ്പുകൾ**

ഒരു വ്യക്തിയ്ക്കോ കുടുംബത്തിനോ ആവശ്യമില്ലാത്ത പുനരുപയോഗ ക്ഷമമായ വസ്തു / ഉൽപ്പന്നം ഒരു പൊതു സംവിധാനത്തിലൂടെ കൈമാറുന്നതുവഴി ആ വസ്തു മറ്റൊരു വ്യക്തിക്കോ കുടുംബത്തിനോ ഉപയോഗപ്രദമാകുകയും മൂല്യമുള്ള വസ്തുക്കൾ ആവശ്യമുളളവരിലെത്തിക്കുക എന്ന രീതിക്ക് വിപുലമായ പ്രചാരണം നൽകുക എന്നുള്ളതുമാണ് സ്വാപ്പ് ഷോപ്പുകളുടെ ലക്ഷ്യം. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കാണ് പ്രസ്തുത സ്വാപ്പ് ഷോപ്പ് പ്രവർത്തനം സംഘടിപ്പിക്കുന്നതിനുള്ള പ്രാഥമിക ചുമതല.

ശുചിത്വ മാലിന്യ സംസ്കരണ കാമ്പയിന്റെ ഭാഗമായി പൊതുജന പങ്കാളിത്തത്തോടുകൂടി ഉപയോഗിച്ചതും വൃത്തിയുള്ളതും പുനരുപയോഗയോഗ്യവുമായ വസ്തുക്കൾ / ഉൽപ്പന്നങ്ങൾ ആവശ്യക്കാർക്ക് സ്വന്തമാക്കുന്നതിനും അതുവഴി പുനരുപയോഗത്തിലൂടെ ഉപയോഗിക്കപ്പെടാത്ത വസ്തുക്കളുടെ അളവ് കുറയ്ക്കുന്നതിനും ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന സ്വാപ്പ് ഷോപ്പുകൾ 93 നഗരസഭകളിലും, ബ്ളോക്ക് പഞ്ചായത്തു തലത്തിലും മാസത്തിൽ ഒരു ദിവസമെങ്കിലും നിർബന്ധമായും സംഘടിപ്പിക്കേണ്ടതും തുടർന്ന് സ്ഥിര സംവിധാനമായി

മാറ്റേണ്ടതുമാണ്. താല്പര്യമുള്ള എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ഇത് ഏറ്റെടുത്ത് നടപ്പാക്കേണ്ടതാണ്.

സ്വാപ് ഷോപ്പുകളുടെ പ്രവർത്തനം മറ്റൊരു സംരംഭക സാധ്യതയാണ്. പുനരുപയോഗ സാധ്യതയുള്ള വസ്തുക്കൾ നൽകുന്ന വ്യക്തി അത് പൂർണ്ണമായും സൗജന്യമായി നൽകാവുന്നതാണ്. എന്നാൽ അതിന് പ്രതിഫലം ആഗ്രഹിക്കുന്നുണ്ടെങ്കിൽ നൽകുന്ന വസ്തുവിന്റെ ഉദ്ദേശ മൂല്യം കണക്കാക്കി അതിന്റെ 10% നൽകാവുന്നതാണ്. പ്രസ്തുത സാധനം മറിച്ചു നൽകുമ്പോൾ 15-20 ശതമാനം വാങ്ങുന്നയാളിൽ നിന്നും ഈടാക്കാവുന്നതാണ്. സ്വാപ് ഷോപ്പിന്റെ നടത്തിപ്പ് സംരംഭ ഗ്രൂപ്പിനെയോ, സർക്കാതിര സംഘടനയെയോ കുടുംബശ്രീ ആക്ടിവിറ്റി ഗ്രൂപ്പിനെയോ ഏല്പിക്കാവുന്നതാണ്. സ്വാപ് ഷോപ്പ് ആരംഭിക്കുന്നതിന്റെ അടിസ്ഥാന സൗകര്യ ചെലവ് (മൂലധന നിക്ഷേപം) തദ്ദേശ സ്വയം ഭരണ സ്ഥാപനം വഹിക്കേണ്ടതും ആവർത്തന ചെലവ് സ്വാപ് ഷോപ്പിന്റെ നടത്തിപ്പ് ചുമതല ഏൽക്കുന്നവർ വഹിക്കേണ്ടതുമാണ്. സംരംഭ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനാൽ ധനകാര്യ സ്ഥാപനത്തിൽ നിന്നും വായ്പ ലഭ്യമാകുന്നതിനുള്ള സഹായം ചെയ്തു കൊടുക്കേണ്ടതാണ്. തുടക്കത്തിൽ സ്വാപ് ഷോപ്പ് ലാഭകരമായി പ്രവർത്തിക്കണമെന്നില്ല. ആയതിനാൽ വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിക്കേണ്ടിവരും. ഇതിന്റെ വിശദമായ മാർഗ്ഗ നിർദ്ദേശം പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

**7.2.4. റിപ്പയർ ഷോപ്പുകൾ**

മെറ്റീരിയൽ റിക്കവറി ഫെസിലിറ്റിക്കും സ്വാപ് ഷോപ്പിനും സമീപം ആരംഭിക്കാവുന്ന മറ്റൊരു സംരംഭ സാധ്യതയാണ് റിപ്പയർ ഷോപ്പുകൾ. എം.ആർ. എഫിലും, സ്വാപ് ഷോപ്പിലും ലഭിക്കുന്ന പുനരുപയോഗ സാധ്യതയുള്ള ഇലക്ട്രോണിക്, ഇലക്ട്രിക്കൽ ഉൽപന്നങ്ങൾ, ഫർണീച്ചറുകൾ, പ്രഷർകുക്കർ പോലെ അടുക്കളയിൽ ഉപയോഗിക്കുന്ന വസ്തുക്കൾ, വസ്ത്രങ്ങൾ, മുതലായവയുടെ കേടുപാടുകൾ തീർത്ത് മൂല്യ വർദ്ധനവ് വരുത്തി വിപണനം ചെയ്യുകയാണെങ്കിൽ സ്വാപ് ഷോപ്പിന് കൂടുതൽ വരുമാനം ലഭിക്കാനും റിപ്പയർ ഷോപ്പ് പ്രവർത്തിക്കുന്നത് ആദായകരമാക്കാനും സാധിക്കും. റിപ്പയർ ഷോപ്പുകൾ വിവിധ ട്രേഡുകളിൽ സാങ്കേതിക വിദ്യാഭ്യാസം ലഭിച്ച അഥവാ പരിശീലനം നേടാൻ താൽപര്യമുള്ള യുവതീയുവാക്കളെ പങ്കെടുപ്പിച്ചുക്കൊണ്ട് നടപ്പാക്കാവുന്നതാണ്. മൾട്ടി പർപ്പസ് ജോബ്ബ് ക്ലബ്ബ് എന്ന നിലയിൽ പ്രസ്തുത സംരംഭം ആരംഭിക്കാവുന്നതാണ്. എം.ആർ.എഫിനോടോ സ്വാപ് ഷോപ്പിനോട് അനുബന്ധമായോ സമീപത്തോ ഇതിനുവേണ്ട അടിസ്ഥാന സൗകര്യം തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരുക്കി കൊടുക്കണം. മൂലധനനിക്ഷേപം തദ്ദേശ സ്വയംഭരണ സ്ഥാപനവും ആവർത്തന ചെലവ് സംരംഭകരും വഹിക്കണം. ഈ പ്രോജക്ടും വയബിലിറ്റി ഗ്യാപ് ഫണ്ടിംഗിന് പരിഗണിക്കാവുന്നതാണ്.

### 7.2.5. പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും

ശുചിത്വ-മാലിന്യ സംസ്കരണ കാമ്പയിന്റെ ഭാഗമായി നിർമ്മാർജ്ജനം ചെയ്യപ്പെടുന്ന അജൈവ മാലിന്യങ്ങൾ അതേ രൂപത്തിൽ വീണ്ടും ഉപയോഗിക്കപ്പെടാതിരിക്കണമെങ്കിൽ ഉല്പന്നങ്ങളുടെ സ്വഭാവത്തിൽ മാറ്റം വരുത്തേണ്ടതുണ്ട്. പ്ലാസ്റ്റിക് നിർമ്മിത ക്യാരിബാഗ്, കപ്പ്, പ്ലേറ്റ്, പേപ്പർ കപ്പ്, പ്ലേറ്റ് തുടങ്ങിയവ ദൈനംദിന ഉപയോഗത്തിൽ നിന്നും പൂർണ്ണമായി ഒഴിവാക്കുകയും അതിന് പകരം വെക്കാവുന്ന പരിസ്ഥിതി സൗഹൃദ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചു നിർമ്മിക്കുന്ന തുണിസഞ്ചി, പേപ്പർ കവർ, പേപ്പർ ബാഗ്, പാള പ്ലേറ്റ്, മൺ പാത്രങ്ങൾ ചിരട്ട കൊണ്ടുള്ളവ, ചകിരി കൊണ്ടുള്ള ബ്രഷ്, ഈർക്കിൽചൂല് എന്നിവയുടെ ഉല്പാദനം പ്രോത്സാഹിപ്പിക്കേണ്ടതാണ്. നിലവിൽ ഇത്തരം യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഒരു ഗ്രാമപഞ്ചായത്തിന്റെയോ, നഗരസഭ യുടെയോ മൊത്തം ആവശ്യം നിർവഹിക്കുന്ന തോതിലുള്ള ഉല്പാദനം നടക്കുന്നില്ല. പ്രസ്തുത യൂണിറ്റുകളുടെ ഉല്പാദനശേഷി കുറവായതിനാൽ യൂണിറ്റുകൾ നഷ്ടത്തിലേക്ക് പോകാനും സാധ്യതയുണ്ട്. ഇത് പരിഹരിക്കുന്നതിന് ഗ്രാമ പഞ്ചായത്തുകളിലും നഗരസഭ കളിലും ഇത്തരം യൂണിറ്റുകൾ കൂടുതലായി ആരംഭിക്കേണ്ടതും ജില്ലാ അടിസ്ഥാ നത്തിൽ ഇവയെ നെറ്റ്‌വർക്ക് ചെയ്യുന്നതിലൂടെ മുൻപിൻ ബന്ധങ്ങൾ ഉറപ്പുവരുത്തേണ്ടതുമാണ്. നിലവിലുള്ള ഇത്തരം സംരംഭങ്ങളെ കൂടി പ്രസ്തുത നെറ്റ്‌വർക്കിന്റെ ഭാഗമാക്കേണ്ടതും ഉല്പാദനശേഷി കൈവരിക്കുന്നതിനാ വശ്യമായ പിന്തുണ നൽകേണ്ടതുമാണ്.

പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങുടെ ഉല്പാദന യൂണിറ്റുകൾ ലാഭകരമായി നടത്തുന്നിനും ഉല്പന്നങ്ങൾക്ക് ജന ശ്രദ്ധ ലഭിക്കുന്നതിനും വിപണനം മെച്ചപ്പെടുത്തുന്നതിനും പ്രത്യേക വിപണന കേന്ദ്രം ആരംഭിക്കുന്നതിലൂടെ സാധിക്കും. ശുചിത്വ മാലിന്യ സംസ്കരണ കാമ്പയിന്റെ ഭാഗമായി നടക്കുന്ന പ്രചാരണ പ്രവർത്തനങ്ങൾ സമൂഹത്തിൽ പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങളുടെ ആവശ്യകത വർദ്ധിപ്പിക്കും.വർദ്ധിച്ചു വരുന്ന ആവശ്യകതക്കനുസ്യതമായി ഉല്പാദനവും വിപണനവും മെച്ചപ്പെടുത്തുക വഴി യൂണിറ്റുകളും വിപണ കേന്ദ്രങ്ങളും ലാഭകരമായി പ്രവർത്തിക്കാൻ കഴിയും.

പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങൾക്ക് പുറമെ ഉറവിട മാലിന്യ സംസ്കരണത്തിനു പയോഗിക്കുന്ന വിവിധതരം ഉപകരണങ്ങൾ (ഉദാ: കിച്ചൺ ബിൻ, മൺകല കംപോസ്റ്റിംഗ്, ബക്കറ്റ് കംപോസ്റ്റിംഗ്, ജൈവ സംസ്കരണ ഭരണി, മണ്ണിര കംപോസ്റ്റിംഗ് മുതലായവ), 'ഇനോക്കുലം', മാലിന്യം ഇളക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും ലഘുവായ ഉപകരണങ്ങൾ, വീടുകളിലും സ്ഥാപനങ്ങളിലും ശുചിത്വ പരിപാലനത്തിന് ഉപയോഗിക്കുന്ന ബ്രഷ്, ചൂല്, അണുനാശിനി, സോപ്പ്പൊടി എന്നിവയും വിപണന കേന്ദ്രങ്ങളിൽ ലഭ്യമാക്കാ

വുന്നതാണ്. ശുചിത്വവും മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട് വീടുകൾക്കും സ്ഥാപനങ്ങൾക്കും ആവശ്യമുള്ള എല്ലാ വിധ സാധനസാമഗ്രികളുടെയും വില്പന ഈ വിപണന കേന്ദ്രത്തിലൂടെ നടത്താവുന്നതാണ്. ഇതിനാവശ്യമായ മൂലധന നിക്ഷേപം തദ്ദേശ സ്വയം ഭരണ സ്ഥാപനം വഹിക്കേണ്ടതും പ്രവർത്തന മൂലധനവും ആവർത്തന ചെലവും സംരംഭകർ കണ്ടെത്തേണ്ടതുമാണ്.

ഉറവിട മാലിന്യ സംസ്കരണത്തിന് ശുചിത്വമിഷൻ അംഗീകരിച്ചിട്ടുള്ള സേവനദാതാക്കളുടെ വിവരങ്ങളും ഓരോരുത്തരും നൽകുന്ന സേവനങ്ങളുടെ വിശദാംശങ്ങളും വിപണനകേന്ദ്രത്തിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കാവുന്നതാണ്.

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഓഫീസ് ഉപയോഗത്തിനായുള്ള ഈർക്കിൽ ചൂല്, ബ്രഷ്, അണുനാശിനി, സോപ്പ് പൊടി തുടങ്ങിയ വിപണന കേന്ദ്രത്തിൽ നിന്നും വാങ്ങി വിപണനത്തെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

അജൈവ മാലിന്യ സംസ്ക്കരണം യഥാർത്ഥ്യമാക്കുന്നതിന് നൂറുശതമാനം വീട് വീടാന്തിരം ശേഖരണം ഉറപ്പാക്കുകയും എം.ആർ.എഫ്, സ്വാപ് ഷോപ്പ്, റിപ്പയർ ഷോപ്പ്, വില്പന കേന്ദ്രം (KIOSK)എന്നിവ സ്ഥാപിക്കുകയും വേണം. താഴെ കൊടുത്തിട്ടുള്ള ചിത്രം ശ്രദ്ധിക്കുക

Disposal Free Synergy for Non Bio Degradable Waste




**7.2.6. ഹരിത മാർഗരേഖ**

"സീറോ വേസ്റ്റ്" സങ്കല്പനം യാഥാർത്ഥ്യമാക്കുന്നതിന് അജൈവ വസ്തുവകകളുടെ ഉപയോഗം കുറക്കുക (Reduce) മാലിന്യത്തിന്റെ ഉല്പാദനം കുറക്കുന്നതിലേക്കായി പുനരുപയോഗം വർദ്ധിപ്പിക്കുക (Reuse) പുനഃചംക്രമണം (Recycle) പ്രോത്സാഹിപ്പിക്കുക എന്നിവ, പ്രായോഗിക തലത്തിൽ നടപ്പാക്കുന്നതിന് "ഹരിത മാർഗ രേഖ" സഹായിക്കും. തദ്ദേശ സ്വയം ഭരണ സ്ഥാപന പരിധിയിലെ എല്ലാ വീടുകളിലും, കച്ചവട സ്ഥാപനങ്ങളിലും, കല്യാണ മണ്ഡപ

ങ്ങളിലും, പബ്ളിക് ഓഫീസുകളിലും, സ്കൂളുകളിലുമെല്ലാം ഹരിത മാർഗ്ഗ രേഖ ഘട്ടം ഘട്ടമായി നടപ്പാക്കണം. തുടക്കമെന്ന നിലയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ആസ്ഥാന കാര്യാലയത്തിൽ ഹരിത മാർഗ്ഗ രേഖ നടപ്പാക്കുന്നത് മറ്റ് ഓഫീസുകൾക്കും സ്ഥാപനങ്ങൾക്കും പ്രചോദനമായിരിക്കും. ഇതിലേക്കായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.

1. പ്ലാസ്റ്റിക് ക്യാരിബാഗുകൾ ഏതളവിലുള്ളതായാലും ഓഫീസിനുള്ളിൽ കൊണ്ടു വരാൻ പാടുള്ളതല്ല. പ്ലാസ്റ്റിക് ബാഗുകൾ കൊണ്ടുവരുന്ന സന്ദർശകർ തിരികെ വേണമെങ്കിൽ അത് ഗേറ്റിൽ ഏൽപ്പിച്ച് ടോക്കൺ വാങ്ങി ഓഫീസിനുള്ളിലേക്ക് പോകേണ്ടതും തിരികെ വരുമ്പോൾ ടോക്കൺ നൽകി തിരികെ വാങ്ങാവുന്നതുമാണ്. പ്ലാസ്റ്റിക് ബാഗ് ആവശ്യമില്ലാത്തവർ അത് ഉപയോഗിക്കുന്നതിന് വേണ്ടി സൂക്ഷിച്ചിട്ടുള്ള ബിന്നിൽ നിക്ഷേപിക്കേണ്ടതാണ്.
2. ഓഫീസിലേക്ക് ആഹാരപദാർത്ഥങ്ങളും കുടിവെള്ളവും കൊണ്ടുവരുന്നത് സ്റ്റീൽ പാത്രത്തിലോ പുരുപയോഗ സാധ്യതയുള്ള പാത്രത്തിലോ ആയിരിക്കണം. ഇലപ്പൊതികളും, പ്ലാസ്റ്റിക് ആവരണം ചെയ്ത പേപ്പറു കളും, ഫുഡ് ഗ്രേഡ് പ്ലാസ്റ്റിക് തുടങ്ങിയവയും പൂർണ്ണമായും ഒഴിവാക്കണം.
3. ആവശ്യത്തിനുള്ള ആഹാരം മാത്രം കൊണ്ടുവരികയും ആഹാര അവശിഷ്ടം ഒഴിവാക്കുകയും വേണം. ഉണ്ടാകുന്ന പരിമിതമായ അവശിഷ്ടം ജൈവമാലിന്യം നിക്ഷേപിക്കുന്നതിനുള്ള ബിന്നിൽ ജലാംശം ഒഴിവാക്കി നിക്ഷേപിക്കുക.
4. ദ്രവ രൂപത്തിലുള്ള ഭക്ഷണ പദാർത്ഥങ്ങൾ ബാക്കി വരുന്നത് വെള്ളം ചേർത്ത് സിങ്കിലൊഴിക്കുക - ബിന്നിലൊഴിക്കരുത്.
5. ഓരോ ജീവനക്കാരനും സ്വന്തം ഇരിപ്പിട സ്ഥലം ദിവസം സ്വയം വൃത്തിയാക്കുക. മറ്റുള്ളവരുടെ സേവനത്തിനായി കാത്തിരിക്കരുത്.
6. ഓഫീസിനുള്ളിൽ കുടിവെള്ളം, ചായ, കോഫി തുടങ്ങിയ പാനീയങ്ങൾ, ഭക്ഷണ വസ്തുക്കൾ എന്നിവ കഴിച്ചശേഷം കപ്പ്/പാത്രം ഉപേക്ഷിക്കുന്ന പരമ്പരാഗത ശൈലി ഒഴിവാക്കി പുനരുപയോഗ സാധ്യതയുള്ളവ ഉപയോഗിക്കേണ്ടതാണ്. (ഉദാ: പേപ്പർ കപ്പ്, പേപ്പർ പ്ലേറ്റ് എന്നിവ ഒഴിവാക്കി സ്റ്റീൽ ഗ്ലാസ്സ്, സ്റ്റീൽ പ്ലേറ്റ് തുടങ്ങിയവ ഉപയോഗിക്കുക). തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന വിവിധ പരിശീലന പരിപാടികളും സെമിനാറുകളും മീറ്റിംഗുകളും, ആഘോഷ പരിപാടികളും മറ്റും നടക്കുമ്പോഴും ഈ നിർദ്ദേശം പാലിക്കുക. ഓഫീസിൽ ആവശ്യമായത്രയും സ്റ്റീൽ ഗ്ളാസ്, പാത്രം വാങ്ങി സൂക്ഷിക്കാം. കൂടുതൽ പേർ പങ്കെടുക്കുന്ന സെമിനാറുകൾക്കും മറ്റുമായി ഒരു കുടുംബശ്രീ സംരംഭ യൂണിറ്റിൽ നിന്നും വാടകയ്ക്കും എടുക്കാം.
7. ഓഫീസ് കെട്ടിടത്തിന്റെ ഓരോ നിലയിലും അല്ലെങ്കിൽ ഓരോ വിഭാഗത്തിലും മാലിന്യം തരംതിരിച്ച് നിക്ഷേപിക്കാൻ ആവശ്യമായ വ്യത്യസ്ത നിറ

ങ്ങളിലുള്ള ബിന്നുകൾ സ്ഥാപിക്കുകയും മാലിന്യം അതിൽ മാത്രം നിക്ഷേപിക്കുകയും ചെയ്യുക (ഉദാ: ജൈവമാലിന്യം - പച്ചനിറം, അജൈവമാലിന്യം - മഞ്ഞ, അപകടകരമായവ - ചുവപ്പ്)

8. ഗ്രാമ സഭാ യോഗങ്ങളിലും, അയൽക്കൂട്ടം, അയൽ സഭ, റസിഡൻസ് അസോസിയേഷനുകളുടെ മീറ്റിംഗുകൾ എന്നിവിടങ്ങളിൽ ഹരിത മാർഗ്ഗരേഖയുടെ പ്രസക്തി ചർച്ച ചെയ്യുകയും കൂടുതൽ പ്രചാരണം നൽകുകയും വേണം.

9. തദ്ദേശ സ്വയംഭരണ സ്ഥാപന കാര്യാലയ പരിസരത്ത് ജൈവമാലിന്യ സംസ്കരണത്തിനുതകുന്ന എറോബിക് ബിന്നുകൾ (തുമ്പൂർമൊഴി / റിങ് മാതൃക) സ്ഥാപിക്കുന്നത് ഉചിതമായിരിക്കും. അജൈവ മാലിന്യങ്ങൾ വൃത്തിയാക്കി ശേഖരിച്ച് സംഭരിക്കുന്നതിനും മറ്റുള്ളവർക്ക് മാതൃകയാവുന്നതിനും ഒരു മിനി എം.ആർ.എഫും സ്ഥാപിക്കാവുന്നതാണ്. ഈ സംവിധാനങ്ങൾ കൃത്യമായി പ്രവർത്തിപ്പിക്കുന്നതിന് ജീവനക്കാരെ നിയോഗിക്കേണ്ടതാണ്. കമ്പോസ്റ്റുപയോഗിച്ച് ചെറിയ പച്ചക്കറി തോട്ടം ഉണ്ടാക്കാവുന്നതാണ്.

10. ഗ്രീൻ പ്രോട്ടോക്കോൾ തുടക്കത്തിൽ ഗ്രാമപഞ്ചായത്ത്/നഗരസഭകളിലെ കാര്യാലയങ്ങളിലും, തുടർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ള വിവിധ ഓഫീസുകളിലേക്കും സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കേണ്ടതും അടുത്തഘട്ടമായി തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലുള്ള എല്ലാ സർക്കാർ സ്വകാര്യ സ്ഥാപനങ്ങളിലേക്കും വിദ്യാലയങ്ങളിലേക്കും കച്ചവട സ്ഥാപനങ്ങളിലേക്കും സമയബന്ധിതമായി വ്യാപിക്കേണ്ടതും നിശ്ചിത കാലയളവിനുള്ളിൽ തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കേണ്ടതുമാണ്. ഓരോ സ്ഥാപനത്തിലും നടപ്പാക്കേണ്ട വ്യത്യസ്ത രീതികൾ സംബന്ധിച്ച കൈപുസ്തകം പ്രത്യേകമായി ശുചിത്വ മിഷൻ പ്രസിദ്ധീകരിക്കുന്നതാണ്.

മുകളിൽ (7.2 ൽ ) സൂചിപ്പിച്ച ആറു ഘടകങ്ങൾ ക്രമമായും കാര്യക്ഷമതയോടെയും നിർവ്വഹിക്കുകയാണെങ്കിൽ അജൈവ മാലിന്യങ്ങളുടെ നല്ലൊരു പങ്ക് വളരെ എളുപ്പത്തിലും പരിസ്ഥിതി സൗഹൃദമായ രീതിയിലും സംസ്കരിക്കുന്നതിന് സാധിക്കും.

## 8. സംഘടനാ സംവിധാനവും പദ്ധതി നിർവ്വഹണവും

### 8.1. തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ സാങ്കേതിക സമിതി

തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സന്റെ അദ്ധ്യക്ഷതയിൽ ഒരു സാങ്കേതിക സമിതി രൂപീകരിക്കണം. സാങ്കേതിക സമിതിയുടെ വൈസ് ചെയർമാനായി സമൂഹത്തിൽ അറിയപ്പെടുന്ന ഒരു ഡോക്ടർ, എൻജിനീയർ, ശാസ്ത്രജ്ഞൻ, നഗര/ഗ്രാമ വികസന വിദഗ്ദ്ധൻ,

പ്രൊഫസർ, അദ്ധ്യാപകർ എന്നിവരിൽ ഒരാളെ കണ്ടെത്തി നിയോഗിക്കാവുന്നതാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപന അധ്യക്ഷനും, ഉപ അധ്യക്ഷനും പ്രത്യേക ക്ഷണിതാക്കളായിരിക്കും. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി കൺവീനറായിരിക്കും. ശുചിത്വ മിഷൻ റിസോഴ്സ് പേഴ്സൺ ഈ സമിതിയിൽ അംഗമായിരിക്കും. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ ആരോഗ്യം (ഹെൽത്ത് ഇൻസ്പെക്ടർ), എൻജിനീയറിംഗ്, ധനകാര്യം എന്നീ വിഭാഗങ്ങളിലെ ഉദ്യോഗസ്ഥ പ്രതിനിധികളും, കൈമാറ്റം ചെയ്യപ്പെട്ട വകുപ്പുകളിലെ (വിദ്യാഭ്യാസം, കൃഷി, ആരോഗ്യം, മൃഗസംരക്ഷണം തുടങ്ങിയവർ) ഉദ്യോഗസ്ഥരും സാങ്കേതിക സമിതിയിൽ അംഗങ്ങളായിരിക്കും. ഇതിനു പുറമേ 5 അനൗദ്യോഗിക അംഗങ്ങളെ റിട്ടയേർഡ് അദ്ധ്യാപകർ, എക്സ് സർവ്വീസ് പേഴ്സൺ, റസിഡൻസ് അസോസിയേഷനുകൾ, സർക്കാരിതര സംഘടനകൾ, കുടുംബശ്രീ സി.ഡി.എസ്, ഡോക്ടർമാർ, എഞ്ചിനീയർമാർ, റോട്ടറി/ലയൺസ് ക്ളബുകൾ എന്നീ മേഖലകളിൽ നിന്നും കണ്ടെത്താവുന്നതാണ്. ദ്രവ - ഖര മാലിന്യ സംസ്കരണ മേഖലയിൽ നൈപുണ്യം നേടിയ വ്യക്തികളോ സ്ഥാപനങ്ങളോ ലഭ്യമാണെങ്കിൽ അവർക്ക് സാങ്കേതിക സമിതിയിൽ പ്രാതിനിധ്യം നൽകേണ്ടതാണ്. സാങ്കേതിക സമിതിയുടെ ശുപാർശകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി മുൻപാകെ സമർപ്പിക്കേണ്ടതും, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ചകൾക്കു ശേഷം അന്തിമ ശുപാർശകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ കമ്മിറ്റി/കൗൺസിൽ മുൻപാകെ സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കണം.

**8.2. സാങ്കേതിക സമിതിയുടെ ചുമതലകൾ**

1. ശുചിത്വ മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട പദ്ധതികളുടെ ആവിഷ്ക്കാര നിർവ്വഹണ പ്രവർത്തനങ്ങൾക്ക് മേൽ നോട്ടം വഹിക്കുക
2. പ്രവർത്തന പങ്കാളിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക
3. പദ്ധതി നിർവ്വഹണത്തിന്റെ ഗുണനിലവാരം പരിശോധിക്കുകയും ഉറപ്പുവരുത്തുകയും ചെയ്യുക
4. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കുന്നതിന് നേതൃത്വം നൽകുകയും ഗ്രീൻ ഓഡിറ്റ് നടത്തകയും ചെയ്യുക
5. ശുചിത്വ മാലിന്യ സംസ്കരണ കാമ്പയിന്റെ ഭാഗമായി ബഹുജന ബോധവൽക്കരണ പ്രവർത്തനമുൾപ്പെടെയുള്ള വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും പ്രവർത്തനം സസൂക്ഷമം നിരീക്ഷിക്കുകയും ചെയ്യുക
6. തദ്ദേശ സ്വയം ഭരണ സ്ഥാപന പരിധിയിൽ വരുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോഴും പുതുക്കി നൽകുമ്പോഴും ഗ്രീൻ പ്രോട്ടോക്കോൾ പ്രസ്തുത സ്ഥാപനം നടപ്പാക്കുമെന്ന് രേഖാമൂലം ഉറപ്പു വാങ്ങുക

7. ശുചിത്വ മാലിന്യ സംസ്കരണ കാമ്പയിന്റെ ഭാഗമായുള്ള എല്ലാ പ്രവർത്തന ങ്ങളുടേയും മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കുക.

### 8.3. പ്രവർത്തന പങ്കാളി (Operating Partner)

ശാസ്ത്രീയമായ രീതിയിൽ ശുചിത്വ മാലിന്യ സംസ്കരണ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനം സ്വയം നിർവ്വഹിക്കേണ്ടതാണ്. കുടുംബശ്രീ സംഘടനാ സംവിധാനത്തെയും ഉപയോഗപ്പെടുത്താവുന്നതാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നേരിട്ടും കുടുംബശ്രീ മുഖേനയും ഈ പ്രവർത്തനങ്ങൾ നടത്തുന്നതിന് പ്രയാസമുണ്ടെന്ന് ബോദ്ധ്യപ്പെട്ടാൽ ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് ഒരു പ്രവർത്തന പങ്കാളിയെ (Operating Partner) കണ്ടെത്താവുന്നതാണ്. സംസ്ഥാന ശുചിത്വ മിഷൻ താല്പര്യ പത്രം ക്ഷണിച്ച് അംഗീകാരം നൽകിയ സംഘടനകളുടെ ലിസ്റ്റ് ജില്ലാ ശുചിത്വ മിഷനുകളിൽ ലഭ്യമാണ്. ഇതിൽ നിന്നും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് ഒരു പ്രവർത്തന പങ്കാളിയെ പിന്നാലെ സൂചിപ്പിക്കുന്ന മാനദണ്ഡങ്ങളും നടപടികളും സ്വീകരിച്ച് തെരഞ്ഞെടുക്കാവുന്നതാണ്. സുസ്ഥിരത കൈവരിക്കുന്നതിനാവശ്യമായ ഒരു ബിസിനസ് മാതൃക സൃഷ്ടിക്കാൻ കഴിയുന്നതും അതിന് ശേഷിയുള്ളതുമായിരിക്കണം തെരഞ്ഞെടുക്കുന്ന പ്രവർത്തന പങ്കാളി. യോഗ്യരായ പ്രവർത്തന പങ്കാളിയെ കിട്ടാത്ത സാഹചര്യത്തിൽ പ്രാദേശിക സർക്കാരുകൾക്ക് അതത് സ്ഥാപനങ്ങളുടെ മേൽ നോട്ടത്തിൽ വ്യവസ്ഥാപിതമായ രീതിയിൽ നടപടികൾ പാലിച്ച് പ്രത്യേക സംരംഭ ഗ്രൂപ്പുകൾ രൂപപ്പെടുത്താവുന്നതും അവരുടെ സഹായത്തോടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താവുന്നതാണ്.

1. പ്രവർത്തന പങ്കാളിയെ കണ്ടെത്തുന്നതിലേക്കായി താഴെപ്പറയുന്ന മാനദണ്ഡങ്ങളും നടപടികളും സ്വീകരിക്കേണ്ടതാണ്.
   i. സംസ്ഥാന ശുചിത്വ മിഷൻ അംഗീകാരം നൽകിയിട്ടുള്ള ഏജൻസികളിൽ നിന്നു വേണം പ്രവർത്തന പങ്കാളിയെ കണ്ടെത്തേണ്ടത്. ഇതിനായി ഒരു ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള പ്രധാന ഘടകം അവർ സമർപ്പിക്കുന്ന ബിസിനസ് മാതൃകയായിരിക്കും. പ്രർത്തനത്തിൽ കാര്യക്ഷമതയുടെ മികവും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് സാമ്പത്തിക ഭാരം ഉണ്ടാകാത്തതും സീറോ വേസ്റ്റ് ദർശനത്തിൽ അധിഷ്ഠിതവുമായിരിക്കണം ബിസിനസ് മാതൃക. ശുചിത്വ മാലിന്യ മേഖലയിലെ മുൻ പ്രവർത്തന അനുഭവത്തിന് വെയിറ്റേജ് നൽകണം.
   ii. ഗവൺമെന്റ് രജിസ്ട്രേഷൻ, സാങ്കേതികജ്ഞാനം [സാങ്കേതിക വിദഗ്ധരുടേയും സാങ്കേതിക സഹകരണത്തിന്റേയും (Techncial Colloboration) അടിസ്ഥാനത്തിൽ] മുൻകാല പ്രവർത്തനവും പ്രവർത്തന ഫലവും കണക്കി

ലെടുത്ത് ഓരോ ഘടകത്തിനും പ്രത്യേകം മാർക്ക് നൽകി വേണം പ്രവർത്തന പങ്കാളിയെ തെരഞ്ഞെടുക്കേണ്ടത്.

iii. തെരഞ്ഞെടുക്കപ്പെടുന്ന ഏജൻസി പ്രോജക്ട് തയ്യാറാക്കുന്നതിലും, പ്രോജക്ടുകൾ അവതരിപ്പിക്കുന്നതിലും വിവിധ സർക്കാർ വകുപ്പുകളുമായി യോജിച്ച് പ്രവർത്തിക്കുന്നതിലും പദ്ധതി നിർവ്വഹണത്തിലും മികവ് പുലർത്തുന്നതായിരിക്കണം. (മുൻ അനുഭവം പരിശോധിക്കണം)

iv. അജൈവമാലിന്യം പുന:ചംക്രമണത്തിനായി റീസൈക്ളിംഗ് ഏജൻ സികൾക്ക് നൽകിയിട്ടുള്ള മുൻ പരിചയമുണ്ടാകണം. റീസൈക്ളിംഗ് ഏജൻസികളുമായി ഉണ്ടാക്കിയിട്ടുള്ള കരാറുകൾ, എം.ഒ.യു (MOU) എന്നീ രേഖകൾ പരിശോധിച്ച് ഉറപ്പു വരുത്തി വെയിറ്റേജ് നൽകണം.

v. തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ രൂപീകരിക്കുന്ന സാങ്കേതിക സമിതിയുടെ സഹായത്തോടെ അനുയോജ്യരായ പ്രവർത്തന പങ്കാളിയെ തദ്ദേശ സ്വയം ഭരണ സ്ഥാപനം കണ്ടെത്തണം.

vi. പ്രവർത്തന പങ്കാളിയെ തെരഞ്ഞെടുത്തു കഴിഞ്ഞാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനം പ്രസ്തുത ഏജൻസിയുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.

vii. പ്രവർത്തന പങ്കാളിയെ തെരഞ്ഞെടുത്തു കഴിഞ്ഞാൽ കാമ്പയിന്റെ എല്ലാ ഘടകങ്ങളും അവരെ ഏല്പിക്കേണ്ടതും അവർക്ക് വേണ്ട പിന്തുണ നൽകുകയും എന്നാൽ ദൈനംദിന പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയം ഭരണ സ്ഥപനം ഇടപെടാതിരിക്കുന്നതുമായിരിക്കും ഉചിതം. പ്രതിദിന/പ്രതിവാര/പ്രതിമാസ അവലോകനം, പ്രവർത്തനങ്ങളുടെ വിലയിരുത്തൽ, കർശനമായ നിരീക്ഷണം എന്നിവ തദ്ദേശ സ്വയം ഭരണ സ്ഥാപനം നടത്തേണ്ടതാണ്.

പ്രവർത്തന പങ്കാളികളുടെ സഹകരണത്തോടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സീറോ വേസ്റ്റ് മാനേജ്മെന്റ് പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നത് ആദ്യമായാണ്. നിശ്ചിത എണ്ണം വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും യൂസർ ഫീ ലഭ്യമാകുമ്പോഴാണ് സുസ്ഥിര ബിസിനസ് മാതൃകയിൽ പ്രവർത്തിക്കുവാൻ കഴിയുന്നത്. എന്നാൽ എല്ലാ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും കൃത്യതയോടെ യൂസർ ഫീ ലഭ്യമാകുന്നതിന് സ്വാഭാവികമായും കുറച്ച് മാസക്കാലമെടുക്കും. ഈ കാലയളവിൽ പ്രവർത്തന പങ്കാളികളെ സഹായിക്കുന്ന ഫീൽഡ് തല പ്രോജക്ട് എക്സിക്യൂട്ടീവ് മാർ, ബെയർഫൂട്ട് ടെക്നീഷൻമാർ എന്നിവരുടെ ദൈനംദിന ചെലവുകൾ വഹിക്കുന്നതിലേക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് തദ്ദേശ സ്വയം ഭരണ സ്ഥാപനം നീക്കിവയ്ക്കണം.

### 8.4. തദ്ദേശസ്വയംഭരണ സ്ഥാപനം പ്രവർത്തന പങ്കാളിക്ക് എല്പിച്ചു നൽകേണ്ട ഉത്തരവാദിത്വങ്ങൾ

1. ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് ശുചിത്വമിഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കുകയും ആധുനിക സങ്കേതിക വിദ്യ

കൾ കൊണ്ടു വരികയും വേണം. സീറോ വേസ്റ്റിന്റെ ലക്ഷ്യങ്ങൾക്കനുസൃത മായ സമീപനമായിരിക്കണം പ്രവർത്തന പങ്കാളി സ്വീകരിക്കേണ്ടത്

2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവർത്തന ചെലവ് കുറയ്ക്കുന്ന തിന് ഉചിതമായ സുസ്ഥിരതയുള്ള ബിസിനസ് മാതൃക രൂപപ്പെടുത്തി നടപ്പാക്കണം.
3. ശുചിത്വ-മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് സൂക്ഷ്മതല സംഘടനാ സംവിധാനം മാർഗ്ഗനിർദ്ദേശങ്ങൾ ക്കനുസൃതമായി രൂപീകരിക്കുകയും ശക്തമായ പ്രചാരണ ബോധവൽ ക്കരണ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വ ത്തിൽ നടപ്പാക്കുകയും വേണം. വാർഡ് അംഗം/കൗൺസിലർ തുടങ്ങിയ ജനപ്രതിനിധികളുടെ പ്രാമുഖ്യം നിലനിർത്തി കൊണ്ടു വേണം പ്രചാരണ പ്രവർത്തനങ്ങളും നിർമ്മാണ പ്രവർത്തനങ്ങളും നടത്തേണ്ടത്.
4. തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ വിവിധ സംഘടനാസംവിധാനങ്ങൾ ശുചിത്വമിഷന്റെയും സർക്കാരിന്റെയും മാർഗ്ഗനിർദ്ദേശ പ്രകാരം രൂപീകരി ക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനത്തെ സഹായിക്കണം.
5. വാർഡ് തല സാനിട്ടേഷൻ സമിതിയുടെ നേതൃത്വത്തിൽ ഗൃഹതല/ പൊതുസ്ഥല ആവശ്യകതാ നിർണ്ണയം നടത്തുന്നതിനുള്ള സർവ്വേ/ ഗൃഹ സന്ദർശനം, ഫോക്കസ് ഗ്രൂപ്പ് ചർച്ച, വാർഡ്തല വോളന്റിയർ ഫോഴ്സിന്റെ രൂപീകരണം എന്നിവ നടത്തണം
6. വാർഡ്തല കർമ്മപദ്ധതി തയ്യാറാക്കി തദ്ദേശസ്വയംഭരണ സ്ഥാപനതല സാങ്കേതിക സമിതി മുമ്പാകെ അവതരിപ്പിക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനതല പദ്ധതി രൂപീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനത്തെ സഹായിക്കുകയും വേണം.
7. ഉറവിട മാലിന്യ സംസ്കരണം പ്രചരിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്ന തിനും വേണ്ടി ഗൃഹ/സ്ഥാപന സന്ദർശനം നടത്തുന്നതിനും സാങ്കേതിക സംവിധാനങ്ങളും സാങ്കേതിക വിദ്യയും പരിചയപ്പെടുത്തുന്നതിനും 'ഗ്രീൻ ടെക്നീഷ്യൻ' മാരെ കണ്ടെത്തുകയും നിയോഗിക്കുകയും ചെയ്യണം.
8. ഗൃഹ/സ്ഥാപന സന്ദർശനത്തിലൂടെ ഉപകരണങ്ങളും സാങ്കേതിക വിദ്യയും പ്രചരിപ്പിക്കുമ്പോൾ ശുചിത്വമിഷൻ അംഗീകാരം നൽകിയിട്ടുള്ള എല്ലാ സേവന ദാതാക്കളുടേയും ഉപകരണങ്ങൾ പരിചയപ്പെടുത്തുകയും ഒരോരുത്തർക്കും താല്പര്യമുള്ളതും ഉചിതവുമായ ഉപകരണം തെരഞ്ഞെ ടുക്കുന്നതിന് അവസരം ഉണ്ടാക്കണം. (ഏതെങ്കിലും ഒരു സേവന ദാതാവിന്റെ ഉപകരണം മാത്രമായി പ്രചരിപ്പിക്കരുത്) ഗ്രീൻ ടെക്നീഷ്യൻ മാരെ കണ്ടെത്തുന്നതിന് കുടുംബശ്രീ സി.ഡി.എസ്, എ.ഡി.എസ് എന്നീ സംഘടനാ സംവിധാനങ്ങളുടെ സഹായം തേടുകയും കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങൾക്കും തദ്ദേശ സ്വയം ഭരണ സ്ഥാപന പരിധിയിൽ

ചവറുകൾ ശേഖരിക്കുക ഉപജീവനമാക്കിയ 'റാഗ് പിക്കേഴ്സിനും മുൻഗണന നൽകുകയും വേണം. റാഗ്പിക്കേഴ്സിന്റെ കോമൺ ഇന്ററസ്റ്റ് ഗ്രൂപ്പ് (CIG) രൂപീകരിക്കുന്നതും പരിഗണിക്കാവുന്നതാണ്.

9. അജൈവ മാലിന്യശേഖരണം, എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും (door to door) നടത്തുന്നതിന് വ്യക്തമായ പ്ലാൻ ഉണ്ടാകണം. അജൈവ മാലിന്യത്തിന്റെ സംഭരണം, അജൈവ മാലിന്യ സംഭരണ കേന്ദ്രം സ്ഥാപിക്കൽ (MRF) നടത്തിപ്പ്, മുൻ പിൻ ബന്ധം (Backward & Forward Linkage) ഉറപ്പാക്കൽ, 'സ്വാപ്' ഷോപ്പുകൾ, റിപ്പയർ ഷോപ്പുകൾ, പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങ ളുടെ ഉല്പാദന യൂണിറ്റുകൾ രൂപീകരിക്കുകയും വിപണന കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്യണം. "ഹരിതമാർഗ രേഖ" നടപ്പാക്കുന്നതിലൂടെ രൂപപ്പെടുന്ന ബിസിനസ് സംരംഭങ്ങൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കണം. ഇതിനാവശ്യമായ സംരംഭകരെ തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിൽ നിന്നും കണ്ടെത്തണം. സംരംഭകരുടെ പരിശീലനം കുടുംബശ്രീയുമായും ശുചിത്വമിഷനുമായി കൂടിയാലോചിച്ച് നടപ്പാക്കണം.

10. പദ്ധതി നിർദ്ദേശങ്ങൾ വിവിധ തലങ്ങളിൽ ചർച്ച ചെയ്യുകയും ആവശ്യമായ വ്യക്തത വരുത്തി അംഗീകാരം നേടുകയും ചെയ്യുന്നതിനുള്ള വൈദഗ്ദ്ധ്യം പ്രവർത്തന പങ്കാളിയിൽ നിന്നുമുണ്ടാകണം.

11. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് വേണ്ടി പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ നിർദ്ദേശത്തിന് വിധേയമായി ഏറ്റെടുത്ത് നടപ്പാക്കണം.

12. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ഉണ്ടാകുന്ന ആവർത്തന ചെലവുകൾ വഹിക്കുന്നതിന് പൊതുജനങ്ങളിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനം നിശ്ചയിക്കുന്ന യൂസർഫീ ശേഖരിക്കുയും അത് പ്രവർത്തന പങ്കാളിയുടെ ചെലവുകൾക്കായി ഉപയോഗിക്കുകയും ചെയ്യാവുന്നതാണ്.

13. പരിസ്ഥിതി മലിനപ്പെടുത്തുന്നവരിൽ നിന്നും പരിഹാരത്തുക ഈടാക്കുക എന്ന തത്വം പാലിച്ചുകൊണ്ടുള്ള ധനസമാഹരണത്തിനും, വ്യാപാരസ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും അവർ ഉല്പാദിപ്പിക്കുന്ന മാലിന്യത്തിന്റെ തോത് അനുസരിച്ച് തുക നിശ്ചയിക്കുന്നതിന് ആവശ്യം വേണ്ട പഠനം നടത്തി നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് സമർപ്പിക്കേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ തീരുമാന പ്രകാരം പ്രസ്തുത നിരക്കിൽ വ്യക്തികളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്നതും ഇതിലൂടെ ലഭ്യമാകുന്ന തുക പ്രവർത്തന പങ്കാളിയുടെ വരുമാനമായി സ്വരൂക്കൂട്ടാവുന്നതുമാണ്. ഈ തുക പ്രവർത്തന ചെലവുകൾക്കായി വിനിയോഗിക്കാവുന്നതുമാണ്.

14. തദ്ദേശസ്വയംഭരണ സ്ഥാപനം നടത്തുന്ന പ്രതിദിന/പ്രതിവാര/പ്രതിമാസ അവലോകനങ്ങൾക്കാവശ്യമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതും സൂഷ്മതല

ങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ ഭൗതീക/സാമ്പത്തിക പുരോഗതി റിപ്പോർട്ടുകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിനും ആവശ്യപ്പെട്ടാൽ ശുചിത്വ മിഷനും സമർപ്പിക്കേണ്ടതുമാണ്.

15. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് വേണ്ടി ആവശ്യമായ റിപ്പോർട്ടുകൾ ക്രോഡീകരിച്ച് നൽകേണ്ടതും ആവശ്യമെങ്കിൽ മുകൾ തട്ടിലേയ്ക്ക് വേണ്ട വിശദീകരണങ്ങൾ നൽകേണ്ടതുമാണ്.
16. സൂഷ്മതലം മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനതലം വരെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ യോഗ്യതയും കാര്യക്ഷമതയുമുള്ള പ്രവർത്തകരെ പ്രവർത്തന പങ്കാളി കണ്ടെത്തി നിയോഗിക്കേണ്ടതും അവരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചു നൽകേണ്ടതും ചെലവുകൾ പ്രവർത്തന പങ്കാളി വഹിക്കേണ്ടതുമാണ്.
17. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ശുചിത്വമിഷനുമായി യോജിച്ച് പ്രവർത്തിക്കേണ്ടതും ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കേണ്ടതുമാണ്.

**8.4.1. വയബിലിറ്റി ഗ്യാപ് ഫണ്ടിങ്ങ്**

പ്രവർത്തന പങ്കാളി മുകളിൽ പറഞ്ഞ ഉത്തരവാദിത്വങ്ങൾ പ്രകാരം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനാവശ്യമായ ഫീൽഡ് തല എക്സിക്യൂട്ടീവ്, പ്രോജക്ട് മാനേജർ, ഗ്രീൻ ടെക്നീഷ്യൻ തുടങ്ങിയ മാനവവിഭവശേഷിയെ അതാതിടങ്ങളിൽ വിന്യസിക്കേണ്ടി വരും. യൂസർഫീ, അനുബന്ധ പ്രവർത്തനങ്ങളിൽ നിന്നുമുള്ള വരുമാനം എന്നിവക്കൊണ്ട് ഈ പ്രവർത്തനമാകെ സുസ്ഥിര ബിസിനസ് മാതൃകയായി മാറ്റുന്നതിന് കുറച്ചു മാസങ്ങളെടുക്കും. ഈ കാലയളവിൽ പ്രവർത്തനം മുന്നോട്ടു നീക്കുന്നതിലേക്ക് ഫീൽഡ് തല എക്സിക്യൂട്ടീവ്, പ്രോജക്ട് മാനേജർ, ഗ്രീൻ ടെക്നീഷൻ തുടങ്ങിയവർക്കും മിനിമം വേതനം നൽകുന്നതിനായി ഒറ്റത്തവണ വയബിലിറ്റി ഗ്യാപ് ഫണ്ടിങ്ങ് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ നൽകേണ്ടി വരും. ഇതിനായി അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനം പദ്ധതിയുടെ ഭാഗമായി തുക വകയിരുത്തണം.

കേന്ദ്ര സർക്കാർ അടിസ്ഥാന സൗകര്യ പദ്ധതികൾ പൊതു - സ്വകാര്യ പങ്കാളിത്തത്തോടെ (പി.പി.പി) നടപ്പാക്കുമ്പോൾ സ്വകാര്യ പങ്കാളിക്ക് പദ്ധതി നടത്തിപ്പിൽ നിന്നും പ്രതീക്ഷിക്കുന്ന വരുമാനം ഉണ്ടാകാതെ വരുകയും നഷ്ടത്തിലേക്ക് നീങ്ങുകയും ചെയ്യുകയാണെങ്കിൽ പ്രോജക്ട് കോസ്റ്റിന്റെ 20% വരെ നിശ്ചിത കാലയളവിലേക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് ആയി നൽകുന്നതിന് വ്യവസ്ഥയുണ്ട്.

ഗ്രാമ പഞ്ചായത്ത്, മുനിസിപ്പിലാറ്റി, മുനിസിപ്പൽ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ ഖരമാലിന്യ പരിപാലന പ്രോജക്ടുകൾ പ്രവർത്തന പങ്കാളി

മുഖേന നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക സുസ്ഥിരതാ പ്രശ്നങ്ങൾ (Financial non Viability) പരിഹരിക്കുന്നതിന് ഒറ്റത്തവണ വയബിലിറ്റി ഗ്യാപ് ഫണ്ട്, ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനം ഖര മാലിന്യ സംസ്കരണ പ്രോജക്ടുകൾക്കായി പദ്ധതിയിൽ ചുവടെ പറയും പ്രകാരം നീക്കിവച്ച് നേരിട്ട് വേതനമായി ഫീൽഡ്തല എക്സിക്യൂട്ടീവ്, പ്രോജക്ട് മാനേജർ, ഗ്രീൻ ടെക്നീഷൻസ് തുടങ്ങിയവർക്ക് നൽകാവുന്നതാണ്.

| | |
|---|---|
| ഗ്രാമ പഞ്ചായത്ത് | ഖരമാലിന്യ പരിപാലന പ്രോജക്ടുകൾക്കായി ചെലവഴിക്കുന്ന തുകയുടെ 20% (പരമാവധി 5 ലക്ഷം രൂപ വരെ) |
| മുനിസിപ്പാലിറ്റി | ഖരമാലിന്യ പരിപാലന പ്രോജക്ടുകൾക്കായി ചെലവഴിക്കുന്ന തുകയുടെ 20% (പരമാവധി 10 ലക്ഷം രൂപ വരെ) |
| മുനിസിപ്പൽ കോർപ്പറേഷൻ | ഖരമാലിന്യ പരിപാലന പ്രോജക്ടുകൾക്കായി ചെലവഴിക്കുന്ന തുകയുടെ 20% (പരമാവധി 70 ലക്ഷം രൂപ വരെ) |

## 8.5. ശില്പശാലകൾ

### 8.5.1. തദ്ദേശ സ്വയം ഭരണ സ്ഥാപനതല ശില്പശാല

ഗൃഹതല സർവ്വേയിലൂടെയും പൊതു സ്ഥല (മാർക്കറ്റ്, ഹോട്ടൽ, സ്കൂളുകൾ മുതലയാവ) സർവ്വേയിലൂടെയും ലഭ്യമായ വിവരങ്ങളുടെ ക്രോഡീകരണത്തിനും വാർഡ് തല വിശകലനത്തിനും ശേഷം ലഭ്യമായ വിവങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് ലഭ്യമാക്കണം. തുടർന്ന് തദ്ദേശ ഭരണ സ്ഥാപന തല സമിതി വാർഡ് തലത്തിൽ നിന്നും ലഭിച്ച വിവരങ്ങൾ ക്രോഡീകരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ ഡാറ്റാ ബാങ്കിന് രൂപം നൽകണം. വാർഡുകളിൽ നിന്നും ലഭിക്കുന്ന വിവരങ്ങളിൽ സംശയാസ്പദമായതോ, പ്രത്യക്ഷത്തിൽ കാണുന്ന കുറവുകളോ ശ്രദ്ധയിൽപ്പെട്ടാൽ അത് പരിഹരിക്കുന്നതിനുള്ള നടപടികൾ (പുനർ സർവ്വേ, ഫോക്കസ് ഗ്രൂപ്പ് ഡിസ്കഷൻ, ഉപ സമിതിയിലൂടെ നടത്താവുന്ന അന്വേഷണം മുതലയാവ) സ്വീകരിക്കണം.

അടുത്ത പടിയായി ഓരോ വാർഡിൽ നിന്നും വാർഡിനെപ്പറ്റി ഗ്രാഹ്യമുള്ള അഞ്ചു മുതൽ 8 വരെ ആളുകൾ (വാർഡ് സമിതി അംഗങ്ങളാകാം) തദ്ദേശ സ്വയം ഭരണ സ്ഥാപന തല സമിതി അംഗങ്ങൾ, ജന പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി ശില്പശാല സംഘടിപ്പിക്കേണ്ടതാണ്. 30 തിലധികം വാർഡുകളുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ 20 വാർഡിന് ഒന്ന് എന്ന തോതിൽ മേഖല തിരിച്ച് ശില്പശാലകൾ സംഘടിപ്പിക്കണം. ശില്പശാലയുടെ കാര്യപരിപാടി ചുവടെ ചേർക്കുന്നു.

1. തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ ക്രോഡീകരിച്ച സർവ്വേ വിവരങ്ങളുടെ റിപ്പോർട്ടിംഗ്
2. വാർഡ് മെമ്പർ /കൗൺസിലറുടെ നേതൃത്വത്തിൽ വാർഡ് തിരിച്ചുള്ള ചർച്ച
3. വാർഡിലെ ശുചിത്വ പ്രശ്നങ്ങളും സ്ഥലങ്ങളും (Hot Spot) രേഖപ്പെടുത്തുക

4. നിലവിലുള്ള ശുചിത്വ സംവിധാനങ്ങളെപ്പറ്റി ചർച്ച ചെയ്യുക
5. സർവ്വേയിലൂടെ കണ്ടെത്തിയ പ്രശ്നങ്ങൾക്ക് പരിഹാരം നിശ്ചയിക്കുക
6. സ്ഥലസൗകര്യങ്ങൾ വിലയിരുത്തുക, കണ്ടെത്തുക
7. ധനലഭ്യത

### 8.5.2. സാങ്കേതിക ശില്പശാല

തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ നടക്കുന്ന ശില്പശാലയിലൂടെ ഉരുത്തിരിഞ്ഞു വരുന്ന പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിയായി രൂപപ്പെടുത്തുന്നതിന് മുൻപ് ഓരോ നിർദ്ദേശ ത്തിന്റെയും സാങ്കേതിക സാദ്ധ്യത (Technical feasibility) പരിശോധിക്കുന്ന തിനും കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനും പ്രസ്തുത നിർദ്ദേശങ്ങൾ സാങ്കേ തിക വിദഗ്ധന്മാർ പങ്കെടുക്കുന്ന സാങ്കേതിക ശില്പശാലയിൽ അവതരിപ്പിച്ച് ചർച്ച ചെയ്ത് തീർപ്പാക്കണം. സാങ്കേതിക ശില്പശാലയിൽ പരിഗണിക്കോണ്ടി വരുന്ന പ്രോജക്ടുകളുടെ വൈവിധ്യം കണക്കിലെടുത്ത് വിവിധ മേഖലകളി ലുള്ള സാങ്കേതിക വിദഗ്ധരെ ഉൾപ്പെടുത്തണം. തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ വരുന്ന സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുള്ള അദ്ധ്യാ പകരെയും വകുപ്പ് അദ്ധ്യക്ഷന്മാരെയും സാങ്കേതിക ശില്പശാലയിൽ പങ്കെടു പ്പിക്കുന്നത് ഉചിതമായിരിക്കും.

### 8.5.2. സേവന സമന്വയ ശിൽപശാല

ശുചിത്വ-മാലിന്യ സംസ്കരണ കാമ്പയിൻ ഫലപ്രദമാകണമെങ്കിൽ വിവിധ സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെ പങ്കാളിത്തം അനിവാര്യമാണ്. ഓരോ സർക്കാർ ഓഫീസിന്റെയും വിദ്യാലയങ്ങളുടെയും സ്ഥാപനത്തിന്റെയും ഉള്ളിലെ ശുചിത്വവും മാലിന്യസംസ്കരണവും ഒരു പ്രധാനഘടകമാകുന്നതു പോലെ സർക്കാർ ഉദ്യോഗസ്ഥൻമാരുടെയും അദ്ധ്യാപകരുടെയും സാങ്കേതിക വൈദഗ്ദ്ധ്യവും അനുഭവ പരിജ്ഞാനവും ശുചിത്വ-മാലിന്യ സംസ്കരണ കാമ്പ യിൻ പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ഇതിൽ ഏറെ വകുപ്പുകളും സ്ഥാപന ങ്ങലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടതാകയാൽ സേവന സമന്വയ പ്രവർത്തനങ്ങൾ വളരെ എളുപ്പമാകും. സർക്കാർ ആശുപ ത്രികളിലെ ഡോക്ടർമാർ, തദ്ദേശ സ്വയം ഭരണ വകുപ്പിലെ എൻജിനീയർമാർ, കൃഷി ഓഫീസർ, വെറ്ററനറി സർജൻ, ഗ്രാമ വികസന വകുപ്പ് ഉദ്യോഗസ്ഥർ, സാമൂ ഹ്യക്ഷേമ വകുപ്പിലെ ഫീൽഡ് തല ഉദ്യോഗസ്ഥർ തുടങ്ങിയവരെയും ഫിഷറീസ്, പൊതു മരാമത്ത് വകുപ്പ് എൻജിനീയറിംഗ് വിഭാഗം, ഇറിഗേഷൻ എഞ്ചിനീയ റിംഗ് വിഭാഗം, ഇലക്ട്രിസിറ്റി ബോർഡ്, പോലീസ്, ഫയർഫോഴ്സ് തുടങ്ങിയ സേനാ വിഭാഗങ്ങൾ, സ്കൂൾ കോളേജുകൾ ഉൾപ്പെടെ വിദ്യാഭ്യാസ സ്ഥാപന ങ്ങൾ തുടങ്ങിയ വികസന, സാങ്കേതിക, സേവന മേഖലകളിലുള്ള എല്ലാവ രെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള സേവന സമന്വയ ശില്പശാല സംഘടിപ്പിക്കു

കയും ശുചിത്വ മാലിന്യ സംസ്ക്കരണ  കാമ്പയിന്റെ കർമ്മ പരിപാടി അവതരിപ്പി ക്കുകയും വേണം.  ഈ കർമ്മ പരിപാടി നടപ്പിലാക്കുന്നതിന് ഓരോ വകുപ്പും, ഓരോ ഉദ്യോഗസ്ഥനും എങ്ങനെ പങ്കാളിയാകാം എന്നത് പൊതു ചർച്ചയിലൂടെ തീരുമാനിക്കുകയും കാമ്പയിന്റെ വിജയത്തിനായി ഈ തീരുമാനങ്ങൾ പ്രയോ ജനപ്പെടുത്തുകയും വേണം.

**8.5.3. ആലോചനാ യോഗങ്ങൾ**

ശുചിത്വ മാലിന്യ സംസ്ക്കരണവുമായി നേരിട്ടോ  പരോക്ഷമായോ ബന്ധ മുള്ളതും കാമ്പയിന്റെ നടത്തിപ്പിൽ താല്പര്യമുള്ളതുമായ എല്ലാവരുമായും തദ്ദേശ സ്വയം ഭരണ സ്ഥാപനം കൂടിയാലോചനകൾ നടത്തി അഭിപ്രായം  ആരാ യണം.  തദ്ദേശ സ്വയം ഭരണ സ്ഥാപന പരിധിയിൽ വരുന്ന സർക്കാരിതര സംഘട നകൾ, റസിഡൻസ് അസോസിയേഷനുകൾ, യുവജന സംഘടനകൾ, ട്രേഡ് യൂണിയനുകൾ, റിട്ടയേർഡ് ജീവനക്കാർ, അദ്ധ്യാപകർ, വനിതാ സംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മർച്ചന്റ്സ് അസോസിയേഷനുകൾ, ഹോട്ടൽ/റസ്റ്റോ റന്റ് അസോസിയേഷനുകൾ തുടങ്ങി സമൂഹത്തിന്റെ സമസ്ത മേഖലയിലുള്ളവ രെയും വ്യത്യസ്ത ഗ്രൂപ്പുകളായി തരം തിരിച്ച് യോഗങ്ങൾ നടത്തണം.

## 9. പരിശീലനം

ശുചിത്വ മാലിന്യ സംസ്കരണ കാമ്പയിൻ ഫലപ്രാപ്തിയിലെത്തണമെങ്കിൽ പദ്ധ തിയിൽ പങ്കാളികളാകുന്ന ഏവരുടേയും  ശേഷി വർദ്ധനവിനാശ്യമായ പരിശീലനം സംഘടിപ്പിക്കേണ്ടതാണ്.  പദ്ധതി നിർവ്വഹണത്തിൽ നിർണ്ണായക പങ്കുവഹിക്കുന്നവ രുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. ജനപ്രതിനിധികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാർ, സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷന്മാർ, വാർഡ് അംഗങ്ങൾ/കൗൺസിലർമാർ
2. നഗരസഭകളിലെ  ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥന്മാർ (ഹെൽത്ത് ഇൻസ്പെക്ടർമാർ)
3. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ, എൻജിനീയർമാർ മറ്റ് ഉദ്യോഗസ്ഥർ
4. സംസ്ഥാന തല റിസോഴ്സ് പേഴ്സൺമാർ
5. ജില്ലാതല റിസോഴ്സ് പേഴ്സൺമാർ
6. പ്രാദേശിക തല റിസോഴ്സ് പേഴ്സൺമാർ
7. വാർഡ് തല സാനിട്ടേഷൻ സമിതി അംഗങ്ങൾ
8. ഗൃഹതല/പൊതു സ്ഥല സർവ്വേ പ്രവർത്തകർ
9. ഉറവിട മാലിന്യ സംസ്കരണം, അജൈവമാലിന്യ ശേഖരണം എന്നിവക്കു വേണ്ടി നിയോഗിക്കപ്പെടുന്ന സംരംഭകർ
10. സാനിറ്ററി വർക്കേഴ്സ്

ഏകദേശം 75000-8000 പേർക്ക് വിവിധ തലങ്ങളിലായി പരിശീലനം നൽകേണ്ടി വരും.

## 10. വിവരവിജ്ഞാന വ്യാപനം

ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തണമെങ്കിൽ സമൂഹത്തിന്റെ സൂക്ഷമതലങ്ങളിൽ ഇടപെട്ടുകൊണ്ട് ജനങ്ങളുടെ ചിന്താഗതിയിലും ജീവിത രീതിയിലും, ശീലങ്ങളിലും, പൊതുമാറ്റത്തിലും, കാഴ്ചപ്പാടിലും മാറ്റം വരുത്തേണ്ട തുണ്ട്. ഇതിന് നിരന്തരമായ ഇടപെടലുകളും ബോധവത്കരണ പ്രവർത്തനവും അനി വാര്യമാണ്.

ശുചിത്വ മാലിന്യ സംസ്കരണ കാമ്പയിന്റെ ഓരോ ഘട്ടത്തിലും മുന്നൊരുക്ക മെന്ന നിലയിൽ ശക്തമായ അന്തരീക്ഷ സൃഷ്ടി നടത്തേണ്ടതുണ്ട്. വ്യത്യസ്ഥ മാധ്യമങ്ങൾ ഇതിനായി ഉപയോഗിക്കണം. അച്ചടി മാധ്യമങ്ങൾ, ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ, ഔട്ട് ഡോർ, നവ മാധ്യമങ്ങൾ, മിഡ് മാധ്യമങ്ങൾ, പരമ്പരാഗത രീതികളായ പദയാത്ര, കോർണർ മീറ്റിംഗ്, തെരുവ് നാടകം, ഹോർഡിംഗ്, പോസ്റ്റർ, തുടങ്ങിയവ വിജ്ഞാന വ്യാപനത്തിനായി ഉപയോഗപ്പെടുത്താവുന്നതാണ്.

## 11. നിർവ്വഹണ രീതി

### 11.1. പദ്ധതി രേഖ തയ്യാറാക്കൽ

തദ്ദേശ സ്വയം ഭരണ സ്ഥാപനം ഹരിതകേരളം മിഷന്റെ ഭാഗമായ ശുചിത്വ മാലിന്യ സംസ്ക്കരണ മേഖലക്ക് പ്ളാൻ ഫണ്ട് പൊതു വിഹിതത്തിൽ നിന്നും നീക്കിവക്കുന്ന തുക (പഞ്ചായത്തുകൾ 10%, മുനിസിപ്പാലിറ്റി & മുനിസിപ്പൽ കോർപ്പറേഷനുകൾ 15%) ഉപയോഗിച്ച് നടപ്പാക്കാവുന്ന പദ്ധതി നിർദ്ദേശങ്ങളും പദ്ധതി രേഖയും തയ്യാറാക്കേണ്ടതാണ്. പദ്ധതി രേഖ സംസ്ഥാന ഗവൺമെന്റ് നിഷ്ക്കർഷിച്ചിട്ടുളള പ്ളാൻ ഗൈഡ് ലൈനിനു അനുസൃതമായതും സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരവും പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ അനുവാ ദവും അംഗീകാരവും നേടുന്നതിന് പര്യാപ്തവുമായിരിക്കണം. പദ്ധതി രേഖ തയ്യാറാക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനം തെരഞ്ഞെടുക്കുന്ന ഏജൻസി (പ്രവർത്തന പങ്കാളി) യോട് ആവശ്യപ്പെടാവുന്നതാണ്. ഇതര പദ്ധതി പ്രവർത്തനങ്ങൾക്കെന്ന പോലെ ശുചിത്വ - മാലിന്യ സംസ്കരണ പ്രവർത്തന ങ്ങൾക്കും ഒരു നിർവ്വഹണ ഉദ്യോഗസ്ഥനെ തദ്ദേശ സ്വയം ഭരണ സ്ഥാപനം നിയോഗിക്കേണ്ടതാണ്.

പദ്ധതി രേഖക്ക് ഭരണ/സാങ്കേതിക അനുമതികൾ ലഭിച്ചു കഴിഞ്ഞാൽ പദ്ധതി നിർവ്വഹണം ആരംഭിക്കാവുന്നതാണ്. കേന്ദ്ര സംസ്ഥാന ഗവൺമെന്റുക ളുടെയും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഫണ്ടുകളും മുൻ നീക്കിയി രുപ്പും, പദ്ധതി നിർവ്വഹണത്തിനായി വിനിയോഗിക്കാവുന്നതാണ്. വിവിധ പദ്ധ തികളും അനുബന്ധ പ്രോജക്ടുകളും നിശ്ചിത സാങ്കേതിക വിദഗ്ദ്ധർ പരിശോ

ധിച്ച് അംഗീകാരം നൽകിയ ശേഷം മാത്രമേ നിർവ്വഹണം ആരംഭിക്കാൻ പാടുള്ളൂ.

11.2. **ഫണ്ടിന്റെ ലഭ്യത**

ശുചിത്വ മാലിന്യ സംസ്കരണ കാമ്പയിന്റെ ഭാഗമായി പദ്ധതി നിർവ്വഹണത്തിന് താഴെപ്പറയുന്ന സ്രോതസുകളിൽ നിന്നും ഫണ്ട് ലഭിക്കുന്നതാണ്.

1. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പ്ളാൻ ഫണ്ടിൽ നിന്നും നീക്കി വയ്ക്കുന്ന 10% തുക.
2. സംസ്ഥാന ശുചിത്വ മിഷനിലൂടെ ലഭ്യമാകുന്ന സംസ്ഥാന പ്ളാൻ ഫണ്ട്
3. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും ശുചിത്വ മിഷനിലൂടെ ലഭിക്കുന്ന ഫണ്ട്
4. സ്ളോട്ടർ ഹൗസ്, സെപ്റ്റേജ് മാനേജ്മെന്റ്, ആധുനിക ശ്മശാനം, ആധുനിക മത്സ്യമാർക്കറ്റ് തുടങ്ങി വൻകിട പദ്ധതികൾക്ക് ഡി.പി.ആർ തയ്യാറാക്കി സംസ്ഥാന ഗവൺമെന്റിൽ നിന്നും ' കിഫ്ബി' യിലൂടെ ഫണ്ട് ലഭ്യമാക്കും.
5. പഞ്ചായത്ത് ഡയറക്ടർ/നഗരകാര്യ ഡയറക്ടർ മുഖേനയുള്ള സംസ്ഥാനാഷ്കൃത ഫണ്ട് വിഹിതം

**തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രോജക്ട് തയ്യാറാക്കുമ്പോൾ മുൻഗണന നൽകേണ്ട ഘടകങ്ങൾ**

1. ഖരമാലിന്യം സ്രോതസ്സിലെ തരംതിരിക്കൽ
2. ഉറവിടത്തിൽ തന്നെയുള്ള ജൈവ മാലിന്യ സംസ്ക്കരണം: വീടുകളും സ്ഥാപനങ്ങളും പരമാവധി സ്വന്തം ഉത്തരവാദിത്വത്തിൽ സംസ്കരിക്കുവാൻ സംവിധാനമൊരുക്കുക
3. ഗാർഹിക തലത്തിൽ ജൈവമാലിന്യം സംസ്കരിക്കുന്നതിന് തീരെ സ്ഥലമില്ലാത്ത കുടുംബങ്ങളിൽ നിന്നും ചന്തകളിൽ നിന്നും പ്രധാന വിപണന കേന്ദ്രങ്ങളിൽ നിന്നും മാലിന്യം സ്ഥിരമായി ശേഖരിച്ച് കമ്യൂണിറ്റിതല കമ്പോസ്റ്റിങ്ങ്, ബയോമെതനേഷൻ വഴി സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ. ബിസിനസ് മാതൃകകൾ സൃഷ്ടിക്കൽ, യൂസർ ഫീ നിശ്ചയിക്കൽ, പ്രവർത്തനത്തിലേർപ്പെടുന്ന സ്വയം സഹായ സംഘങ്ങൾക്ക് വയബിലിറ്റി ഗ്യാപ് ഫണ്ടിങ്ങ്
4. സ്ഥാപനങ്ങളുടെ സ്വന്തം ഉത്തരവാദിത്വത്തിൽ കമ്പോസ്റ്റിങ്ങ്/ ബയോ മെതനേഷൻ സംവിധാനങ്ങൾ, മലിന ജല സംസ്കരണ സംവിധാനങ്ങൾ
5. ഗാർഹിക തല ജൈവ മാലിന്യ സൗകര്യമൊരുക്കുന്നതിന് തീരെ സാമ്പത്തികമില്ലാത്ത പാവപ്പെട്ട കുടുംബങ്ങൾക്ക് മാത്രം ഉറവിട മാലിന്യ സംസ്കരണ സൗകര്യമൊരുക്കാൻ സബ്സിഡി.
6. 100% വീടുകളിൽ നിന്നും പൊതു/വ്യാപാര സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള സംവിധാനങ്ങൾ

7. വ്യത്തിയാക്കി തരം തിരിക്കപ്പെട്ട അജൈവ (അഴുകാത്ത) മാലിന്യം ശേഖരിച്ച് പൊതു സംവിധാനത്തിൽ താൽക്കാലികമായി സംഭരിക്കുന്നതിനും അവ പുനഃചക്രമണത്തിന് കൈമാറുന്നതിനുള്ള സംവിധാനം - മെറ്റീരിയൽ റിക്കവറി ഫസിലിറ്റി (ആവശ്യാനുസരണം സൗകര്യങ്ങളോടെ)
8. സ്വാപ്പ് ഷോപ്പുകൾ: വിവിധ സാധനങ്ങളുടെ ഒന്നാം ഉടമ തന്റെ ഉപയോഗത്തിനു ശേഷം പഴക്കം ചെന്ന വസ്തുക്കൾ ആവശ്യക്കാരനായ മറ്റൊരാൾക്ക്കൈമാറുന്നതിനുള്ള സ്ഥിരം കേന്ദ്രങ്ങൾ
9. റിപ്പയർ ഷോപ്പുകൾ: സാധനങ്ങൾ റിപ്പയർ ചെയ്ത് ഉപയോഗിക്കുന്നതിനുള്ള സംരംഭങ്ങൾക്ക് പ്രോത്സാഹനം
10. ഗാർഹികതല മാലിന്യ സംസ്കരണ സംവിധാനങ്ങൾ, ഇനോക്കുലം, പരിസ്ഥിതി സൗഹൃദ ബദൽ വസ്തുക്കൾ (തുണി സഞ്ചി, പാള പ്ളേറ്റ് തുടങ്ങിയവ) അനുബന്ധ സാധനങ്ങൾ ലഭ്യമാകുന്ന കിയോസ്ക്കുകൾ
11. ഗ്രീൻ പ്രോട്ടോക്കോൾ: എല്ലാ സ്ഥാപനങ്ങളിലും മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനും പുനരുപയോഗവും പുനഃചംക്രമണവും ഉറപ്പാക്കുന്നതിനനുയോജ്യമായ പ്രവർത്തനങ്ങൾ
12. പുനഃചംക്രമണം പ്രോത്സാഹിപ്പിക്കുന്നതിന് പുനഃചംക്രമണ ഇൻഡസ്ട്രിയൽ പാർക്ക്
13. പുനരുപയോഗത്തിനോ പുനഃചക്രമണത്തിനോ പുനരുൽപ്പാദനത്തിനോ സാധ്യമാകാത്ത യാതൊരു തരത്തിലും ഉപയോഗമല്ലാത്ത മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിലുള്ള സുരക്ഷിത സംവിധാനം. സാനിട്ടറി (ലാന്റ് ഫില്ലിംഗ്) (റീജിണൽ/ ജില്ലാതലങ്ങളിൽ മാത്രം)
14. ആശുപത്രികളിലും മത്സ്യമാർക്കറ്റുകളിലും മലിനജലം സംസ്കരിക്കുന്നതിന് സംവിധാനം
15. പൊതു ടോയ്ലറ്റുകൾ
16. കക്കൂസ് മാലിന്യം സംസ്കരിക്കുന്നതിനുള്ള സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ളാന്റ് (ഒന്നിലധികം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സംയുക്ത സംരംഭം)
17. ബോധവത്കരണ ശീലവത്കരണത്തിനുള്ള പ്രചാരണ പ്രവർത്തനങ്ങളും ശേഷീവികസന പ്രവർത്തനങ്ങളും (വിവിധ പങ്കാളികളെ ലക്ഷ്യമിട്ടുകൊണ്ടുള്ളവ)
18. കമ്പോസ്റ്റിങ്ങ്, ബയോമെതനേഷൻ പ്രോജക്ടുകൾ ജൈവ പച്ചക്കറി കൃഷിയുമായി മുൻബന്ധം സ്ഥാപിക്കൽ
19. ഗ്യാസ്ക്രിമിറ്റോറിയം
20. ആധുനിക സംവിധാനങ്ങളോടു കൂടിയ അറവുശാല (Modern Slaughter House)

**12. നിർവഹണം ലക്ഷ്യങ്ങൾ**

ഹരിതകേരളം മിഷന്റെ ഭാഗമായ ശുചിത്വ മാലിന്യ സംസ്കരണ ഉപദൗത്യം ലക്ഷ്യം നേടിയെന്നു വിലയിരുത്തപ്പെടണമെങ്കിൽ ഓരോ ഗ്രാമ പഞ്ചായത്തും, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനും ഈ മാർഗരേഖയിൽ പ്രതിപാദിപ്പിക്കപ്പെട്ടിട്ടുള്ള കാര്യങ്ങൾ ഭാവനാ പൂർണമായും ക്രിയാത്മകവുമായി ഇടപെട്ട് നടത്തുകയും ഓരോ വർഷവും ശുചിത്വ മാലിന്യ സംസ്കരണ പ്രശ്നങ്ങളുടെ ഗുരുത്വം ഘട്ടംഘട്ടം കുറച്ചു കൊണ്ടു വരികയും മിഷൻ കാലയളവിൽ തന്നെ നേരിൽ കാണുവാൻ കഴിയുന്ന മാറ്റങ്ങൾ നാട്ടിൽ സൃഷ്ടിക്കുകയും വേണം. ചില ഉദാഹരണങ്ങൾ

1. **വീടുകളിലെയും സ്ഥാപനങ്ങളിലെയും ജൈവമാലിന്യം കമ്പോസ്റ്റിങ്ങ്/ ബയോമെതനേഷൻ**

ഓരോ ഗ്രാമ പഞ്ചായത്തിലെയും, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനിലെയും ആകെ കുടുംബങ്ങളുടെയും സ്ഥാപനങ്ങളുടെയും (വ്യാപാര സ്ഥാപനങ്ങൾ, കല്യാണ മണ്ഡപങ്ങൾ, ആശുപത്രികൾ, സർക്കാർ ഓഫീസുകൾ, സ്വകാര്യ സ്ഥാപനങ്ങൾ തുടങ്ങിയവ) 40% ഒന്നാം വർഷവും, 80% രണ്ടാം വർഷവും, 100% മൂന്നാം വർഷവും സ്വന്തം ഉത്തരവാദിത്വത്തിൽ കമ്പോസ്റ്റിങ്ങ്/ ബയോഗ്യാസ് രീതിയിൽ ജൈവ മാലിന്യം സംസ്കരിക്കുമെന്നും ലഭ്യമാകുന്ന കമ്പോസ്റ്റ് ജൈവ കൃഷിക്ക് വിനിയോഗിക്കുമെന്നും ഉറപ്പാക്കുന്നു.

നിലവിൽ ആലപ്പുഴ നഗരസഭ, തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ സ്വന്തം നിലയിൽ കമ്പോസ്റ്റിങ്ങ്/ബയോമെതനേഷൻ മാതൃകകൾ സൃഷ്ടിച്ചിട്ടുണ്ട്.

2. **തുമ്പൂർ മൂഴി മാതൃക**

സ്വന്തം നിലയിൽ ജൈമാലിന്യം സംസ്കരിക്കുവാൻ സ്ഥല പരിമിതിയുള്ള കുടുംബങ്ങളിൽ നിന്നും യൂസർ ഫീ വാങ്ങി (ബി.പി.എൽ കുടുംബങ്ങളെ ഒഴിവാക്കി ) ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷന്റെ ഉത്തരവാദിത്വത്തിൽ കമ്യൂണിറ്റി തലത്തിൽ ജൈവമാലിന്യം സംസ്കരിക്കേണ്ടതെത്ര സ്ഥലങ്ങളിലെന്ന് വിലയിരുത്തിയതിൻ പ്രകാരം ഒന്നാം വർഷം 40%, രണ്ടാം വർഷം 80%, മൂന്നാം വർഷം 100% എന്ന ക്രമത്തിൽ തുമ്പൂർമൂഴി മാതൃക ജൈവ മാലിന്യ സംസ്കരണ സൗകര്യം സ്ഥാപിച്ച് സുരക്ഷിതമായി സംസ്കരിക്കണം. അടൂർ, ആലപ്പുഴ, ചെങ്ങന്നൂർ, കായംകുളം, അമ്പലപ്പുഴ നോർത്ത്, അമ്പലപ്പുഴ സൗത്ത്, മാവേലിക്കര, കോട്ടയം, ഏലൂർ, തൃപ്പുണിത്തുറ, മലപ്പുറം, കൊയിലാണ്ടി, കാസർഗോഡ് എന്നീ നഗരസഭകളിൽ നിലവിൽ സ്ഥാപിച്ച് പ്രവർത്തിച്ച് വരുന്നുണ്ട്.

3. **അജൈവ മാലിന്യ ശേഖരണം**

എല്ലാ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളും വരുന്ന 3 വർഷത്തിനുള്ളിൽ 100% കുടുംബങ്ങളിൽ നിന്നും സ്ഥാപനങ്ങ

ളിൽ നിന്നും  അജൈവ മാലിന്യം ശേഖരിച്ച് പുന:ചംക്രമണത്തിനായി കൈമാറുന്നുവെന്നുറപ്പാക്കണം. ഒന്നാം വർഷം 40%, രണ്ടാം വർഷം 80%, മൂന്നാം വർഷം 100% ഉം കവർ ചെയ്തിട്ടുണ്ടാകണം. (ഇതിനനുസൃതമായ ബിസിനസ് മാതൃകകൾ മാർഗരേഖയിൽ വിവരിക്കുന്നുണ്ട്.)

തിരുവനന്തപുരം, കോഴിക്കോട് കോർപ്പറേഷനുകളിലെ തെരഞ്ഞെടുത്ത  വാർഡുകളിൽ പ്രവർത്തന പങ്കാളികൾ മുഖേന മാതൃകാ പ്രവർത്തനം നടന്നു വരുന്നുണ്ട്.

**4. മെറ്റീരിയൽ റിക്കവറി ഫസിലിറ്റി  (ആവശ്യാനുസരണം ക്ളീനിങ്ങ്, ഷ്രെഡിംഗ്, ബെയ്ലിങ്ങ് തുടങ്ങിയ സൗകര്യങ്ങളോടു കൂടിയും വിസ്തൃതിയിലും)**

ഗ്രാമ പഞ്ചായത്തുകളിൽ ആദ്യവർഷം തന്നെ ഒരെണ്ണം സ്ഥാപിക്കണം, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളിൽ  40% എണ്ണം ഒന്നാം വർഷവും, 80% എണ്ണം  രണ്ടാം വർഷവും, 100% എണ്ണം  മൂന്നാം വർഷവും സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കണം. ബ്ളോക്ക് ജില്ലാ പഞ്ചായത്തുകളിൽ 2 വർഷത്തിനകം സംവിധാനം പ്രവർത്തനക്ഷമമാക്കണം. തൃശൂർ കോർപ്പറേഷൻ, മട്ടന്നൂർ മുനിസിപ്പാലിറ്റി, കതിരൂർ ഗ്രാമ പഞ്ചായത്ത്, തിരുവനന്തപുരം ടെക്നോ പാർക്ക് എന്നിവിടങ്ങളിൽ എം.ആർ.എഫ്. നന്നായി പ്രവർത്തിച്ചു വരുന്നുണ്ട്.

**5. സ്വാപ്പ് ഷോപ്പുകൾ**

എല്ലാ ഗ്രാമ പഞ്ചായത്തുകളിലും  നഗരസഭകളിലും ആദ്യവർഷം തന്നെ ഒരു സ്ഥിരം സ്വാപ്പ് ഷോപ്പ് സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കണം. മുനിസിപ്പൽ കോർപ്പറേഷനുകളിൽ 10 വാർഡിന് ഒരു  സ്വാപ്പ് ഷോപ്പ് ആകെ വേണ്ടതിൽ 1-ാം വർഷം 40%, രണ്ടാം വർഷം 80%, മൂന്നാം വർഷം 100% സ്ഥാപിക്കണം.

**6. കിയോസ്കുകളും റിപ്പയർ ഷോപ്പും**

എല്ലാ ഗ്രാമ പഞ്ചായത്ത്, നഗരസഭകൾ, മുനിസിപ്പൽ കോർപ്പറേഷനുകളിലും ഓരോ കിയോസ്കും റിപ്പയർ ഷോപ്പും ഒന്നാം വർഷം സ്ഥാപിക്കണം.  വലിയ നഗരസഭകളും കോർപ്പറേഷനുകളും ജനങ്ങളുടെ സൗകര്യം കണക്കിലെടുത്ത് 3-5 വരെ സ്ഥാപനങ്ങൾ 2 വർഷത്തികം സ്ഥാപിക്കണം.

**7. മാലിന്യ കൂനകൾ ഒഴിവാക്കൽ**

ഓരോ നഗരസഭയും ഗ്രാമ പഞ്ചായത്തും തങ്ങളുടെ ഭരണ പ്രദേശത്ത് എത്ര പൊതു സ്ഥലങ്ങളിൽ മാലിന്യ കൂനകളുണ്ടെന്ന് കണ്ടെത്തി ഫലപ്രദമായ ജൈവ അജൈവ മാലിന്യ സംസ്കരണവും മാനേജ്മെന്റിലൂടെയും വരുന്ന 3 വർഷം കൊണ്ട് എല്ലാ മാലിന്യ നിക്ഷേപ കൂനകളും സ്ഥായിയായി ഒഴിവാക്കാണം. ഒന്നാം വർഷം 30%, രണ്ടാം വർഷം 80%, മൂന്നാം വർഷം 100% ഉം ഒഴിവാക്കണം. ഇത്തരം

സ്ഥലങ്ങൾ മനോഹരമായ കേന്ദ്രങ്ങളാക്കി മാറ്റാം. പിന്നീട് മാലിന്യ കൂനകളുണ്ടാകാൻ പാടില്ല

**8. ഷെഡ്രഡഡ് പ്ളാസ്റ്റിക് ഉപയോഗിച്ച് ടാറുചെയ്യുന്ന റോഡുകൾ**

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നിർമ്മിക്കപ്പെടുന്ന റോഡുകളുടെ ദൈർഘ്യത്തിന്റെ 10% ഒന്നാം വർഷവും 15% രണ്ടാം വർഷവും 25% മൂന്നാം വർഷവും ഷെഡ്രഡഡ് പ്ളാസ്റ്റിക് ഉപയോഗിച്ച് നിർമ്മിക്കുവാൻ കഴിയണം.

**9. മാലിന്യമൊഴുകാത്ത കനാലുകൾ**

ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്തെ എല്ലാ കനാലുകളും വരുന്ന 3 വർഷം കൊണ്ട് ശുചീകരിച്ച് മലിനജലവും ഖരമാലിന്യം ഇല്ലാതെ സ്ഥായിയായി സംരക്ഷിക്കാമോ? ഓരോ പ്രദേശത്തെയും കനാലുകൾ നിശ്ചയിച്ച് കനാലുകളിലേക്ക് ഒഴുക്കി വിടുന്ന അഴുക്കു ജലവും കക്കൂസ് മാലിന്യവും തടയണം. അറ്റകുറ്റപണികൾ നടത്തി നീരൊഴുക്ക് ഉറപ്പാക്കണം. ഓരോ റീച്ചുകളായി പ്രവൃത്തി ഏറ്റെടുക്കാവുന്നതാണ്. വരുന്ന നാലു വർഷം കൊണ്ട് എല്ലാ കനാലുകളും വൻ ജന പങ്കാളിത്തത്തോടെ ശുചീകരിച്ച് സംരക്ഷിക്കപ്പെടണം. ഓരോ വർഷവും കനാലിന്റെ ദൈർഘ്യത്തിന്റെ 25% ലക്ഷ്യമിടണം. (ഉദാ പാർവതി പുത്തനാർ , കനോലികനാൽ എന്നിവ)

**10. മാതൃകാ ആശുപത്രികൾ**

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത ആശുപത്രികളും സർക്കാർ അധീനതയിലുള്ള മെഡിക്കൽ കോളേജ്, ജനറൽ, മാതൃ-ശിശു ആശുപത്രികളും ശാസ്ത്രീയ മാലിന്യ പരിപാലനം ഉറപ്പാക്കി ഏറ്റവും മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്ന സൗകര്യമുള്ള സ്ഥാപനങ്ങളാക്കി മാറ്റണം. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തനതായും കൂട്ടായും പ്രോജക്ടുകൾ ഏറ്റെടുക്കണം.

ഖര-ദ്രവ മാലിന്യ സംസ്കരണ സൗകര്യം ഒരു വർഷം കൊണ്ട് എല്ലാ പി.എച്ച്.സി കളിലും, എല്ലാ താലൂക്ക് ആശുപത്രികളിലും, സി.എച്ച്.സി.കളിലും 2 വർഷം കൊണ്ട് എല്ലാ ജില്ലാ ആശുപത്രികളിലും 2 വർഷം കൊണ്ട് എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ഇതര ആശുപത്രികളിലും ഏറ്റെടുത്ത് അവ മികച്ച സേവന കേന്ദ്രങ്ങളാക്കി മാറ്റണം. അതിനുള്ള പ്രോജക്ടുകൾ അതാത് സ്ഥാപനത്തിന്റെ ചുമതലയുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനവും തനതായും കൂട്ടായും പ്രോജക്ടുകൾ ഏറ്റെടുക്കണം. അഴുകുന്ന മാലിന്യം സംസ്കരിക്കാൻ കമ്പോസ്റ്റ് ബിൻ, ബയോഗ്യാസ് പ്ളാന്റുകൾ, അഴുകാത്തവ ശേഖരിക്കുവാനുള്ള സംവിധാനം, മെഡിക്കൽ മാലിന്യം 'ഇമേജ്' വഴി സംസ്കരണം ഉറപ്പാക്കൽ, ദ്രവ മാലിന്യ സംസ്കരണത്തിന് സീവേജ് ട്രീറ്റ്മെന്റ് പ്ളാന്റ്, വൃത്തിയുള്ള കെട്ടിടങ്ങൾ, വാർഡുകൾ, പരിശോധനാ മുറികൾ, ലാബ്, ഓപ്പറേഷൻ തീയേറ്റർ

വൃത്തിയുള്ള പരിസരം, കൂട്ടിരിപ്പുകാർക്ക് വിശ്രമസ്ഥലം എന്നിങ്ങനെ ഭാവനാപൂർണവും സമഗ്രവുമായ ഇടപെടൽ വേണ്ടിവരും. (ഖണ്ഡിക 6.6-8 കാണുക). എം.പി., എം.എൽ.എ. വികസന ഫണ്ടും ഇക്കാര്യത്തിലേക്ക് ലഭ്യമാക്കി പ്രോജക്ട് തയ്യാറാക്കുവാൻ കഴിയും.

പുനലൂർ താലൂക്ക് ആശുപത്രി ഗുണമേന്മയുള്ള സേവനങ്ങൾ ലഭ്യമാക്കുന്ന മാതൃകാ സ്ഥാപനമാണ്. ഇവിടെ സന്ദർശിച്ച് കാര്യങ്ങൾ ഗ്രഹിക്കാവുന്നതാണ്.

## 11. ഗ്യാസ് ക്രിമറ്റോറിയങ്ങൾ

എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും സൗകര്യം ഉറപ്പാക്കും വിധം ബ്ളോക്ക് തലത്തിലോ 3-4 ഗ്രാമ പഞ്ചായത്തകൾക്കുവേണ്ടിയോ കൂട്ടായി സംവിധാനമൊരുക്കണം. അതുപോലെ എല്ലാ നഗരസഭകൾക്കും മുനിസിപ്പൽ കോർപ്പറേഷനുകളിലും ഗ്യാസ് ക്രിമറ്റോറിയ സൗകര്യമൊരുക്കണം. ഇതിനായി അനുയോജ്യമായ സ്ഥലം കണ്ടെത്തി പ്രോജക്ട് തയ്യാറാക്കി ‘‘കിഫ്ബി’’ വഴി ഫണ്ട് ലഭ്യമാക്കാം. വരുന്ന 2 വർഷത്തിനകം ഈ സൗകര്യം ഉറപ്പാക്കണം. തൃശൂർ കോർപ്പറേഷൻ, കൊച്ചി കോർപ്പറേഷൻ, മാവേലിക്കര, ഗുരുവായൂർ നഗരസഭയടക്കം കൊരട്ടി ഗ്രാമ പഞ്ചായത്ത് എന്നിങ്ങനെ നിരവധി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നിലവിൽ സ്ഥാപിച്ചിട്ടുണ്ട്.

## 12. സ്ളോട്ടർ ഹൗസുകൾ

മോഡേൺ സ്ളോട്ടർ ഹൗസുകൾ സ്ഥാപിക്കേണ്ടത് ഏറ്റവും പ്രധാനമാണ്. ഉരുക്കളുടെ എണ്ണത്തിനനുസരിച്ചുള്ള സൗകര്യമാണ് സൃഷ്ടിക്കേണ്ടി വരുന്നത്. എല്ലാ കോർപ്പറേഷനുകളും ജില്ലാ ആസ്ഥാനത്തുള്ള നഗരസഭകളും 50000 ത്തിലധികം ജനസംഖ്യയുള്ള വലിയ നഗരസഭകളും ഒന്നാം വർഷം തന്നെ ഇതിനുള്ള പ്രോജക്ട് തയ്യാറാക്കി സമർപ്പിക്കുകയും 2-ാം വർഷത്തിൽ പ്രവർത്തനമാരംഭിക്കുകയും വേണം. സംസ്ഥാനത്ത് ഒന്നാം വർഷം 20 സ്ളോട്ടർ ഹൗസ് സ്ഥാപിക്കുന്ന പ്രോജക്ടുകൾ ‘‘കിഫ്ബി’’ യ്ക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങണം. 2-ാം വർഷത്തിൽ മറ്റെല്ലാ നഗരസഭകളും പ്രോജക്ട് തയ്യാറാക്കി അംഗീകാരം ലഭ്യമാക്കണം. വയനാട് ബ്രഹ്മഗിരി ഡവലപ്മെന്റ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിലും കൂത്താട്ടുകുളം മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയും സ്ളോട്ടർ ആധുനിക ഹൗസുകൾ സ്ഥാപിച്ചിട്ടുണ്ട്.

## 13. സാനിട്ടറി ലാന്റ് ഫിൽ

വരുന്ന രണ്ടു വർഷക്കാലത്തിനുള്ളിൽ സംസ്ഥാനത്ത് 6 റീജണൽ ലാന്റ് ഫിൽ സൗകര്യം ഒരുക്കേണ്ടതുണ്ട്. ഒന്നാം വർഷം സ്ഥലം കണ്ടെത്തണം. 2-ാം വർഷം പ്രവൃത്തി പൂർത്തീകരിക്കണം. ഇതിനായുള്ള സ്ഥലം ജില്ലാ പഞ്ചായ

ത്തുകൾ കണ്ടെത്തണം. സംയുക്ത പ്രോജക്ടായി ഏറ്റെടുക്കാം. വിവിധ സ്ത്രോസ്സുകളിൽ നിന്ന് ഫണ്ട് ലഭ്യമാക്കാം.

### 14. റീസൈക്ളിംഗ് വ്യവസായ പാർക്കുകൾ

സംസ്ഥാനത്തിനകത്തു തന്നെ അജൈവമാലിന്യം സംസ്കരിക്കുമെന്നുറ ഷാക്കുന്നതിനായി റീസൈക്ളിങ്ങ് വ്യവസായം പ്രോത്സാഹിപ്പിക്കണം. എല്ലാ ജില്ല യിലും റീസൈക്ളിംങ് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള സൗകര്യം 2 വർഷത്തിനകം ജില്ലാ പഞ്ചായത്ത് ഒരുക്കണം. ഭൂമി കണ്ടെത്തൽ ആദ്യ വർഷവും മറ്റ് പശ്ചാത്തല സൗകര്യം 2-ാം വർഷവും പൂർത്തീകരിക്കാം.

### 15. പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ളാന്റ്

കക്കൂസ് മാലിന്യം ശേഖരിച്ച് സുരക്ഷിതമായി സംസ്കരിക്കുന്നതിനുള്ള സൗകര്യം എല്ലാ ജില്ലകളിലും ഒരുക്കണമെന്നതു സംബന്ധിച്ച് ബഹു. ഹൈക്കോ ടതി നിർദേശം നിലവിലുണ്ട്. നിലവിൽ സംസ്ഥാനത്ത് തിരുവനന്തപുരത്തുമാത്ര മാണ് സിവറേജ് ട്രീറ്റ്മെന്റ് പ്ളാന്റുള്ളത്. എറണാകുളം ജില്ലയിൽ ഒരു പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ളാന്റും സ്ഥാപിച്ചിട്ടുണ്ട്. വരുന്ന 3 വർഷത്തിനുള്ളിൽ മറ്റ് 12 ജില്ലകളിലും പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് യൂണിറ്റ് സ്ഥാപിക്കുവാൻ ജില്ലാ പഞ്ചായത്തുകളുടെ ഉത്തരവാദിത്വത്തിൽ സംയുക്ത പ്രോജക്ടുകൾ തയ്യാറാ ക്കണം. സംസ്ഥാന വിഹിതവും ലഭ്യമാക്കുവാൻ കഴിയും. ബ്ളോക്കു പഞ്ചായ ത്തുകൾ ബ്ളോക്ക് തലത്തിൽ ഈ സൗകര്യം 2 വർഷത്തിനകം സജ്ജീകരി ക്കണം. അതുപോലെ 50,000 ത്തിനുമേൽ ജനസംഖ്യയുള്ള എല്ലാ നഗരങ്ങളും 2 വർഷത്തിനകം സജ്ജീകരിക്കണം.

എറണാകുളം ബ്രഹ്മപുരത്ത് പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ളാന്റ് പ്രവർത്തിച്ചു വരുന്നുണ്ട്.

## 13. പൊതു നിർദ്ദേശങ്ങൾ - സംരംഭകത്വം

### 13.1. പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങൾ

1. ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സംരംഭകത്വ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതായിരിക്കും ഉചിതം. ഇതിലൂടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഈ മേഖലയിലെ നിക്ഷേപം കുറക്കുന്ന തിനും പ്രാദേശിക സാമ്പത്തിക വികസനത്തെ പ്രോത്സാഹിപ്പിക്കുന്നതിനും കഴി യും. മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങളിൽ സംരംഭങ്ങളുടെ ദൈനംദിന പ്രവർത്തനത്തിൽ ഇടപെടേണ്ടതില്ല മറിച്ച് ശക്തമായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നതായിരിക്കും ഉചിതം.
2. പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങൾ വ്യാപകമായി ഉല്പാദിപ്പിക്കുന്നതിനും, അജൈവ മാലിന്യങ്ങളുടെ മാനേജ്മെന്റിനും സംരംഭകരെ പ്രോത്സാഹിപ്പി

ക്കേണ്ടതും ഉല്പന്നങ്ങളുടെ വിപണനത്തിന് പ്രത്യേകം വിപണന ശൃംഖല ഏർപ്പെടുത്തേണ്ടതുമാണ്. ഇതിനുവേണ്ടി രൂപപ്പെടുത്തുന്ന കിയോസ്ക്കുകളിൽ ഉറവിട മാലിന്യ സംസ്ക്കരണത്തിനു വേണ്ട ഉപകരണങ്ങളും ഇനോക്കുലവും വിപണനം ചെയ്യാവുന്നതാണ്.

3. ജൈവ/അജൈവ മാലിന്യ സംസ്കരണത്തിന് മുൻതൂക്കം കൊടുത്തു കൊണ്ട് പരിസ്തിതി സൗഹൃദ ഉല്പന്നങ്ങളുടെ ഉല്പാദനം, വിപണനം, മാലിന്യ സംസ്കരണ ഉപാധികൾ, മാലിന്യ സംസ്കരണ രീതികൾ എന്നിവയിൽ നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പ്രവർത്തന മികവിന് അംഗീകാരം നൽകുന്നതിൽ പ്രത്യേകം വെയിറ്റേജ് നൽകി പരിഗണിക്കാവുന്നതാണ്.

**ഗ്രീൻ പ്രോട്ടോക്കോളും സംരംഭ സാധ്യതകളും**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായ് സഹകരിച്ച് ഗ്രീൻ പ്രോട്ടോക്കോൾ പ്രാബല്യത്തിലാക്കുവാൻ ശേഷിയുള്ള പ്രസ്ഥാനമാണ് കുടുംബശ്രീ. കുടുംബശ്രീ സംഘടനാ സംവിധാനം ഉപയോഗിച്ചുകൊണ്ട് മൈക്രോ എന്റർപ്രൈസസ് മാതൃകയിൽ ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൽ നടപ്പിലാക്കാവുന്നതാണ്. ആയത് കുടുംബശ്രീക്ക് ഏറ്റവും വരുമാനദായകവും, മാലിന്യ സംസ്കരണ മേഖലക്ക് മുതൽകൂട്ടുമാണ്.

ഗ്രീൻ പ്രോട്ടോക്കോളുമായി ബന്ധപ്പെട്ട് കുടുംബശ്രീക്ക് ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ ചുവടെ കൊടുക്കുന്നു.

- വിവാഹങ്ങൾക്കും, ഉത്സവങ്ങൾക്കും മറ്റ് പൊതുപരിപാടികൾക്കും ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾക്കും ഉപയോഗിക്കുന്നതിനായ് ആവശ്യമായി വരുന്ന കഴുകി ഉപയോഗിക്കാൻ കഴിയുന്ന പാത്രങ്ങളും, ഗ്ലാസ്സുകളും വാടകയ്ക്ക് നൽകുന്ന സംരംഭം ആരംഭിക്കാവുന്നതാണ്. പ്രവർത്തന മൂലധനം കുടുംബശ്രീയുടെ സ്വഭാവിക ഫണ്ടിൽ നിന്നോ ബാങ്ക് ലോൺവഴിയോ സംഘടിപ്പിക്കാവുന്നതാണ്.
- വിവാഹങ്ങളും, പൊതുപരിപാടികളും, പരിശീലനങ്ങൾ, സെമിനാറുകൾ, യോഗങ്ങൾ എന്നിവ ഇവന്റ്മാനേജ്മെന്റ് മാതൃകയിൽ ഏറ്റെടുത്ത് ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം നിശ്ചിത ഫീസ് ഈടാക്കി നടത്തിക്കൊടുക്കുന്ന സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്.
- ഹോട്ടലുകളിലേയും റസ്റ്റോറന്റുകളിലേയും 'ടേക്ക് എവെ' കൗണ്ടറുകൾ പ്ളാസ്റ്റിക് ക്യാരി ബാഗുകളും പ്ളാസ്റ്റിക് പേപ്പറുകളും, അലുമിനീയം ഫോയിൽ പേപ്പറും വീടുകളിലെത്തിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു.

  പ്രവർത്തന മികവുള്ള ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും 'ടേക്ക് എവെ' (പാർസൽ) കൗണ്ടറിൽ എത്തുന്ന ഉപഭോക്താക്കൾക്ക് കാസറോൾ, ടിഫിൻ കാരിയർ, ടിഫിൻ ബോക്സ്, സ്റ്റീൽ തൂക്കുപാത്രം മറ്റ് സ്റ്റീൽ പാത്രങ്ങൾ

എന്നിവ വാടകക്ക് നൽകുന്നതിനെപ്പറ്റി ആലോചിക്കാവുന്നതാണ്. ഡെപ്പോസിറ്റ് നൽകികൊണ്ടു പോകുന്ന പാത്രങ്ങൾ മടക്കി നൽകുമ്പോൾ ഡപ്പോസിറ്റ് തുക തിരികെ നൽകാവുന്നതാണ്. ഇത് ഗ്രീൻ പ്രോട്ടോക്കോളിന്റെ സന്ദേശം പ്രചരിപ്പിക്കുന്നതിനും ജീവിത ശൈലിയിൽ മാറ്റം വരുത്തുന്നതിനും സഹായിക്കും.

### 13.2. ഖരമാലിന്യം ഉപജീവനമാക്കിയ പാഴ് വസ്തുശേഖരിക്കുന്നവരുടെ തൊഴിൽ സുരക്ഷ

മാലിന്യമുക്ത കേരളമെന്ന് ലക്ഷ്യം കൈവരിക്കുന്നതിന് സഹായിക്കുന്ന മാലിന്യം ഉപജീവനത്തിനായി കൈകാര്യം ചെയ്യുന്ന ഒരു വിഭാഗം ജനങ്ങൾ നമ്മുടെ ഗ്രാമങ്ങളിലും നഗരങ്ങളിലും കാണാൻ കഴിയും. പൊതുനിരത്തുകളിൽ നിന്നും മാലിന്യകൂമ്പാരങ്ങളായ ഡംപ് സൈറ്റുകളിൽ നിന്നും അൽപം മൂല്യമുള്ള വസ്തുക്കൾ ശേഖരിക്കുന്നവർ പാഴ് വസ്തുക്കൾ ശേഖരിക്കുന്നവർ ഇവർ ശേഖരിക്കുന്ന മാലിന്യം സംഭരിക്കുകയും മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കി മാറ്റുന്നതിനു വേണ്ടി വ്യവസായശാലകൾക്കും മറ്റും കൈമാറുന്നവരാണ് സ്ക്രാപ്പ് ഡീലർമാർ ദരിദ്രരിൽ ദരിദ്രരും അഗതികൾക്ക് സമാനമായ ജീവിത സാഹചര്യങ്ങളുള്ളവരുമാണ് പാഴ്‌വസ്തുശേഖരിക്കുന്നവർ. ഇവരിൽ നല്ലൊരു ഭാഗം ഒരു പക്ഷെ അന്യസംസ്ഥാനക്കാരുമായിരിക്കും. എന്നാൽ സ്ക്രാപ് ഡീലർമാർ കുറേക്കൂടി മെച്ചപ്പെട്ട സാമ്പത്തിക സാമൂഹിക സാഹചര്യങ്ങളിൽ ജീവിക്കുന്നവരാണ്. സംസ്ഥാന ശുചിത്വമിഷൻ, ജില്ലാമിഷനുകൾ മുഖേന ഈ വിഭാഗം ആൾക്കാരുടെ വിവരങ്ങൾ ശേഖരിച്ചു വരുന്നുണ്ട്. ഇതിനകം സംസ്ഥാനത്ത് 2000 ത്തിൽ പാഴ്‌വസ്തുശേഖരിക്കുന്നവരേയും സ്ക്രാപ് ഡീലർമാരെയും കണ്ടെത്തി രജിസ്റ്റർ ചെയ്യിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ പാഴ്‌വസ്തുശേഖരിക്കുന്നവരേയും സ്ക്രാപ് ഡീലർമാരെയും കണ്ടെത്തി രജിസ്റ്റർ ചെയ്യിപ്പിച്ച് അവരുടെ സേവനം പൂർണ്ണമായും ശുചിത്വ-മാലിന്യസംസ്കരണ കാമ്പയിന് പ്രയോജനപ്പെടുത്തണം. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി ആരംഭിക്കുമ്പോൾ അവിടെ സംഭരിക്കപ്പെടുന്ന അജൈവമാലിന്യം തുടർവിപണന സൗകര്യം ഒരുക്കിയില്ലെങ്കിൽ മാലിന്യം കുന്നുകൂടുകയും പദ്ധതി പരാജയപ്പെടുകയും ചെയ്യും. അതുപോലെതന്നെ മാലിന്യനിർമ്മാർജ്ജനത്തിന് മികച്ച സേവനം നൽകുന്ന പാഴ്‌വസ്തുശേഖരിക്കുന്നവരുടെ കോമൺ ഇന്ററസ്റ്റ് ഗ്രൂപ്പുകൾ (CIG) രൂപീകരിക്കുകയും അവരെ സംരംഭക അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും മാലിന്യ സംസ്കരണ കാമ്പയിനിൽ പങ്കാളിയാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം.

## 14. ബ്ളോക്ക് പഞ്ചായത്തുകൾ/ ജില്ലാ പഞ്ചായത്തുകളുടെ ചുമതലകൾ

### 14.1. ബ്ളോക്ക് പഞ്ചായത്ത്

ശുചിത്വ മാലിന്യ സംസ്കരണ ക്യാമ്പയിനിൽ ബ്ളോക്ക് പഞ്ചായത്തുകൾക്ക് നിർണ്ണായകമായ പങ്ക് വഹിക്കാനുണ്ട്. ഒന്നിലധികം ഗ്രാമ പഞ്ചായത്തുകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള പരിപാടികൾ ബ്ളോക്ക് പഞ്ചായത്ത് ഗ്രാമ പഞ്ചായത്തുകളുമായി കൂടിയാലോചിച്ച് സംഘടിപ്പിക്കേണ്ടതാണ്. ഉദാഹരണമായി വിവര വിജ്ഞാന വ്യാപനത്തിന്റെ ഭാഗമായിട്ടുള്ള കലാജാഥ, ഫ്ളാഷ് , മോബ്, തെരുവു നാടകം, മാജിക് ഷോ എന്നിവയും മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി, സ്വാപ്പ് ഷോപ്പ്, റിപ്പയർ ഷോപ്പ്, ആധുനിക സ്മാശനം, ബ്ളോക്ക് പരിധിയിൽ വരുന്ന ചെറിയ ടൗൺ ഷിപ്പുകളിൽ വികേന്ദ്രീകൃത മലിന ജല പരിപാലനം, മത്സ്യ മാർക്കറ്റുകളിൽ എഫ്ളിവന്റ് ട്രീറ്റ്മെന്റ് പ്ളാന്റ്, കൈമാറ്റം ചെയ്യപ്പെട്ട ആശുപത്രികളിലെ ശുചിത്വ പ്രവർത്തനങ്ങൾ (6.8 ൽ പറയും പ്രകാരം) മുതലായ നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയും ബ്ളോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

സാധാരണ ഗതിയിൽ വീടുകളിൽ നിന്നും കച്ചവട സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ ഉയർന്ന മൂല്യമുള്ളതായിരിക്കും. ആയതിനാൽ അവ റീസൈക്ളിംഗ് യൂണിറ്റുകൾക്ക് കൈമാറ്റം ചെയ്യുന്നതിന് ബുദ്ധിമുട്ടുണ്ടാകില്ല. എന്നാൽ മൂല്യം കുറഞ്ഞ വസ്തുക്കൾ ഏറ്റെടുക്കുന്നതിന് റീസൈക്ളിംഗ് യൂണിറ്റുകൾ തയ്യാറാകണമെന്നില്ല. മൂല്യം കുറഞ്ഞവയാണെങ്കിലും വലിയ അളവിൽ സംഭരിക്കാനായാൽ കൈമാറ്റം എളുപ്പമാകും. ബ്ളോക്ക് പഞ്ചായത്തുകളിൽ ഇത്തരത്തിലുള്ള അജൈവ മാലിന്യങ്ങൾ സമീപ പഞ്ചായത്തുകളിൽ നിന്നും ശേഖരിച്ചു സംഭരിക്കാനായാൽ വേഗത്തിൽ കൈമാറാൻ കഴിയും. ഇതിലേക്കായി ബ്ളോക്ക് തലത്തിൽ ഒരു സൂപ്പർ എം.ആർ.എഫ് സ്ഥാപിക്കുന്നത് ഗുണകരമാകും.

മൂല്യ വർദ്ധനവിനുള്ള യൂണിറ്റുകൾ, ബ്ളോക്കു തലത്തിൽ പ്ളാസ്റ്റിക് ഗ്രാന്യൂളുകൾ ഉല്പാദന യൂണിറ്റ്, പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റുകൾ എന്നിവ ആരംഭിക്കാൻ ഏറെ സാധ്യതയുണ്ട്. സ്ഥലം ലഭിക്കുമെങ്കിൽ റീസൈക്ളിംഗ് പാർക്കും ബ്ളോക്ക് തലത്തിൽ ആരംഭിക്കാവുന്നതാണ്. ഗ്രാമ പഞ്ചായത്തുകളുമായി ചേർന്നുള്ള സംയുക്ത പ്രോജക്ടുകളും ഏറ്റെടുക്കാവുന്നതാണ്.

### 14.2. ജില്ലാ പഞ്ചായത്തുകൾ

i. റീസൈക്ളിംഗ് പാർക്ക് : അജൈവ മാലിന്യങ്ങളിൽ ഏറിയ പങ്കും പേപ്പർ, പ്ളാസ്റ്റിക്, ഗ്ളാസ്, മെറ്റൽ, ഇലക്ട്രോണിക് വേസ്റ്റ്, നിർമ്മാണ അവശിഷ്ടങ്ങൾ മുതലായവയാണ്. ഇവ ഭൂരിഭാഗവും പുന:ചംക്രമണത്തിനനുയോജ്യമാണ്. രാജ്യത്താകമാനം ഇത്തരം പുന:ചംക്രമണ വ്യവസായങ്ങൾ കാണാവുന്നതാണ്.

അത്തരം വ്യവസായങ്ങൾക്ക് പ്രത്യേക പരിഗണന കൊടുത്ത് കേരളത്തിലും ആരംഭിക്കേണ്ടതുണ്ട്. ഓരോ ജില്ലാ പഞ്ചായത്തിലും ആവശ്യമായ സ്ഥലം കണ്ടെത്തി റീ സൈക്ളിങ്ങ് പാർക്കുകൾ ആരംഭിക്കുന്നത് മാലിന്യ പരിപാലനത്തിന് സഹായകരമാകും.

ii. സാനിട്ടറി ലാന്റ് ഫിൽ : മാലിന്യ സംസ്കരണ മേഖലയിൽ എത്ര കാര്യക്ഷമമായി ഇടപെട്ടാലും ഒരു ചെറിയ ശതമാനം മാലിന്യ വസ്തുക്കൾ കമ്പോസ്റ്റ് ചെയ്യുന്നതിനോ പുന:ചംക്രമണം ചെയ്യുന്നതിനോ സാധിക്കുകയില്ല. ഇത്തരത്തിൽ പുറന്തളപ്പെടുന്നവ ആകെ ഖരമാലിന്യത്തിന്റെ 5% മാത്രമേ വരുകയുള്ളൂ. ഇവ സുരക്ഷിതമായി സംസ്കരിക്കുന്നതിന് ''സാനിട്ടറി ലാന്റ് ഫിൽ'' തന്നെയാണ് അനുയോജ്യം. ഓരോ ജില്ലയിലും ഇതിലേക്കായി 25 മുതൽ 100 ഏക്കർ വരെ ഭൂമി ലഭ്യമാക്കേണ്ടതുണ്ട്. ഉപേക്ഷിക്കപ്പെട്ട ക്വാറികൾ ഈ ആവശ്യത്തിനു വേണ്ടി പരിഗണിക്കാവുന്നതാണ്. പക്ഷെ സാധാരണ ഭൂ പ്രദേശത്ത് നടത്തുന്ന പ്രവർത്തനത്തേക്കാൾ രണ്ടിരട്ടിയെങ്കിലും അധിക ചെലവ് വരും. സാനിട്ടറി ലാന്റ് ഫിൽ ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്ന ഒരു മാലിന്യ സംസ്ക്കരണ പ്രവർത്തനമാണ്.

iii. സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളെല്ലാം തന്നെ വെളിയിട വിസർജ്ജന മുക്തമായി മാറിക്കഴിഞ്ഞിരിക്കുന്നു. നല്ലൊരു ശതമാനം നഗരസഭകളിലും പദ്ധതി വിജയകരമായി നടപ്പാക്കി കഴിഞ്ഞു. ഇരട്ടക്കുഴി കക്കൂസുകളും സെപ്റ്റിക് ടാങ്കുകളും ശാസ്ത്രീയമായി തന്നെ സ്ഥാപിച്ചിട്ടുണ്ടെങ്കിലും മനുഷ്യമലം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് വികേന്ദ്രീകൃത സെപ്റ്റേജ് മാനേജ്മെന്റ് സംവിധാനം അനിവാര്യമാണ്. ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഒരു സെപ്റ്റേജ് മാനേജ്മെന്റ് പ്ളാന്റ് പൈലറ്റടിസ്ഥാനത്തിൽ ആരംഭിക്കണം. ഇതിനായി 3-5 ഏക്കർ ഭൂമി കണ്ടെത്തണം.

ബ്ളോക്ക് /ജില്ല പഞ്ചായത്തുകൾ നേരിട്ടോ ഏതെങ്കിലും ഒന്നോ അതിലധികമോ പഞ്ചായത്തുകളുമായി കൂട്ടിച്ചേർന്നോ നടപ്പാക്കുന്ന പദ്ധതികളുടെ തുടർ പ്രവർത്തനം സംബന്ധിച്ച് വ്യക്തമായ ധാരണ ഉണ്ടായിരിക്കണം. ആവർത്തന ചെലവുകൾ അതത് പഞ്ചായത്തുകൾ വഹിക്കുകയോ സംരംഭമാതൃക സ്വീകരിക്കുകയോ വേണം.

## 15. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമങ്ങൾ

ശുചിത്വ മാലിന്യ സംസ്കരണ മേഖലയിൽ കേന്ദ്ര ഗവൺമെന്റിലെ പരിസ്ഥിതി വനം കാലാവസ്ഥാ വ്യതിയാനം മന്ത്രാലയം നോട്ടിഫിക്കേഷൻ മുഖേന താഴെ പറയുന്ന ചട്ടങ്ങൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

1. സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016
2. പ്ളാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016
3. ഇ-വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016

4. ഹസാർഡസ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016
5. ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016
6. കൺസ്ട്രക്ഷൻ ആന്റ് ഡിമോളിഷ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016

കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഈ ചട്ടങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപന പരിധിയിൽ നടപ്പാക്കുന്നതിന് ആവശ്യമായ ഉപ ചട്ടങ്ങൾ മൂന്നു മാസത്തിനകം ഗ്രാമ പഞ്ചായത്ത്, നഗരസഭ, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പുറപ്പെടുവിക്കണം. ഇതിനാവശ്യമായ കരട് ഉപ ചട്ടങ്ങൾ സംസ്ഥാന ശുചിത്വമിഷൻ ലഭ്യമാക്കും.

മുകളിൽ സൂചിപ്പിക്കപ്പെട്ട ചട്ടങ്ങളുടെ അടിസ്ഥാനത്തിലും സംസ്ഥാന പഞ്ചായത്ത് രാജ്/ നഗരപാലികാ നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിലുമുള്ള സുരക്ഷിത മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിനുള്ള നടപടികൾ, ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകൾ സ്വീകരിക്കണം. നിയമം ലംഘിച്ച് പൊതു സ്ഥലങ്ങൾ, പൊതു ജലാശയങ്ങൾ എന്നിവിടങ്ങളിൽ മാലിന്യം നിക്ഷേപിക്കുകയും അതിലൂടെ പാരിസ്ഥിതിക ആരോഗ്യ ആഘാതങ്ങൾ സൃഷ്ടിക്കുന്നതിന് കാരണക്കാരായവരെയും നിയമത്തിൻകീഴിൽ കൊണ്ടു വരുന്നതിനും ശിക്ഷാ നടപടികൾ ഉറപ്പാക്കുന്നതിനുമുള്ള സംവിധാനങ്ങളും ഉറപ്പാക്കണം.

ഓരോ വർഷവും ഗ്രാമ പഞ്ചായത്ത് , നഗരപ്രദേശങ്ങളിലെ ഖരദ്രവ മാലിന്യം ഉത്പാദകരായ ഹോട്ടലുകൾ, വ്യാപാരങ്ങൾ, വ്യവസായങ്ങൾ ആശുപത്രികൾ തുടങ്ങിയ സ്ഥാപനങ്ങൾ D&O ലൈസൻസ് (Dangerous and Offensive Trades and Factories Rules പ്രകാരം) നൽകുന്ന ഘട്ടത്തിലും അവ ഓരോ വർഷവും പുതുക്കുമ്പോഴും അതാത് സ്ഥാപനത്തിന്റെ ഉത്തരവാദിത്വത്തിൽ ആവശ്യാനുസരണം മാലിന്യ സംസ്കരണത്തിന് [ജൈവ, അജൈവ (പ്ലാസ്റ്റിക്, ഇലക്ട്രോണിക്സ്), ദ്രവ മാലിന്യം] സ്വന്തം നിലയിലോ, നിയമം അനുശാസിക്കുന്ന പ്രകാരം കൂട്ടായോ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പാക്കി സാക്ഷ്യപ്പെടുത്തണം. അതിനു ശേഷം മാത്രമേ ലൈസൻസ് നൽകാവൂ.

## 16. മോണിറ്ററിംഗും സോഷ്യൽ ഓഡിറ്റും

ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിനും വിവിധ ഘടകങ്ങൾ യഥാസമയം നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനും വിവിധ തലങ്ങളിൽ ശക്തമായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തും.

### 1. സംസ്ഥാന തലം - ഹരിതകേരള മിഷൻ

സംസ്ഥാന തലത്തിൽ ഹരിതകേരളം മിഷൻ ശുചിത്വ - മാലിന്യ സംസ്ക്കരണ കാമ്പയിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും വികസന മിഷനുകളുടെ എംപവേർഡ് കമ്മിറ്റിക്ക് റിപ്പോർട്ട് നൽകുകയും ചെയ്യുന്നതാണ്. ഹരിതകേരളം മിഷന് ആവശ്യമായ വിവരങ്ങൾ സംസ്ഥാന ശുചിത്വ മിഷൻ ലഭ്യമാക്കും.

**2. സംസ്ഥാന ശുചിത്വ മിഷൻ**

ശുചിത്വ- മാലിന്യ സംസ്ക്കരണ കാമ്പയിന്റെ വിവിധ പ്രവർത്തന ഘടകങ്ങൾ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും ഇതര ഘടകങ്ങളും വ്യക്തമായ ഭൗതീക സാമ്പത്തിക സൂചകങ്ങളുടെ അടിസ്ഥാനത്തിൽ പ്രതിമാസ പുരോഗതി സംസ്ഥാന ശുചിത്വ മിഷൻ അവലോകനം ചെയ്യുകയും വിലയിരുത്തുകയും ചെയ്യുന്നതാണ്. പ്രസ്തുത അവലോകനത്തിലൂടെ കത്തെുന്ന കുറവുകൾ പരിഹരിച്ച് മുന്നോട്ട് പോകുന്നതിനുള്ള നിർദ്ദേശങ്ങൾ ജില്ലാ ശുചിത്വ മിഷനുകൾക്ക് നൽകുന്നതും ജില്ലാ തല മിഷൻ/തദ്ദേശ സ്വയം ഭരണ സ്ഥാപന മിഷനുകൾ മുഖേന പദ്ധതി നിർവ്വഹണ ത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതുമാണ്. ഇതിലേക്കായി 15-ാം ഖണ്ഡികയിൽ കൊടുത്തിട്ടുള്ള സൂചകങ്ങൾ ഉപയോഗിക്കുന്നതാണ്.

**3. വകുപ്പു തലം**

1. **നഗരകാര്യ ഡയറക്ടറേറ്റ് :-** മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷ നുകളിൽ നടക്കുന്ന കാമ്പയിൻ, പ്രോജക്ട് തയ്യാറാക്കൽ, നിർവഹണ പ്രവർത്തനങ്ങൾ എന്നിവയുടെ പ്രതിമാസ പുരോഗതി അവലോകനം ചെയ്ത് വിലയിരുത്തുന്നതും കുറവുകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശം എല്ലാ റീജണൽ ജോയിന്റ് ഡയറക്ടർമാർക്കും നഗരസഭാ സെക്രട്ടറിമാർക്കും നൽകുന്നതായിരിക്കും. പ്രതിമാസ പുരോഗതി റിപ്പോർട്ട് ശുചിത്വ മിഷനും സർക്കാരിനും നൽകുന്നതുമായിരിക്കും.

2. **പഞ്ചായത്ത് ഡയറക്ടറേറ്റ് :-** ഗ്രാമ പഞ്ചായത്ത്, ജില്ലാ പഞ്ചായത്തുക ളിൽ നടക്കുന്ന കാമ്പയിൻ, പ്രോജക്ട് തയ്യാറാക്കൽ, നിർവഹണ പ്രവർത്തനങ്ങൾ എന്നിവയുടെ പ്രതിമാസ പുരോഗതി അവലോകനം ചെയ്ത് വിലയിരുത്തുന്നതും കുറവുകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശം എല്ലാ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർമാർക്കും നൽകുന്ന താണ്. ഡപ്യൂട്ടി ഡയറക്ടർമാർ മോണിട്ടർ ചെയ്ത് സമയബന്ധിതമായ പുരോഗതി ഉറപ്പാക്കാൻ നടപടിയെടുക്കും.

3. **ഗ്രാമ വികസന കമ്മീഷണർ;-** ബ്ളോക്ക് പഞ്ചായത്തിൽ നടക്കുന്ന കാമ്പ യിൻ, പ്രോജക്ട് തയ്യാറാക്കൽ, നിർവഹണ പ്രവർത്തനങ്ങൾ എന്നിവ യുടെ പ്രതിമാസ പുരോഗതി അവലോകനം ചെയ്ത് വിലയിരുത്തുന്നതും കുറവുകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശം എല്ലാ ജില്ലാ ദാരിദ്ര്യ ലഘൂ കരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർക്ക് നൽകുന്നതായിരിക്കും. ജില്ല യിലെ പ്രവർത്തനങ്ങളെ ടിയാൻ മോണിട്ടർ ചെയ്ത് സമയബന്ധിതമായ പുരോഗതി ഉറപ്പാക്കാൻ നടപടിയെടുക്കും.

4. ജില്ലാ തലം

നവകേരള പദ്ധതിയുടെ ഭാഗമായി ജില്ലാ തലത്തിൽ രൂപീകരിക്കുന്ന ജില്ലാതല മിഷൻ ജില്ലയിലെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും കാമ്പയിൻ കാര്യക്ഷമമാക്കുന്നതിനുവേണ്ട മാർഗ്ഗ നിർദ്ദേശം നൽകുകയും ചെയ്യുന്നതാണ്. ജില്ലാതല മിഷന്റെ നിരീക്ഷണ സംവിധാനം ഫലപ്രദമായി നടത്തുന്നതിന് ആവശ്യമായ വിവരങ്ങൾ ജില്ലാ ശുചിത്വ മിഷൻ ലഭ്യമാക്കാവുന്നതാണ്.

5. തദ്ദേശ സ്വയം ഭരണ സ്ഥാപന തലം

തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ ശുചിത്വ മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾക്കായി രൂപീകരിച്ചിട്ടുള സാങ്കേതിക സമിതി പദ്ധതി നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കും. വാർഡ് സാനിട്ടേഷൻ സമിതികളിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകളും ഉന്നയിക്കപ്പെടുന്ന പ്രശ്നങ്ങളും സമിതി ചർച്ച ചെയ്ത് തീരുമാനങ്ങളിലെത്തിച്ചേരും. മോണിട്ടറിംഗ് സമിതിക്കായി പ്രവർത്തിക്കുമ്പോൾ സമിതിയുടെ കൺവീനർ ഹെൽത്ത് ഓഫീസർ/ഹെൽത്ത് ഇൻസ്പെക്ടർ അഥവാ ഭരണ സമിതി തീരുമാനിക്കുന്ന ഉദ്യോഗസ്ഥനായരിക്കും. മോണിട്ടറിംഗ് സമിതി പ്രതിമാസം യോഗം ചേർന്ന് പദ്ധതി നിർവ്വഹണം വിലയിരുത്തും. പ്രതിമാസ റിപ്പോർട്ട് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് നൽകുന്നതായിരിക്കും.

6. വാർഡ് തലം

വാർഡ് തല സാനിട്ടേഷൻ സമിതി ആഴ്ചതോറും യോഗം ചേർന്ന് നടപ്പാക്കിയ പ്രവർത്തനങ്ങൾ വിലയിരുത്തും. പോരായ്മകൾ കണ്ടെത്തുകയാണെങ്കിൽ അത് തിരുത്തുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും സഹായം ആവശ്യമെങ്കിൽ തദ്ദേശ സ്വയം ഭരണ സ്ഥാപന മിഷനെ അറിയിക്കുന്നതാണ്. വാർഡ് തല സാനിട്ടേഷൻ സമിതി പ്രതിമാസ റിപ്പോർട്ട് തദ്ദേശ സ്വയം ഭരണ സ്ഥാപന മിഷന് നൽകുന്നതാണ്.

7. സമൂഹാധിഷ്ഠിത മോണിറ്ററിംഗും സോഷ്യൽ ഓഡിറ്റും

വർഷാന്ത്യത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപന മിഷൻ നടപ്പാക്കിയ ശുചിത്വ മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങളുടെ വാർഡ് തല റിപ്പോർട്ട് കുടുംബശ്രീ സംഘടനാ സംവിധാനം മുഖേന എല്ലാ അയൽക്കൂട്ടങ്ങളിലും അയൽ സഭകളിലും ഗ്രാമ സഭകളിലും ചർച്ചക്കായി ലഭ്യമാക്കും. ചർച്ചകളിലൂടെ ഉയർന്നു വരുന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും വാർഡ് സാനിട്ടേഷൻ സമിതി പരിഗണിക്കുകയും തുടർ വർഷങ്ങളിലെ പദ്ധതി നിർദ്ദേശങ്ങളിൽ ഉൾക്കൊള്ളിക്കുകയും ചെയ്യും.

സോഷ്യൽ ഓഡിറ്റിനായി സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചുള്ള സോഷ്യൽ ഓഡിറ്റിംഗ് നടപ്പാക്കും

**16. ക്യാമ്പയിൻ പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തിയെന്നു ഉറപ്പാക്കാനുള്ള സൂചകങ്ങൾ**

1. വാർഡ് തല സാനിട്ടേഷൻ സമിതികൾ പ്രവർത്തന ക്ഷമമമായെന്ന് ഉറപ്പാക്കൽ
2. എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും സാങ്കേതിക സമിതികൾ രൂപീകരിച്ചു വെന്നുറപ്പാക്കൽ
3. ഗൃഹ/സ്ഥാപന സന്ദർശനത്തിലൂടെ ഓരോ വീട്ടിലും സ്ഥാപനത്തിലും കച്ചവട സ്ഥാപനങ്ങളിലും ഉല്പാദിപ്പിക്കപ്പെടുന്ന ജൈവ/അജൈവ മാലിന്യങ്ങളുടെ അളവും സ്വഭാവവിശേഷവും കത്തെുകയും മാലിന്യ സംസ്ക്കരണ രീതി (ഗാർഹികതലത്തിലും പൊതു സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിയും) നിർണ്ണയിക്കുകയും ചെയ്തെന്ന് ഉറപ്പാക്കൽ
4. എത്ര ശതമാനം വീടുകൾ ഉറവിട മാലിന്യ സംസ്കരണത്തിന് തയ്യാറാക്കുന്നുവെന്ന് കണക്കാക്കൽ
5. എത്ര കച്ചവട സ്ഥാപനങ്ങൾ /മാർക്കറ്റുകൾ/ഗേറ്റഡ് കോളനികൾ/ഫ്ളാറ്റ് സമുച്ചയങ്ങൾ ഉറവിടമാലിന്യ സംസ്കരണത്തിന് തയ്യാറാണെന്ന് കണക്കാക്കൽ
6. എത്ര വീടുകളിൽ ജൈവ മാലിന്യം കൃഷി ആവശ്യങ്ങൾക്കും കോഴി വളർത്തലിനും മറ്റും ഉപയോഗിക്കുന്നുണ്ടെന്ന് കണ്ടെത്തൽ
7. എത്ര ശതമാനം ജൈവമാലിന്യം സംസ്ക്കരണത്തിനായി പൊതു സംവിധാനങ്ങളിലെത്തിച്ചേരുന്നുവെന്ന് കണ്ടെത്തൽ
8. പൊതു സ്ഥലങ്ങൾ/ സ്ഥാപനങ്ങൾ/ കച്ചവട സ്ഥാപനങ്ങൾ/മാർക്കറ്റുകൾ/അറവുശാലകൾ എന്നിവിടങ്ങളിലെ ജൈവമാലിന്യത്തിന്റെ എത്ര ശതമാനം സംസ്ക്കരിക്കപ്പെടുന്നുവെന്ന് കണ്ടെത്തൽ.
9. വീടുകൾ/ഗേറ്റഡ് കോളനികൾ/ഫ്ളാറ്റ് സമുച്ചയങ്ങൾ/കച്ചവടസ്ഥാപനങ്ങൾ/ മാർക്കറ്റുകൾ/പൊതു സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന ജൈവ മാലിന്യ സംസ്ക്കരണ രീതി (കിച്ചൻ ബിൻ, വളക്കുഴി) ബയോഗ്യാസ് പ്ളാന്റ് മുതലായവ കണ്ടെത്തൽ
10. എത്ര ശതമാനം വീടുകളിൽ അജൈവമാലിന്യ ശേഖരണം നടത്തുന്നു
11. അജൈവ മാലിന്യത്തിന്റെ സംഭരണത്തിനും കൈമാറ്റം ചെയ്യുന്നതിനുമായി എത്ര മെറ്റീരിയൽ റിക്കവറി ഫെസിലിറ്റികൾ വിവിധ ഘട്ടങ്ങളിൽ ആരംഭിച്ചുവെന്ന് ഉറപ്പാക്കൽ
12. അജൈവമാലിന്യത്തിന്റെ ഉല്പാദനത്തിനാനുപാതികമായി മെറ്റീരിയൽ റിക്കവറി ഫെസിലിറ്റിക്ക് സംഭരണ/സംസ്ക്കരണ ശേഷിയുണ്ടെന്ന് ഉറപ്പാക്കൽ
13. റീസൈക്ളിംഗിനായി കൈമാറ്റം ചെയ്ത അജൈവ മാലിന്യത്തിന്റെ അളവ്
14. അജൈവമാലിന്യത്തിന്റെ അളവ് കുറക്കുന്നതിനു വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ (ഉത്തരവുകൾ, നോട്ടിഫിക്കേഷൻ, റസലൂഷൻ, ഫോട്ടോഗ്രാഫുകൾ) പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങളുടെയും മാലിന്യ സംസ്കരണത്തിനാവശ്യമായ ഉല്പന്നങ്ങളുടെയും വിപണനത്തിനാവശ്യമായ കിയോസ്ക്കുകൾ എന്നിവ

15. സ്വാപ് ഷോപ്പുകളും റിപ്പയർ ഷോപ്പുകളും ആരംഭിക്കുകയും അവ ഫലപ്രദമായി നടക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പാക്കൽ. എത്ര മാത്രം ഉപയോഗയോഗ്യമായ പാഴ്‌വസ്തുക്കൾ റിപ്പയർ ചെയ്ത് സ്വാപ് ഷോപ്പുകളിലൂടെ ആവശ്യക്കാർക്ക് കൈമാറുകയുണ്ടായി എന്നുറപ്പാക്കൽ.
16. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നടന്നു വരുന്ന മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ സുസ്ഥിരത കൈവരിക്കുന്നതോടൊപ്പം ആവർത്തന ചെലവിൽ ഗണ്യമായി കുറവുണ്ടാകുന്നു എന്നുറപ്പുവരുത്തൽ.
17. പാഴ് വസ്തുക്കൾ ശേഖരിക്കുന്നവരേയും സ്ക്രാപ് ഡീലർമാരെയും മാലിന്യസംസ്ക്കരണ പരിപാടിയിൽ പങ്കെടുപ്പിക്കുകയും എം.ആർ.എഫുകൾ നടത്തുന്നതിന് അനുവദിക്കുകയും ചെയ്യുന്നുവെന്നുറപ്പാക്കൽ
18. മാലിന്യ സംസ്ക്കരണ മേഖലയിൽ പ്രവർത്തിക്കുന്നവർക്കാവശ്യമായ സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കൽ
19. മാലിന്യ സംസ്ക്കരണ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെയും ഇതര പ്രവർത്തകരുടേയും അഭിമാനവും അന്തസും ഉയർത്തുന്നതിനാവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കൽ
20. എല്ലാ വീടുകളിലും അവർക്ക് നൽകുന്ന സേവനത്തിൽ തൃപ്തരാണോ എന്നത് വിലയിരുത്തുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളുടെ വിലയിരുത്തൽ.
21. ജൈവ കൃഷിയും അടുക്കളത്തോട്ടവും പ്രോത്സാഹിപ്പിക്കുകയും അതിന് വേണ്ടി ജൈവമാലിന്യ സംസ്ക്കരണത്തിലൂടെ ലഭിക്കുന്ന ജൈവ വളം ഉപയാഗപ്പെടുത്തും.
22. തദ്ദേശ സ്വയം ഭരണ സ്ഥാപന പരിധിയിലെ ജല സ്രോതസുകളുടെ ശുചിത്വ സ്ഥിതി വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കൽ.
23. തദ്ദേശ സ്വയം ഭരണ സ്ഥാപന പരിധിയിലെ റോഡുകളുടേയും ഓട, കനാൽ, പുഴകൾ പൊതു സ്ഥലങ്ങളുടേയും ജനവാസ കേന്ദ്രങ്ങൾ കട കമ്പോളങ്ങൾ എന്നിവിടങ്ങളിലേയും വൃത്തിയും പരിസ്ഥിതി സൗഹൃദ അന്തരീക്ഷവും വിലയിരുത്തും. ചെറുതും വലുതുമായ മാലിന്യ കൂനകൾ ഇല്ലായെന്നുറപ്പാക്കൽ.
24. തദ്ദേശ സ്വയം ഭരണ സ്ഥാപന പരിധിയിൽ മാലിന്യം കത്തിക്കുന്നതിന്റെ തോത് (എത്ര ശതമാനം) കുറയ്ക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വിലയിരുത്തും
25. വ്യക്തികൾക്കും കച്ചവട സ്ഥാപനങ്ങൾക്കുമെതിരെ എത്രമാത്രം നിയമ നടപടികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനം സ്വീകരിച്ചിട്ടുണ്ടെന്നത് വിലയിരുത്തും
26. വിവര വിജ്ഞാന വ്യാപന പരിപാടികളുടെ ഭാഗമായ നടത്തുന്ന പ്രോഗ്രാമുകൾ സമൂഹത്തിൽ സൃഷ്ടിക്കുന്ന സ്വാധീനം വിലയിരുത്തും.
27. ഉത്തരവാദപ്പെട്ട പൗരന്മാരുടെ പങ്കാളിത്തത്തോടെ ശുചിത്വ- മാലിന്യ സംസ്ക്കരണ കാമ്പയിൻ ഉറപ്പാക്കിയിട്ടുള്ള ഗുണഫലങ്ങൾ വിലയിരുത്തും.

28. തദ്ദേശ സ്വയം ഭരണ സ്ഥാപന പരിധിയിലെ സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളിലേയും സ്കൂളുകളിലേയും ശുചിത്വവും മാലിന്യ സംസ്ക്കരണ രീതിയും വിലയിരുത്തും
29. തദ്ദേശ സ്വയം ഭരണ സ്ഥാപന പരിധിയിലെ പൊതു ശൗചാലയങ്ങളുടെ ലഭ്യതയും ഉള്ളവയുടെ വൃത്തിയും പ്രവർത്തന രീതിയും വിലയിരുത്തും.

## 18. ഹെൽപ്പ് ഡെസ്കുകൾ

ജൈവമാലിന്യങ്ങളുടെ ഉറവിട സംസ്കരണത്തിനും അജൈവ മാലിന്യത്തിന്റെ ശേഖരണം സംഭരണം കൈയ്യൊഴിയൽ എന്നിവ സംബന്ധിച്ചും പൊതു ജനങ്ങൾക്കുണ്ടാകുന്ന സംശയങ്ങളും പരാതികളും തീർപ്പാക്കുന്നതിന് സഹായകരമായ രീതിയിൽ ഹെൽപ്പ് ഡെസ്കുകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിലും, ജില്ലാ തലത്തിലും (ജില്ലാ ശുചിത്വ മിഷൻ) സംസ്ഥാന തലത്തിൽ സംസ്ഥാന ശുചിത്വ മിഷൻ പ്രവർത്തിക്കുന്നതാണ്. ഹെൽപ്പ് ഡെസ്കുകളിൽ ബന്ധപ്പെടേണ്ട ഫോൺ നമ്പറുകൾ എല്ലാ വാർഡ് സാനിട്ടേഷൻ സമിതികളിലും ലഭ്യമാക്കും.

## 19. പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ അംഗീകാരം

ഹരിത കേരള മിഷന്റെ അവിഭാജ്യ ഘടകമായ ശുചിത്വ-മാലിന്യ സംസ്കരണ കാമ്പയിന്റെ സൂക്ഷ്മ തല നിർവ്വഹണം ഗ്രാമ - ബ്ളോക്ക് പഞ്ചായത്തുകളിലും നഗരസഭകളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും നിക്ഷിപ്തമാണ്. ഈ സർക്കുലറിൽ പ്രതിപാദിച്ചിട്ടുള്ള വിവിധ ഘടകങ്ങളുടെ നിർവ്വഹണം തദ്ദേശ സ്വയം ഭരണ സ്ഥാപന വാർഡുതലം മുതൽ വിലയിരുത്തുകയും ഏറ്റവും മികച്ച പ്രവർത്തനം സംഘടിപ്പിക്കുകയും നൂതന പ്രോജക്ടുകൾ ആവിഷ്കരിക്കുകയും ചെയ്യുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക അവാർഡ് ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു. കാമ്പയിന്റെ വിജയകരമായ നടത്തിപ്പിന് സഹായിക്കുന്ന സന്നദ്ധ പ്രവർത്തകർ, റെസിഡൻസ് വെൽഫയർ അസോസിയേഷനുകൾ, ഫ്ളാറ്റ് സമുച്ചയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഹോട്ടലുകൾ, റിസോർട്ടുകൾ, ആശുപത്രികൾ എന്നിവയും പ്രത്യേകമായി വിലയിരുത്തുകയും ഓരോ വിഭാഗത്തിനും പ്രത്യേകം അവാർഡുകൾ ഏർപ്പെടുത്തുകയും ചെയ്യുന്നതാണ്.